# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ – "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

ഗ്രീസിലെ ഒരു പ്രധാന നഗരമായിരുന്നു കൊരിന്ത്. ലോകവ്യാപകമായ വ്യാപാരത്തിനു പ്രസിദ്ധി ആർജ്ജിച്ച ഒരു പട്ടണം. അതുപോലെതന്നെ ധാർമ്മികവും സാന്മാർഗ്ഗികവും മതപരവും ആയി അധഃപതിച്ച ഒരു നഗരമായിരുന്നു ഇത്. രണ്ടു തുറമുഖങ്ങൾ ഈ പട്ടണത്തിൽ ഉണ്ടായിരുന്നു. കൂടാതെ ഈ പട്ടണം ക്ഷേത്രങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. പ്രേമദേവതയായ വീനസിന്റെ ക്ഷേത്രം ആരാധകരെ ആകർഷിച്ചിരുന്നു. അവിടെ ആയിരം ദേവദാസികൾ ഉണ്ടായിരുന്നു എന്നും അവരുമായി ആരാധകർ അനാശാസ്യബന്ധം പുലർത്തിയിരുന്നു എന്നും അഭിപ്രായപ്പെടുന്നു. സാന്മാർഗ്ഗിക നിയന്ത്രണം ഉപേക്ഷിച്ച് സുഖാസക്തിയിൽ മുഴുകി പണം ധൂർത്തടിക്കുവാൻ ആഗ്രഹിക്കുന്നവർ കൊരിന്തിൽ വന്നിരുന്നു. വ്യഭിചാരത്തിന്റേയും അസാന്മാർഗ്ഗികതയുടേയും പട്ടണമായി കൊരിന്ത് പ്രാചീന ലോകത്തിൽ കുപ്രസിദ്ധി നേടിയിരുന്നു. അങ്ങനെയുള്ള പട്ടണത്തിലേക്കാണ് അപ്പൊസ്തലനായ പൗലൊസ് സുവിശേഷവുമായി കടന്നുചെന്നത്. സുവിശേഷം പാപികൾക്കുള്ള രക്ഷണ്യദൂതാകുന്നു.

ലേഖന കർത്താവു പൗലൊസാണെന്ന് സാർവ്വത്രികമായി അംഗീകരിക്ക പ്പെടുന്നു. തന്റെ രണ്ടാം മിഷ്യനറിയാത്രയിലാണ് കൊരിന്തിലെ സഭ ഉണ്ടായത്. തികച്ചും വിരുദ്ധമായ സാഹചര്യങ്ങളിലും സുവിശേഷത്തിനു പ്രവർത്തിക്കാൻ കഴിയും എന്ന് ഇത് വ്യക്തമാക്കുന്നു (പ്രവൃ. 18:1-16). പൗലൊസിനു ലഭിച്ച മക്കെദോന്യ വിളിയെക്കുറിച്ചു പ്രവൃ. 16:9-ൽ കാണാവുന്നതാണ്. തൽഫലമായി ഫിലിപ്പ്യയിൽ വരികയും അവിടെ ഒരു സഭ ഉണ്ടാകയും ചെയ്തു. അവിടെനിന്നും തെസ്സലൊനീക്കയിലും ബെരോവയിലും അഥേനയിലും വരികയും സഭകൾ സ്ഥാപിതമാകുകയും ചെയ്തു. തുടർന്ന് കൊരിന്തിൽ എത്തി. ഇവിടെ ഒക്കെയും പൗലൊസിന് എതിർപ്പും പീഡനവും സഹിക്കേണ്ടതായി വന്നിരുന്നു. കൊരിന്തിൽ അക്വിലാസിനോടും പ്രിസ്ക്കില്ലയോടും കൂടെ താമസിച്ചുകൊണ്ടു ക്രിസ്തുവിനെ യെഹൂദന്മാരുടെ പള്ളിയിൽ ശബ്ബത്തുതോറും പ്രസംഗിച്ചിരുന്നു. അന്നു പൗലൊസ് കൂടാര പ്പണി ചെയ്തിരുന്നു. സുവിശേഷം കേട്ടതിന്റെ ഫലമായി പള്ളിപ്രമാണിയായ ക്രിസ്പൊസും കുടുംബവും രക്ഷിക്കപ്പെട്ടു. തൽഫലമായി തനിക്ക് എതിർപ്പുകൾ നേരിടേണ്ടിവന്നു. എന്നാൽ രാത്രിയിൽ കർത്താവു ദർശനത്തിൽ വെളിപ്പെട്ടു പൗലൊസിനെ ധൈര്യപ്പെടുത്തി. അങ്ങനെ പതിനെട്ട് മാസക്കാലം അവിടെ പാർത്ത് ഒരു സഭ ഉണ്ടാകുവാൻ സംഗതിയായി. പൗലൊസ് അവിടെനിന്നും പോയതിനുശേഷം എഫെസൊസിൽനിന്നും അപ്പൊല്ലോസ് വരികയും കൊരിന്തുസഭയിൽ ശുശ്രൂഷിക്കയും ചെയ്തു (പ്രവൃ. 18:24-28).

## ലേഖന ലക്ഷ്യം

പൗലൊസു തന്റെ മൂന്നാം മിഷ്യനറിയാത്രയിൽ എഫെസൊസിൽ എത്തുകയും വചനം അഭ്യസിപ്പിക്കയും ചെയ്തു. ആ കാലത്തു ക്ലോവയുടെ ഭവനത്തിലെ ആളുകൾ മുഖാന്തരം സഭയിലെ പ്രശ്നങ്ങളെക്കുറിച്ച് അറിയുവാൻ കഴിഞ്ഞു (1:11). കൂടാതെ കൊരിന്തു സഭ അയച്ച നിവേദക സംഘം പൗലൊസിനെ സമീപിക്കയും ഈ പ്രശ്നങ്ങളെപ്പറ്റി പൗലൊസിന്റെ അഭിപ്രായം ആരായുകയും ചെയ്തു (16:17). അങ്ങനെ പ്രശ്നപരിഹാരാർ ത്ഥം എഴുതിയ ലേഖനമാണ് ഇത്. എ.ഡി. 51,52 വർഷങ്ങളിൽ സ്ഥാപിതമായ സഭയായിരുന്നു ഇത്. എങ്കിലും വലിയ കാലതാമസം വരാതെ പ്രശ്നങ്ങൾ സഭയിൽ ഉളവായി. അത് ഓർത്തു ഹൃദയഭാരത്തോടുകൂടെ എഴുതിയ ഒരു ലേഖനമാണ് ഇത്. ഏകദേശം എ.ഡി. 55ൽ പൗലൊസിന്റെ മൂന്നാം മിഷ്യനറിയാത്രയുടെ മദ്ധ്യേ എഫെസൊസിൽ കഴിച്ച മൂന്നു വർഷത്തെ ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ ഈ ലേഖനം എഴുതി എന്നു കരുതാം.

## കൊരിന്തു സഭയിലെ പ്രശ്നങ്ങൾ

1. നേതാക്കന്മാരെ അനുകരിക്കുന്ന പ്രവണത. 1:12.
2. ബുദ്ധിപരമായ അഹങ്കാരം. 2:6.
3. ജഡികത്വം. 3:1.
4. അഹംഭാവം. 4:18.
5. ദുർന്നടപ്പ് അനുവദിക്കുന്നു. 5:1.
6. വിശ്വാസികൾ വ്യവഹാരത്തിൽ ഏർപ്പെടുന്നു. 6:1.
7. വിവാഹത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ. 7:1.
8. വിവാഹമോചനം. 7.
9. ക്രിസ്തീയ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ. 8:9.
10. സുവിശേഷ വേലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. 9:12.

11. കർത്തൃമേശയുടെ പരിപാവനത. 10:16.
12. സഭാകൂടിവരവുകളിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ. 11.
13. ആത്മീയ വരങ്ങൾ ഉപയോഗിക്കേണ്ട വിധം. 12-14.
14. പുനരുത്ഥാനത്തെക്കുറിച്ചുള്ള അജ്ഞത. 15.
15. സഭയിലെ ദ്രവ്യശേഖരം. 16.

## അദ്ധ്യായം 1

### മുഖവുര (1:1-9)

അപ്പൊസ്തലനായ പൗലൊസ് ആശീർവാദ വചനത്തോടുകൂടെ ഈ ലേഖനം ആരംഭിക്കുന്നു. 'നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.' ദൈവകൃപ ലഭിച്ചവർക്കു മാത്രമേ സമാധാനം അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. കൃപ അർഹിക്കാത്ത ആനുകൂല്യമാകുന്നു. അതു ദൈവത്തിൽ നിന്നും ക്രിസ്തുവിൽനിന്നും വരുന്നു. തന്റെ രക്ഷയും അപ്പൊസ്തലിക പദവിയും ദൈവേഷ്ടത്താലായിരുന്നു എന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു. അപ്പൊസ്തലന്മാർ ക്രിസ്തുവിന്റെ സന്ദേശവാഹകരായി അയയ്ക്ക പ്പെട്ടവർ ആകുന്നു. സോസ്തെനേസു എഫെസൊസിലുള്ള ഒരു കൂട്ടു സഹോദരൻ ആയിരുന്നു (പ്രവൃ. 18:17). ദൈവമക്കൾ ദൈവത്താൽ വിളിക്കപ്പെട്ടവരും അവന്റെ സാക്ഷികൾ ആകുവാൻ പദവി ലഭിച്ചവരും ആണ്.

ഈ ലേഖനം കൊരിന്തു സഭയ്ക്കുള്ളതാണ്. സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹം ആകുന്നു. സഭയെ സാർവ്വത്രിക സഭ, പ്രാദേശിക സഭ എന്നിങ്ങനെ വേർതിരിക്കാം. രക്ഷിക്കപ്പെട്ട എല്ലാവരും ഉൾക്കൊണ്ടതാണ് സാർവ്വത്രിക സഭ. കൊരിന്തു സഭ ഒരു പ്രാദേശിക സഭയായിരുന്നു. സഭ ദൈവത്തിന്റെ വകയാണ്. രക്ഷിക്കപ്പെട്ടവരും ദൈവത്താൽ വേർതിരിക്കപ്പെട്ടവരും അഥവാ വിശുദ്ധീകരിക്കപ്പെട്ടവരുമാണ് സഭയുടെ അംഗങ്ങൾ. വിശുദ്ധന്മാർ പാപരഹിതരാണെന്ന് അർത്ഥമില്ല. അവർ ക്രിസ്തുവിനോടു സജീവബന്ധം ഉള്ളവരാകുന്നു. അവർ ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരാണ്. അവന്റെ ദൈവത്വത്തെ അംഗീകരിക്കുന്നവരും ഏറ്റുപറയുന്നവരും, അവനു കീഴ്പ്പെടുന്നവരും, അവനെ ആരാധിക്കുന്നവരും, അവനോടു പ്രാർത്ഥിക്കുന്നവരും എന്നു സാരം. സഭയ്ക്ക് ആരേയും വിശുദ്ധരാക്കുവാൻ കഴികയില്ല. പരിശുദ്ധാത്മാവു രക്ഷിക്കപ്പെടുന്നവരിൽ ചെയ്യുന്ന പ്രക്രിയയാണ് വിശുദ്ധീ കരണം. അതു ക്രിസ്തുവിലുള്ള സ്ഥാനവും അവൻ മുഖാന്തരം ലഭ്യമാകുന്ന അനുഭവവും ആണ്.

അപ്പൊസ്തലൻ കൊരിന്തു സഭയെ പ്രശംസിക്കുന്നതായി കാണുന്നു. അവർ ദൈവകൃപ ലഭിച്ചവരാണ്. വചന പരിജ്ഞാനം ലഭിച്ചവരും, കൃപാവരങ്ങൾ ഉള്ളവരും ആണ്. കർത്താവിന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നവരാണ്. കർത്താവ് അവരിൽ പ്രവർത്തിക്കുന്നു. അവരെ കുറ്റമില്ലാത്ത വരായി ഉറപ്പിക്കേണ്ടതിനാണ് അത്. ദൈവമക്കൾ പിതാവായ ദൈവത്താൽ ക്രിസ്തുവിനോടുള്ള കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവർ ആണ്. ഇവ ഒക്കെ യും ചെയ്ത ദൈവം വിശ്വസ്തനാകുന്നു. കൊരിന്തുസഭയിൽ പല പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ദൈവകൃപ അവരിൽ ഉളവാക്കുന്ന അനുഗ്രഹ ങ്ങൾ ഓർത്തു പൗലൊസു ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ദൈവമക്കൾ എന്നും അനുകരിക്കുവാൻ ആവശ്യമുള്ള ഒന്നാണ് ഇത്.

നമ്മുടെ ദൈവം വിശ്വസ്തനാകുന്നു. അവൻ നമ്മെ ക്രിസ്തുവിനോടു ബന്ധമുള്ളവർ ആക്കി. കൂടാതെ രക്ഷിക്കപ്പെട്ടവർ അന്യോന്യം കൂട്ടായ്മ ഉള്ളവരും ആയിരിക്കുന്നു.

**ദൈവം -**

1. നമ്മെ പൂർണ്ണമായി രക്ഷിക്കുവാൻ വിശ്വസ്തനാകുന്നു. 1 തെസ്സ. 5:23,24; 2 തെസ്സ. 3:3.
2. പരീക്ഷകളിൽ സഹായിക്കുവാൻ വിശ്വസ്തൻ. 1 കൊരി. 10:13.
3. ശത്രുവിൽനിന്നും വിടുവിക്കുവാൻ. സങ്കീ. 89:20-24.
4. ഏറ്റുപറയുന്ന പാപങ്ങൾ ക്ഷമിക്കുവാൻ. 1 യോഹ. 1:9.
5. പ്രാർത്ഥന കേൾക്കുവാൻ വിശ്വസ്തൻ. സങ്കീ. 143:1.
6. ശോധന ചെയ്തു നേർവഴിയിൽ നടത്തുവാൻ. സങ്കീ. 119:75.

സ്വന്ത ജീവൻ തന്നു വീണ്ടെടുത്ത കർത്താവു തന്റെ ജനത്തെ അന്ത്യത്തോളം നടത്തുവാൻ മതിയായവനും മനസ്സുള്ളവനുമാണ്. ഈ കർത്താവിനെ സ്നേഹിക്കയും സേവിക്കയും സാക്ഷിക്കയും ചെയ്യുവാൻ നമുക്ക് ഇടയാകട്ടെ.

### ഭിന്നതയ്ക്കെതിരായ പ്രബോധനം (1:10-4:21)

കൊരിന്തു സഭയിലെ ഒന്നാമത്തെ പ്രശ്നം കക്ഷിവഴക്കായിരുന്നു. ദൈവമക്കൾ ഏകമനസ്സും ഏകാഭിപ്രായവും ഉള്ളവരാകേണ്ടതാണ്. അവർ ദൈവകുടുംബത്തിന്റെ അംഗങ്ങൾ ആകുന്നു. എന്നാൽ അവരുടെ ഇടയിൽ അഭിപ്രായഭിന്നത ഉണ്ടാകാവുന്നതാണ്. സ്വാർത്ഥതാല്പര്യങ്ങളും ദൈവവചനസത്യങ്ങൾ ശരിയായി ഗ്രഹിക്കാത്തതും മൂലമാണ് ഭിന്നതകൾ ഉളവാകുന്നത്. കൊരിന്തു സഭയ്ക്ക് അന്ന് എഴുതപ്പെട്ട ലേഖനങ്ങൾ ഉണ്ടായിരുന്നില്ല. അവർ ദൈവദാസന്മാരിൽനിന്നും വചനം പഠിച്ചിരുന്നു. തൽഫലമായി പല പക്ഷ ക്കാരായി തീർന്നു. ഇവർ ഒരേ ക്രിസ്തുവിനെക്കുറിച്ചായിരുന്നു പ്രസംഗിച്ചിരുന്നതെങ്കിലും അവരുടെ വ്യക്തിത്വങ്ങളിലുള്ള വ്യത്യാസം വിഭാ

ഗിക ചിന്തയ്ക്കു കാരണമായി.

കൊരിന്തിലെ ഭിന്നത വേദശാസ്ത്രസംബന്ധമായതല്ലായിരുന്നു. അവർക്ക് അപ്പൊസ്തലൻ കർത്താവായ യേശുവിന്റെ നാമത്തിൽ ഐക്യത്തിനുള്ള ആഹ്വാനം നൽകുന്നു. കൊരിന്തിൽനിന്നും എഫെസൊസിൽ വന്നിരുന്ന ക്ലോവ എന്ന സഹോദരിയുടെ ആളുകളിൽനിന്നാണ് പൗലൊസിനു ഭിന്നതകളെക്കുറിച്ച് അറിയുവാൻ കഴിഞ്ഞത്. ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹവും ബഹുമാനവും അപ്പൊസ്തലന്റെ പ്രബോധനം അനുസരിക്കുവാൻ കൊരിന്ത്യരെ നിർബന്ധിക്കണം എന്നു പൗലൊസ് ആഗ്രഹിച്ചു. ഇന്നും ഭിന്നതകൾ പരിഹരിക്കുവാനുള്ള മാർഗ്ഗം അതായിരിക്കണം. സഭയുടെ ആത്മിക വർദ്ധനവിനും, ഫലകരമായ സാക്ഷ്യജീവിതത്തിനും ദൈവജനത്തിന്റെ ഐക്യം ഒഴിച്ചുകൂടാത്തതാകുന്നു.

കൊരിന്തിൽ നാലു പക്ഷക്കാർ ഉണ്ടായിരുന്നു. അവിടെ സഭ സ്ഥാപിച്ചതു പൗലൊസ് ആയിരുന്നു. അങ്ങനെ പൗലൊസിന്റെ അനുഭാവികൾ പൗലൊസിന്റെ പക്ഷക്കാരായി. പൗലൊസിനുശേഷം പ്രവർത്തിച്ച ആളാണ് അപ്പൊല്ലോസ്. പ്രസംഗകലയിലും ഗ്രീക്കു തത്വജ്ഞാനത്തിലും വൈഭവമുള്ള മികവുറ്റ പഴയനിയമ പണ്ഡിതനായിരുന്നു താൻ. ചിലർ അപ്പൊല്ലോസിന്റെ ആളത്വത്തിന് അടിമകളായി. മറ്റൊരു കൂട്ടർ കേഫാവിന്റെ അഥവാ പത്രൊസിന്റെ പക്ഷക്കാരായിരുന്നു. നാലാമത്തെ കൂട്ടർ ക്രിസ്തുവിന്റെ പക്ഷക്കാർ എന്ന് അഭിമാനിച്ചു. ഇവർ പ്രസംഗിച്ച ഉപദേശങ്ങളിൽ വ്യത്യാസം ഒന്നുമില്ല എന്നു ഗ്രഹിക്കുവാൻ കൊരിന്ത്യർ പരാജയപ്പെട്ടു.

പൗലൊസ് ഒരു പാർട്ടിയേയും അനുകൂലിച്ചില്ല. തെറ്റു തെറ്റായി കാണുവാൻ തനിക്കു കഴിഞ്ഞിരുന്നു. ക്രമക്കേടുകൾ നിർഭയം ചൂണ്ടിക്കാണിച്ചു. ക്ഷമയോടുകൂടെ ശാസിച്ചു. ന്യായന്യായീകരണം സത്യം പ്രസ്താവിച്ചു. ഇന്നും ആവശ്യമായിരിക്കുന്നത് അതാണ്. അതിനു പൗലൊസിനെപ്പോലെയുള്ളവരെ ദൈവസഭയ്ക്കു കർത്താവു നൽകുവാൻ നമുക്കു പ്രാർത്ഥിക്കാം.

കക്ഷിവഴക്കു തെറ്റാകുന്നു എന്നു വ്യക്തമാക്കുവാൻ പൗലൊസു ചില സത്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നു:

1. ക്രിസ്തുവാണ് അവരുടെ പാപങ്ങൾക്കായി ക്രൂശിക്കപ്പെട്ടത്.
2. ക്രിസ്തുവിന്റെ നാമത്തിലാണ് അവർ സ്നാനം ഏറ്റത്. സ്നാനം ത്രിയേക ദൈവത്തിന്റെ നാമത്തിലാണ് നടത്തുന്നതെങ്കിലും വീണ്ടെടുപ്പുവേല സാധിപ്പിച്ചതു ക്രിസ്തുവാണ്.
3. സ്നാനം കഴിപ്പിക്കുക തന്റെ പതിവല്ല എന്ന് അപ്പൊസ്തലൻ ചൂണ്ടിക്കാണിച്ചു. ആർ സ്നാനപ്പെടുത്തുന്നു എന്നതിനല്ല പ്രാധാന്യം; ആരു ടെ നാമത്തിൽ സ്നാനപ്പെടുത്തുന്നു എന്നതിനാണ്. പൗലൊസിനു ലഭിച്ച ദൈവനിയോഗം സുവിശേഷം പ്രസംഗിക്കുവാനുള്ളതായിരുന്നു (കൊലൊ. 1:24,25).
4. പ്രസംഗം തൊഴിലാക്കിയിരുന്ന തത്വജ്ഞാനികളെപ്പോലെ വാക്ചാതുര്യ ത്തോടെ പ്രസംഗിച്ചില്ല. ദൈവിക വെളിപ്പാടായിരുന്നു തന്റെ പ്രസംഗവിഷയം. സുവിശേഷത്തിലെ കേന്ദ്രവിഷയം ക്രിസ്തുവിന്റെ ക്രൂശാകുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തു മാത്രമാണ് രക്ഷിതാവ്. സുവിശേഷം ദൈവശക്തിയാകുന്നു (റോമർ 1:16). തത്വജ്ഞാനവും വാക്ചാതുര്യവും കലർത്തി ക്രൂശിന്റെ സന്ദേശം വ്യർത്ഥമാക്കരുതെന്ന് അപ്പൊസ്തലൻ കൊരിന്ത്യരെ ഉദ്ബോധിപ്പിക്കുന്നു.

## മനുഷ്യന്റെ ജ്ഞാനം രക്ഷിക്കയില്ല (1:18–2:5)

കൊരിന്തിലുള്ള വിശ്വാസികൾ ഗ്രീക്കു തത്വജ്ഞാനത്തിൽ പ്രശംസിക്കുന്നവർ ആയിരുന്നു. അവരുടെ ഇടയിലെ ഭിന്നതയ്ക്കുള്ള ഒരു കാരണം അതായിരുന്നു. സുവിശേഷം ക്രൂശിന്റെ വചനം ആകുന്നു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽക്കൂടി ദൈവവുമായുള്ള നിരപ്പിന്റെ ദൂതാകുന്നു അത്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കുന്നതു മൂലമേ പാപികൾക്കു ദൈവത്തോടു സമാധാനമുള്ളവർ ആകുവാൻ കഴിയൂ (2 കൊരി. 5:19). എല്ലാവരേയും രക്ഷിക്കുവാൻ മതിയായ ശുശ്രൂഷയാണ് ക്രിസ്തു നിർവ്വഹിച്ചത്. ആരും നശിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നില്ല; തന്റെ ദയയിൽ എല്ലാവരും വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ അവസരങ്ങൾ ഇന്നും നൽകുന്നു. എന്നാൽ ക്രൂശുമരണം മൂലമുള്ള രക്ഷയെന്ന ആശയം പലർ ക്കും ഭോഷത്തമായി തോന്നുന്നതിനാൽ അവർ രക്ഷിക്കപ്പെടുന്നില്ല. മനുഷ്യന്റെ ജ്ഞാനത്താൽ അതു ഗ്രഹിക്കാവുന്നതല്ല. ദൈവത്തിനു മാത്രമേ പാപികളായ നമ്മെ രക്ഷിക്കുവാൻ കഴിയൂ. സുവിശേഷം ദൈവശക്തിയാകുന്നു (റോമർ 1:16). മനുഷ്യന്റെ ജ്ഞാനം മൗഢ്യമാണെന്നു ക്രിസ്തു പല അവസരങ്ങളിലും തെളിയിച്ചിട്ടുണ്ട് (മത്താ. 21:23–27; 22:15–22; യോഹ. 8:1–11). മനുഷ്യന്റേയും മതത്തിന്റേയും കണ്ടുപിടുത്തങ്ങൾ ആരെയും രക്ഷി ക്കയില്ല. മനുഷ്യൻ പാപിയാണ്. പാപരഹിതനു മാത്രമേ പാപിയെ രക്ഷിക്കു വാൻ കഴിയൂ. രക്ഷ ദൈവത്തിന്റ ദാനം ആകുന്നു. രക്ഷ ദൈവഹൃദയത്തിൽ ആരംഭിച്ചതും ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ സാദ്ധ്യമാക്കിയതും വിശ്വസിക്കുന്നവരിൽ പരിശുദ്ധാത്മാവു യാഥാർത്ഥ്യമാക്കുന്നതുമായ അനുഭവമാണ്. രക്ഷയ്ക്കു ഭൂതവർത്തമാന ഭാവികാല ബന്ധവും ഉണ്ട്. രക്ഷിക്കപ്പെട്ടവർ പാപത്തിന്റെ ശിക്ഷയിൽനിന്നും മോചിതരും നീതീകരിക്കപ്പെട്ടവരും ആണ് (റോമർ 3:24). അവർ പാപത്തിന്റെ ശക്തിയിൽനിന്നും മോചിതരായിക്കൊണ്ടിരിക്കുന്നു. മൂന്നാമതായി ക്രിസ്തുവിന്റെ വരവിൽ നാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും മോചിതരാകും. നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം എന്നീ ഘടകങ്ങൾ വീണ്ടെടുപ്പിനുണ്ട്. തത്വജ്ഞാനികളും യെഹൂദമതപണ്ഡിതരും തർക്കശാസ്ത്ര വിദഗ്ദ്ധരും ആത്മിക അജ്ഞതയിൽ കഴിയുന്നു. അവർക്കു സുവിശേഷം ഭോഷത്തമാണ്. യെഹൂദർ അടയാളം അന്വേഷിക്കുന്നു; യവനർ യുക്തിപരമായി ഗ്രഹിച്ചു തൃപ്തിപ്പെടുവാൻ ശ്രമിക്കുന്നു. അവർ ദൈവത്തിൽനിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല. എന്നാൽ സാധാര

ണക്കാരായ കൊരിന്ത്യർക്കു സുവിശേഷം ദൈവശക്തിയായി രൂപാ ന്തരപ്പെട്ടു. മനുഷ്യർ ഒരിക്കലും പ്രശംസിക്കാതിരിക്കേണ്ടതിനാണ് ദൈവം ബലഹീനവും ഭോഷത്തവുമായ കാര്യങ്ങളെ തന്റെ മഹത്വത്തിനായി ഉപയോഗിച്ചത്. പെസഹാകുഞ്ഞാടിന്റെ രക്തം, പിച്ചള സർപ്പം, ദാവീദിന്റെ കവിണ, ഗിദെയോന്റെ കുടവും പന്തവും, രൂത്ത് ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്നത് തുടങ്ങിയ ചരിത്രസംഭവങ്ങൾ ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ ജ്ഞാനത്തേക്കാൾ ശ്രേഷ്ഠമാകുന്നു എന്നുള്ളതിന്റെ തെളിവാകുന്നു. നാം സ്വയം പ്രശംസിക്കുന്നവർ ആകരുത്. ദൈവം മാത്രം സർവ്വപ്രശംസയ്ക്കും മഹത്വത്തിനും യോഗ്യൻ ആകുന്നു.

രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിൽ ആയിത്തീർന്നവരാണ്. അവൻ നമുക്കു ജ്ഞാനവും നീതിയും വീണ്ടെടുപ്പും ശുദ്ധീകരണവും ആയിരിക്കുന്നു. ക്രിസ്തുവിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു. അവനെ കൈക്കൊള്ളുന്നവർക്കു മാത്രമേ നീതീകരണം അഥവാ ദൈവമുമ്പാകെ കുറ്റമില്ലാത്തവരായി ഗണിക്കപ്പെടു വാൻ പദവി ലഭിക്കയുള്ളൂ. ശുദ്ധീകരണം പാപത്തിന്റെ ശക്തിയിൽനിന്നുമുള്ള വിടുതലാണ്. വീണ്ടെടുപ്പു ക്രിസ്തുമൂലമുള്ള രക്ഷയുടെ മൊത്തത്തിലുള്ള ആശയമാണെന്നു നാം മുമ്പു കണ്ടിരുന്നല്ലോ. അതുകൊണ്ടു പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ (യിരെ. 9:23,24; 2 കൊരി. 10:17). നാം ക്രിസ്തുവിൽ സന്തോഷവും സംതൃപ്തിയും ഉള്ളവരാകുമ്പോൾ മാത്രമേ അവനിൽ പ്രശംസിക്കുന്നവരാകുവാൻ കഴിയൂ. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 2

പൗലൊസ് അസാമാന്യ പണ്ഡിതനായിരുന്നു. എന്നാൽ താൻ കൊരിന്തിൽ ലളിതമായ പ്രതിപാദന ശൈലിയിലൂടെ ക്രിസ്തുവിനെ പ്രസംഗിച്ചു. ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കുവാനായിരുന്നു അത്. അറിവ് ആരെയും രക്ഷിക്കയില്ല. പരിശുദ്ധാത്മാവാണ് നമ്മെ രക്ഷയ്ക്കു പ്രാപ്തരാക്കുന്നത്. അഥേനയിൽ പൗലൊസു ചെയ്ത തത്വജ്ഞാനപരമായ പ്രസംഗം വേണ്ടത്ര ഫലിച്ചില്ലെന്നു തനിക്കു ബോധ്യമുണ്ടായിരുന്നു. സുവിശേഷഘോഷണം ഹൃദയങ്ങളെ കോൾമയിർ കൊള്ളിക്കുന്ന സരസമായ വാക്ധോരണിയല്ല. പ്രത്യുത ദൈവം മനുഷ്യന്റെ രക്ഷയ്ക്കു ക്രിസ്തുവിൽ ക്കൂടി ചെയ്തിരിക്കുന്ന മഹൽ പ്രവൃത്തിക്കു സാക്ഷികൾ ആകുന്നതാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തുവാണ് ഏകരക്ഷകൻ എന്നു ലോകത്തെ അറിയിക്കു ന്നതാണ് അത്. സ്വന്തയോഗ്യതകളോ വാചാലതയോ പൗലൊസ് അതിന് ഉപയോഗിച്ചില്ല. ജ്ഞാനത്തിന്റെ വശീകരണ വാക്കുകൾ ആരെയും രക്ഷിക്കയില്ല. ക്രിസ്തുവിനെ പരിശുദ്ധാത്മശക്തിയിൽ പ്രസംഗിക്കുമ്പോൾ ഹൃദയ ങ്ങളിൽ രൂപാന്തരം സംഭവിക്കും.

ലോകത്തിന്റെ ജ്ഞാനം നശിച്ചുപോകുന്നതാണ്. ക്രിസ്തുവിൽക്കൂടിയുള്ള രക്ഷയിൽ ദൈവം തന്റെ ജ്ഞാനം വെളിപ്പെടുത്തി. ഇത് അനാദിയായി സൂക്ഷിച്ചിരുന്ന ദൈവിക പദ്ധതിയായിരുന്നു. അത് അവിശ്വാസികൾക്കു മറഞ്ഞിരിക്കുന്നു. തത്വജ്ഞാനത്തിലും കുലീനതയിലും പ്രശംസിച്ചിരുന്നവർ ആത്മീയ അജ്ഞരായതുകൊണ്ടാണ് അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിച്ചത് എന്ന് പൗലൊസു വ്യക്തമാക്കുന്നു. ലോകത്തിന്റെ ജ്ഞാനം മൂലം ഇന്നു ക്രിസ്തുവിനെ ഗ്രഹിക്കുവാൻ കഴിയുന്നതല്ല. എന്നാൽ വിശ്വസിക്കുന്നവർക്ക് ആ ദിവ്യജ്ഞാനം ലഭിക്കുന്നു. ഈ ജ്ഞാനം നൽകുന്നതു പരിശുദ്ധാത്മാവാകുന്നു. ദൈവത്തിന്റെ ജ്ഞാനം അഗാധമാകയാൽ അവന്റെ ആലോചനയും കരുതലും ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്. രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ്. അതുകൊണ്ട് ആത്മികന്മാർക്ക് ആത്മിക സത്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുന്നു.

മനുഷ്യവർഗ്ഗത്തെ രണ്ടായി തിരിക്കാം- പ്രാകൃത മനുഷ്യരും ആത്മിക മനുഷ്യരും. പ്രാകൃത മനുഷ്യൻ ആത്മാവില്ലാത്തവനും ആത്മിക വിഷയ ങ്ങൾ വിവേചിക്കുവാൻ അപ്രാപ്തനുമാണ്. ദൈവിക വെളിപ്പാടുകൾ വിവേചിച്ചു മനസ്സിലാക്കുവാൻ ആത്മിക മനുഷ്യനു മാത്രമേ കഴിയൂ. അവൻ ദൈവത്തോടു മാത്രം കടപ്പെട്ടവനും അവിശ്വാസികളുടെ അഭിപ്രായങ്ങൾക്ക് അതീത നുമാണ്. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ ആത്മാവുള്ളവരാകുന്നു. ക്രിസ്തുവിന്റെ ദൈവത്വത്തെ അതു വ്യക്തമാക്കുന്നു. പ്രിയ സ്നേഹിതാ, താങ്കൾ ക്രിസ്തുവിനെ പരിജ്ഞാനത്തിൽ ഗ്രഹിച്ചിട്ടുണ്ടോ? ഇന്നുതന്നെ അവനിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുക.

## അദ്ധ്യായം 3

### ജഡികർ ആത്മികമായി വളരുന്നില്ല (3:1-4)

കൊരിന്തിലുള്ള വിശ്വാസികൾ രക്ഷിക്കപ്പെട്ടവർ ആയിരുന്നു. എന്നാൽ അവർ ആത്മീയ ശിശുക്കളായി കഴിഞ്ഞു. ആത്മീയ പരിജ്ഞാനം ലഭിക്കാത്തവർ സഭയിൽ ഭിന്നതയും പ്രയാസങ്ങളും സൃഷ്ടിക്കുന്നവർ ആകും. കൊരിന്തിലെ പ്രശ്നങ്ങളുടെ കാരണം ജഡികത്വം ആയിരുന്നു. ആത്മികമായി വളരാത്തവരുടെ ബലഹീനതകൾ എബ്രായർ 5:12-14ൽ വ്യക്തമാക്കിയിരിക്കുന്നു. കൊരിന്തിലെ വിശ്വാസികൾ വളരാതിരുന്നതിനാൽ പൗലൊസിന് ആഴമേറിയ സത്യങ്ങൾ ഉപദേശിക്കുവാൻ കഴിഞ്ഞില്ല. വർഷങ്ങൾ പലതു കഴിഞ്ഞെങ്കിലും ഇന്നും അവർ ആത്മീയ ശൈശവാവസ്ഥയിൽ കഴിയുന്നു. തൽഫലമായി ഈർഷ്യയും പിണക്കവും കക്ഷിവഴക്കും അവരുടെ ഇടയിൽ ഉണ്ട് എന്ന് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. ജഡികന്മാർ ലോകമനുഷ്യരെപ്പോലെ ജീവിക്കുന്നവരും ജഡത്താൽ നിയന്ത്രിക്കപ്പെടുന്നവരും ആണ്. പ്രാകൃത മനുഷ്യൻ രക്ഷിക്കപ്പെട്ടവനല്ല. അവന് ആത്മീയ വിഷയങ്ങൾ

ഭോഷത്തമാണ്. ഇന്നു സഭകളിൽ ഉണ്ടാകുന്ന ഭിന്നതയ്ക്കുള്ള മുഖ്യകാരണം സഭകൾ ജഡികന്മാരാൽ നിറഞ്ഞിരിക്കുന്നു എന്നുള്ളതാണ്.

### ശുശ്രൂഷകന്മാർ കർത്താവിന്റെ ദാസന്മാർ (3:5-17)

കൊരിന്തിലെ ഭിന്നതയുടെ കാരണം അപ്പൊസ്തലന്മാരുടെ പദവിയെക്കുറിച്ചുള്ള അജ്ഞത ആയിരുന്നു. സഭ കർത്താവിന്റേതാണ്. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു സഭയ്ക്കു ശുശ്രൂഷകന്മാരെ നൽകി (എഫെ. 4:10-13). സഭയെ ദൈവത്തിന്റെ കൃഷിയോടും മന്ദിരത്തോടും ഉപമിച്ചിരിക്കുന്നു. ശുശ്രൂഷകന്മാർ കർത്താവിന്റെ ദാസന്മാരാണ്. സേവനമാണ് അവരുടെ ജീവിതലക്ഷ്യം. കൂട്ടുപ്രവർത്തകരാണ്. ദൈവകരങ്ങളിൽ പ്രയോജനപ്പെടുന്ന ഉപകരണങ്ങളാണ്. ഒരു ശുശ്രൂഷയും വിലകുറഞ്ഞതല്ല. ചിലർ നടുന്നു, മറ്റു ചിലർ നനയ്ക്കുന്നു. വളരുമാറാക്കുന്നത് കർത്താവാണ്. കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല (യോഹ. 15). കർത്താവിനോടുള്ള സ്നേഹം അവനെ സേവിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു (2 കൊരി. 5:14).

സഭയുടെ അടിസ്ഥാനം ക്രിസ്തു അത്രെ (മത്താ. 16:18; എഫെ. 2:20; 1 പത്രൊ. 2:6). ക്രിസ്തുവിനെ പ്രസംഗിക്കുവാനും അവന്റെ ഉപദേശങ്ങൾ പഠിപ്പിക്കുവാനും പദവി ലഭിച്ചവരായിരുന്നു അപ്പൊസ്തലന്മാർ. അവരാരും സഭയുടെ അടിസ്ഥാനം അല്ല. അവർ ഇട്ട അടിസ്ഥാനം ക്രിസ്തുവാണ് (3:11). ആ അടിസ്ഥാനത്തിന്മേൽ പണിയുന്നവരാണ് ദൈവമക്കൾ. ശുശ്രൂഷകന്മാർ ദൈവത്താൽ നിയോഗിതരും വിശ്വാസികളെ വേലയ്ക്കു പ്രാപ്തർ ആക്കുവാൻ ഉത്തരവാദിത്വം ഉള്ളവരുമാണ് (എഫെ. 4:11,12). അവരുടെ ശുശ്രൂഷയുടെ ലക്ഷ്യം ആത്മാക്കളുടെ രക്ഷയും സഭയുടെ വളർച്ചയും ആയിരിക്കണം (2 കൊരി. 10:8). ദൈവവചനസത്യങ്ങൾ അറിയു വാനും അനുസരിക്കുവാനും ആഘോഷിക്കുവാനും വിശ്വാസികൾക്ക് ഉത്തരവാദിത്വം ഉണ്ട് (മത്താ. 7:24-27; റോമർ 10:17). തൽഫലമായി അവർ സമാധാനത്തിനും, അന്യോന്യം ആത്മിക വർദ്ധനയ്ക്കും കാരണമായിത്തീരും (റോമർ 14:19).

ദൈവമക്കളുടെ ശുശ്രൂഷകൾ ദൈവഹിത പ്രകാരമുള്ളതായിരിക്കണം. ക്രിസ്തുവിനെക്കൂടാതെ സഭയുടെ പണി നടക്കയില്ല. നമ്മുടെ വേലയുടെ ലക്ഷ്യം ദൈവമഹത്വം ആയിരിക്കണം. സ്വന്ത പുകഴ്ചയ്ക്കു ചെയ്യുന്ന വേലകളെ മരം, പുല്ല്, വൈക്കോൽ എന്നിവയോട് ഉപമിച്ചിരിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിക്കും മഹത്വത്തിനും ചേരാത്ത വസ്തുക്കൾ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ വെന്തുപോകും. കർത്താവു വിലയിരുത്തുന്നത് നമ്മുടെ വേലയുടെ വലിപ്പമല്ല, അതിന്റെ ലക്ഷ്യം ആണ്. നമ്മുടെ ശുശ്രൂഷകൾ വചനാനുസരണവും ക്രിസ്തുവിനു മഹത്വം നൽകുന്നതും ജീവിത വിശുദ്ധി പ്രതിഫലിപ്പിക്കുന്നതുമായ വിശ്വസ്ത സേവനം ആയിരിക്കണം. അതിനെ പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവയോട് ഉപമിച്ചിരിക്കുന്നു. ദുരുപദേശംകൊണ്ടും ജഡികത്വം മൂലവും സഭയിൽ ഛിദ്രത ഉണ്ടാക്കുന്നവർ ശിക്ഷിക്കപ്പെടും. വിശ്വസ്ത സേവനത്തിന് പ്രതിഫലം ലഭിക്കും. രക്ഷ ദൈവത്തിന്റെ ദാനം ആകയാൽ അതു നഷ്ടപ്പെടുകയില്ല. എന്നാൽ ഒഴിഞ്ഞ കൈകളോടുകൂടെ ദൈവസന്നിധിയിൽ നിൽക്കുന്നത് എത്രയോ ദുഃഖകരം (ഉല്പ. 49:1-7).

### ദൈവമക്കൾ അഹംഭാവമുള്ളവരാകരുത് (3:18-23)

ലോകത്തിന്റെ ജ്ഞാനത്തിൽ പ്രശംസിക്കുന്നവർ ലജ്ജിതർ ആകും. അത് ആരെയും രക്ഷിക്കുകയില്ല. അതാണ് കൊരിന്തിലെ ഭിന്നതയ്ക്കു കാരണ മായത്. ക്രൂശിന്റെ വചനം സ്വീകരിക്കുന്നവരെ ലോകം ഭോഷന്മാരായി കരുതും. എന്നാൽ അതു വിശ്വസിക്കുന്നവർക്കു രക്ഷയ്ക്കായിട്ടുള്ള ദൈവശക്തിയായി അനുഭവപ്പെടും. ലോകജ്ഞാനം ഭോഷത്തമായി ദൈവം തെളിയിച്ചിരിക്കുന്നു (ഇയ്യോബ് 5:13; സങ്കീ. 94:11). അതുകൊണ്ടു നാം ദൈവത്തിൽ പ്രശംസിക്കണം. സകലവും ദൈവത്തിന്റെ ദാനം ആകുന്നു. അപ്പൊസ്തലന്മാരും അതിൽ ഉൾപ്പെടും. ദാനത്തിൽ പ്രശംസിക്കാതെ ദാതാവിൽ പ്രശംസിക്കണം. അപ്പോൾ ഭിന്നതകളും കക്ഷിവഴക്കും ഒഴിവാക്കുവാൻ കഴിയുന്നതാണ്. ദൈവജനമേ, നമുക്ക് ഒരു സ്വയപരിശോധന ചെയ്യാം. നമ്മുടെ ജീവിതം കർത്താവിന്റെ മഹത്വത്തിനും ദൈവജനത്തിന്റെ അനുഗ്രഹത്തിനു മായി തീരുവാൻ ഇടയാകട്ടെ.

## അദ്ധ്യായം 4

### ശുശ്രൂഷകന്മാർ വിശ്വസ്തരായിരിക്കണം (4:1-7)

ശുശ്രൂഷകന്മാർ കർത്താവിന്റെ ദാസന്മാരാകുന്നു. സഭ ദൈവത്തിന്റെ മന്ദിരവും (3:16). ദാസന്മാർ യജമാനനോടു കണക്കുബോധിപ്പിക്കേണ്ടവർ ആണ്. അവർ ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ ആകുന്നു. ഭവനത്തിന്റെ ഭരണച്ചുമതല ഏൽപ്പിക്കപ്പെട്ട ദാസനാണ് ഗൃഹവിചാരകൻ. അവർ ക്കു സുവിശേഷ സത്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. അതു വിശ്വസ്തതയോടു ശുശ്രൂഷിക്കുവാൻ അവർ കടപ്പെട്ടവരാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ അവരുടെ വിശ്വസ്ത സേവനത്തിനു പ്രതിഫലം ലഭിക്കും. നാം മറ്റുള്ളവരോട് എങ്ങനെ ഏർപ്പെടുന്നു (എബ്രാ. 6:10; മത്താ. 10:41,42); കർത്താവ് നൽകിയ കഴിവുകൾ, പണം, സമയം എന്നിവ എങ്ങനെ ഉപയോഗിക്കുന്നു; കർത്താവിന്റെ സാക്ഷികൾ ആകയും അവനുവേണ്ടി കഷ്ടം സഹിക്കുവാൻ മനസ്സും ഉള്ളവരാണോ; ദൈവവചനത്തോടു വിശ്വസ്തത പുലർത്തുന്നുണ്ടോ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രതിഫലം ലഭിക്കുന്നത്. നാം മനുഷ്യരെ പ്രസാദിപ്പിക്കുന്നവർ ആകരുത്. മനുഷ്യരുടെ അഭിപ്രായത്തെ ഭയപ്പെടേണ്ട ആവശ്യം അവർക്കില്ല. നാം സഹോദരന്മാരെ വിധിക്കുന്നവർ ആകരുത്. വിധികർത്താവു കർത്താവാണ്. നാം തന്നെത്താൻ ശോധന

ചെയ്യുന്നവർ ആകണം. മനസ്സാക്ഷി കുറ്റംവിധിക്കാത്തതുകൊണ്ടു നാം നിരപരാധികൾ ആകുന്നില്ല. എല്ലാ രഹസ്യങ്ങളും അറിയുന്ന കർത്താവു നീതിയോടെ വിധിക്കും.

### അപ്പൊസ്തലന്മാർ ക്രിസ്തുവിന്റെ ദാസന്മാർ ആകുന്നു (4:8-13)

കർത്തൃദാസന്മാർ ആരാധനാപുരുഷന്മാരല്ല. അവർ കർത്താവിന്റെ കല്പന അനുസരിക്കുന്ന ദാസന്മാർ മാത്രമാണ്. അവരുടെ പേരിൽ കക്ഷിഭിന്നത ഉണ്ടാകുന്നതു തെറ്റാണ്. പ്രശംസിക്കുവാൻ മനുഷ്യനിൽ ഒന്നുമില്ല. കർത്താവിനെ സ്വന്ത കഴിവുകൾകൊണ്ടു പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ലഭിച്ചതല്ലാതെ സ്വന്തമായി നമുക്ക് ഒന്നുമില്ല. അതുകൊണ്ടു മറ്റുള്ളവരെ തരംതാഴ്ത്തുവാൻ ഇടയാകരുത്. നാം ആയിരിക്കുന്നതു കൃപയാലാകുന്നു. ഈ ബോധം പൗലൊസിനുണ്ടായിരുന്നു. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും പിതാവിൽനിന്നും ഇറങ്ങിവരുന്നു (യാക്കോ. 1:17). പിന്നെ എന്തിനു നാം വ്യക്തികളിലും കഴിവുകളിലും പ്രശംസിക്കുന്നവർ ആകണം? ക്രിസ്തു നമ്മുടെ പ്രശംസാവിഷയം ആകുവാൻ ദൈവം സഹായിക്കട്ടെ.

കൊരിന്ത്യർ അവരുടെ കൃപാവരങ്ങളിൽ പ്രശംസിച്ചിരുന്നു. അവർ സഹസ്രാബ്ദവാഴ്ചയിൽ പ്രവേശിച്ചിരുന്നു എന്നു ചിന്തിക്കുന്നവരായിരുന്നു. അവർക്കു പൗലൊസു തന്റെ യാതനകളുടെ നീണ്ട പട്ടിക അവതരിപ്പിക്കുന്നു. 'ഞങ്ങൾ സകലർക്കും കൂത്തുകാഴ്ചയായി തീർന്നിരിക്കുന്നു.' ക്രിസ്തു നിമിത്തം ഭോഷന്മാർ എന്നു വിളിക്കപ്പെടുന്നു. മാനഹീനർ, വിശപ്പും ദാഹവും സഹിക്കുന്നവർ, സ്ഥിരവാസമില്ലാത്തവർ, സ്വന്തകൈയാൽ വേല ചെയ്യുന്നവർ, ലോകദൃഷ്ടിയിൽ ചവറായി ഗണിക്കപ്പെടുന്നവർ എന്നിങ്ങനെയുള്ള അനുഭവങ്ങൾ ക്രിസ്തു നിമിത്തം സഹിക്കുന്നവരായിരുന്നു അപ്പൊസ്തലന്മാർ. ഇന്നും സ്വന്ത കഴിവുകളിൽ പ്രശംസിക്കുന്നവർക്ക് ഇത് ഒരു വെല്ലുവിളിയാകുന്നു.

### ഒരു പിതാവിന്റെ സ്നേഹമസൃണമായ ആഹ്വാനം (4:14-21)

കൊരിന്ത്യരെ രക്ഷയിലേക്കു നയിച്ചതു പൗലൊസായിരുന്നു. അതുകൊണ്ട് അവരുടെ ആത്മിക പിതൃത്വം താൻ അവകാശപ്പെടുന്നു. അവരോടു പ്രിയമക്കളോട് എന്നവണ്ണം ബുദ്ധി ഉപദേശം അറിയിക്കുന്നു. അവരെ ലജ്ജിപ്പിക്കുകയല്ല തന്റെ ഉദ്ദേശം. കൊരിന്ത്യരുടെ ആത്മിക വളർച്ചയ്ക്ക് ആവശ്യമായ ഉപദേശങ്ങളാണ് പൗലൊസു നൽകിയത്. അക്കാലത്തു ഗുരുക്ക ന്മാർ കുഞ്ഞുങ്ങളെ സ്കൂളിൽ കൊണ്ടുപോകയും ധാർമ്മിക ഉപദേശങ്ങൾ നൽകി സൽസ്വഭാവികളാകുവാൻ പരിശീലിപ്പിക്കയും ചെയ്ത അടിമദാസന്മാർ ആയിരുന്നു. എന്നാൽ കുഞ്ഞുങ്ങൾക്ക് ഒരു പിതാവേ ഉണ്ടായിരുന്നുള്ളൂ. പൗലൊസിന്റെ സ്ഥാനം അതായിരുന്നു. ശിശുപാലകന്റെ സ്ഥാനം താണതായിരുന്നു. പൗലൊസിന്റെ മാതൃക അനുകരിക്കുവാൻ കൊരിന്ത്യരെ ആഹ്വാനം ചെയ്യുന്നു. തന്റെ ജീവിതം എത്രമാത്രം മാതൃകാപരമായിരുന്നു എന്ന് ആലോചിക്കുക. ദൈവമക്കളുടെ ഉപദേശവും ജീവിതവും പൊരുത്തമുള്ളതായിരിക്കണം. അവരോടുള്ള പിതൃസ്നേഹം തിമൊഥെയൊസിനെ കൊരിന്തിലേക്ക് അയക്കുവാൻ പൗലൊസിനെ നിർബന്ധിച്ചു. അവൻ ഉപദേശത്തിലും ജീവിതത്തിലും വിശ്വസ്തനായിരുന്നു. പൗലൊസിന്റെ ഉപദേശങ്ങൾ എല്ലായിടത്തും ഒരുപോലെ ഉള്ളതായിരുന്നു. അവൻ ദൈവവചനത്തോടു വിശ്വസ്തത പുലർത്തിയിരുന്നു. മനുഷ്യഭയം ലേശം തന്നിൽ തീണ്ടിയിരുന്നില്ല. തിമൊഥെയൊസിനെ അയച്ചതുകൊണ്ടു പൗലൊസു കൊരിന്തിൽ ചെല്ലുകയില്ല എന്ന് എതിരാളികൾ പ്രചരണം നടത്തിയിരുന്നു. അവർ പൗലൊസിന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്തിരുന്നു. ആത്മിക അഹങ്കാരം ഉള്ളവരായിരുന്നു അവർ. അവരെ അഭിമുഖീകരിക്കുവാൻ തനിക്കു ഭയമുണ്ടായിരുന്നില്ല. അവരോടു ഭിന്നതകൾ ജനിപ്പിക്കുന്ന ജ്ഞാനത്തിന്റെ വാക്കുകൾ കൂടാതെ ആത്മാവിന്റെ ശക്തിയിൽ ശുശ്രൂഷിക്കുവാൻ പൗലൊസു തയ്യാറായിരുന്നു. കർത്താവിന്റെ സമയത്തിനായി താൻ കാത്തിരുന്നു എന്നു മാത്രം. ഒരു പിതാവിന്റെ സ്നേഹത്തോടുകൂടെയോ അതോ ഒരു ഗുരുവിന്റെ ശിക്ഷണമനോഭാവത്തോടുകൂടെയോ എങ്ങനെ താൻ വരണം എന്നുള്ള ചോദ്യത്തോടുകൂടെ ഈ അദ്ധ്യായം അവസാനിക്കുന്നു. ദൈവദാസന്മാർക്കുണ്ടായിരിക്കേണ്ട സ്നേഹം, സൗമ്യത, വിശ്വസ്തത, ധൈര്യം എന്നീ ഗുണവിശേഷങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഒരു അദ്ധ്യായമാണ് ഇത്. നമുക്കും അപ്പൊസ്തലന്റെ നല്ല മാതൃക അനുകരിക്കാം.

## അദ്ധ്യായം 5

### ദുർന്നടപ്പിനെതിരെയുള്ള താക്കീത് (5:1-5)

കൊരിന്തിലെ സഭ വിഗ്രഹാരാധനയിലും അസാന്മാർഗ്ഗിക ജീവിത പരിചയങ്ങളിലുംനിന്ന് രക്ഷിക്കപ്പെട്ടവരുടെ സമൂഹമായിരുന്നു. അവരുടെ മദ്ധ്യത്തിലുള്ള ദുർന്നടപ്പിനെതിരെ നടപടിയെടുക്കുവാൻ അവർ പരാജയപ്പെട്ടു. ഈ വാർത്ത അറിഞ്ഞ അപ്പൊസ്തലൻ ഹൃദയഭാരത്തോടുകൂടെ നൽകുന്ന ഉപദേശമാണ് ഈ അദ്ധ്യായത്തിൽ ഉള്ളത്.

സഭയിലെ ഒരു വ്യക്തി അപ്പന്റെ ഭാര്യയെ (രണ്ടാനമ്മ) വിവാഹം കഴിച്ചി രുന്നു. അതു ദുർന്നടപ്പായിരുന്നു. ന്യായപ്രമാണം അതു വിലക്കിയിരുന്നു (ലേവ്യ 18:8). ജാതികൾപോലും ചെയ്യാത്ത നീചകൃത്യമായിരുന്നു അത്. പരസംഗം ഒഴിഞ്ഞിരിക്കണം എന്നുള്ളത് സഭയുടെ തീരുമാനവും ആയിരുന്നു (പ്രവൃ. 15:20,28). ഈ വ്യക്തിയെക്കുറിച്ചു ദുഃഖിക്കുകയോ നടപടി എടുക്കുകയോ ചെയ്തില്ല. അവന്റെ നേരെയുള്ള വിധിയും, സഭയുടെ അധികാരവും, പ്രഖ്യാപിക്കേണ്ട കുറ്റവിധിയും ഇവിടെ കാണാം (5:3-5).

കുറ്റം ചെയ്ത സഹോദരനെ സാത്താന്റെ പക്കൽ ഏൽപ്പിക്കണം. അതു സഭ ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യേണ്ടതാണ്. ദൈവജനത്തിന്റെ കൂട്ടായ്മയും സഹകരണവും അവനുണ്ടായിരിക്കരുത്. സാത്താന്റെ സ്വാധീനതയിൽ രോഗവും ദുഃഖവും അനുഭവിക്കുന്നതിന്റെ ഫലമായി അവൻ അനുതപിക്കാനും ദൈവത്തിങ്കലേക്കു മടങ്ങിവരാനും ഇടയാകണം. അച്ചടക്കനടപടിയുടെ ഉദ്ദേശം മരണമല്ല, അനുതാപമാണ്. എന്നാൽ അനുതപിക്കുവാൻ മനസ്സില്ലാതെ വന്നാൽ മരണം അഥവാ ജഡസംഹാരം സംഭവിക്കാ വുന്നതാണ്. ന്യായവിധിദിവസം അവന്റെ ആത്മാവോ രക്ഷിക്കപ്പെടും. അനുതപിക്കുന്ന സഹോദരനെ തിരികെ സ്വീകരിക്കുവാനുള്ള കടമയും സഭയ്ക്കുണ്ട്. സാത്താന്റെ ശോധനയ്ക്കു വിധേയരായവരെക്കുറിച്ചു തിരുവചന ത്തിൽ കാണാവുന്നതാണ് (ഇയ്യോ. 2:4–7; 2 കൊരി. 12:7; ലൂക്കൊ. 22:31).

## സഭ വിശുദ്ധി പാലിക്കുവാനുള്ള ആഹ്വാനം (5:6–8)

സഭ ദൈവത്തിന്റെ മന്ദിരം ആകുന്നു. വിശുദ്ധി അവന്റെ ആലയത്തിന് ഉചിതം എന്നു കാണുന്നു (സങ്കീ. 93:5). തെറ്റു തുടരുവാൻ അനുവദിക്കുന്നതു സഭയുടെ സാക്ഷ്യത്തിനും അനുഗ്രഹത്തിനും തടസ്സമാണ്. ദുരുപദേശവും ജീവിതപ്പിശകും സഭയിൽ അനുവദിച്ചുകൂടാ. അസാരം പുളിമാവു പിണ്ഡ ത്തെ മുഴുവനും പുളിപ്പിക്കും. പുളിപ്പ് ദുഷിച്ച സ്വാധീനശക്തിയെ കാണിക്കുന്നു. പെസഹാ ആചരിക്കുന്നതിനു മുമ്പായി പുളിച്ച മാവ് വീട്ടിൽനിന്നും നീക്കുവാൻ കല്പന ഉണ്ടായിരുന്നു. പെസഹക്കുഞ്ഞാടു ക്രിസ്തുവിന്റെ മരണത്തെ കാണിക്കുന്നു. രക്ഷിക്കപ്പെട്ടവർ അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്. അവരുടെ ജീവിതം വിശുദ്ധി ഉള്ളതായിരിക്കണം. യിസ്രായേൽ പുളിപ്പില്ലാത്ത അപ്പം ഒരാഴ്ച ഭക്ഷിച്ചു. രക്ഷിക്കപ്പെട്ട ദൈവജനം ജീവപര്യന്തം വിശുദ്ധി പാലിക്കേണ്ടവരത്രെ. വിശുദ്ധ ജീവിതത്തിനായി കർത്താവു നമ്മെ വീണ്ടെടുത്തിരിക്കുന്നു (എഫെ. 1:4).

## ദുർന്നടപ്പുകാരോടു സംസർഗ്ഗം പുലർത്തരുത് (5:9–13)

കൊരിന്തിലെ അസാന്മാർഗ്ഗികതയും ശിക്ഷണരാഹിത്യവും സ്വതന്ത്ര ചിന്താഗതികളും അപ്പൊസ്തലൻ അറിയുകയും പ്രശ്നപരിഹാരാർത്ഥം ഒരു മുൻലേഖനം എഴുതുകയും ചെയ്തിരുന്നു. ആ ലേഖനത്തിൽ സൂചിപ്പിച്ചിരുന്ന കാര്യങ്ങളുടെ വിശദീകരണമാണ് ഒന്നു കൊരിന്ത്യർ എന്നു പണ്ഡിതർ അഭിപ്രായപ്പെടുന്നു. ദുർന്നടപ്പ്, അത്യാഗ്രഹം, വിഗ്രഹാരാധന തുടങ്ങിയ പാപപരിചയമുള്ള വിശ്വാസികളോടു സഹകരിക്കുവാൻ അനുവദിച്ചിരുന്നില്ല. അവരെ അതിഥിയായി ക്ഷണിക്കുകയോ അവരുമായി ഭക്ഷണം കഴിക്കുകയോ ചെയ്യരുത്. സഭയുടെ ശിക്ഷണനടപടി വിശ്വാസികളെ മാത്രമേ ബാധിക്കുന്നുള്ളൂ. സഭയ്ക്കു പുറത്തുള്ളവരെ വിധിക്കുവാൻ നമുക്ക് അധികാരം ഇല്ല. ദൈവം അവരെ വിധിച്ചുകൊള്ളും. ദൈവമക്കൾ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം അവിശ്വാസികളുമായി സഹകരിക്കാതിരിക്കുവാൻ കഴിയുന്നതല്ല (യോഹ. 17:15–18). അപ്പോൾ നാം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവരായി ജീവിക്കണം. സഭയിലെ അച്ചടക്കനടപടിയുടെ ലക്ഷ്യം പിന്മാറ്റക്കാരുടെ യഥാസ്ഥാപനം ആയിരിക്കണം. വളരെ കരുതലോടും ഭയത്തോടും ദുഃഖത്തോടും കൂടി ചെയ്യേണ്ട ഒന്നാണ് ഇത്.

# അദ്ധ്യായം 6

## ദൈവമക്കൾ വ്യവഹാരങ്ങൾ ഒഴിവാക്കണം (6:1–8)

സഭ വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്നു. അവർ തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ പരിഹരിക്കുവാൻ അവിശ്വാസികളുടെ കോടതിയെ സമീപിക്കുന്നത് അപ്പൊസ്തലൻ അപലപിക്കുന്നു. ദൈവമക്കൾ ലോകത്തെ വിധിക്കുവാൻ പദവി ലഭിച്ചവരാണ് (ദാനീ. 7:21; മത്താ. 19:28; വെളി. 2:26; 3:21). ദൂതന്മാരെ നാം വിധിക്കും എന്നു തിരുവെഴുത്തു പറയുന്നു (യെശ. 24:21; 2 പത്രൊ. 2:4; യൂദാ 6). അങ്ങനെയുള്ളവർ അവിശ്വാസികളുടെ കോടതികളെ സമീപിക്കുന്നതിലെ അനൗചിത്യം പൗലൊസു ചൂണ്ടിക്കാണിക്കുന്നു. അവർ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തിയുള്ള ഒരു ജ്ഞാനിയും 'നിങ്ങളുടെ ഇടയിൽ ഇല്ലയോ' എന്നു ചോദിക്കുന്നു.

വിശ്വാസികളുടെ ഇടയിൽ വ്യവഹാരം ഉണ്ടാകുന്നതു തെറ്റാണ്. അവർ അന്യോന്യം അന്യായം സഹിക്കുവാൻ മനസ്സുള്ളവരാകണം. ദൈവമക്കൾ വ്യവഹരിക്കയും നഷ്ടം സഹിക്കാതിരിക്കയും ചെയ്താലുണ്ടാകുന്ന ആത്മിക നഷ്ടം എത്ര വലുതാണ്. അതു നമ്മുടെ ആത്മിക വളർച്ചയെയും സാക്ഷ്യജീവിതത്തെയും സാരമായി ബാധിക്കും എന്നുള്ളതിനു സംശയം ഇല്ല.

## ദുർന്നടപ്പുകാർ ദൈവരാജ്യം അവകാശമാക്കുകയില്ല (6:9–11)

അനീതി ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കയില്ല. കൊരിന്ത് വിഗ്രഹാരാധനയ്ക്കും ലൈംഗിക മ്ലേച്ഛതയ്ക്കും പിടിച്ചുപറിക്കും മദ്യപാനത്തിനും പ്രസിദ്ധികൊണ്ട സ്ഥലമായിരുന്നു. ആ പശ്ചാത്തലത്തിൽനിന്നുമാണ് കൊരിന്ത്യർ രക്ഷിക്കപ്പെട്ടു മുൻപോട്ട് വന്നത്. അവർ പഴയ പരിചയങ്ങളിലേക്കു മടങ്ങിപ്പോകുവാൻ പരീക്ഷിക്കപ്പെട്ടിരുന്നു. അവർക്കു പ്രോത്സാഹനം നൽകുവാനാണ് അപ്പൊസ്തലൻ ശ്രമിക്കുന്നത്. അവർ ക്രിസ്തുവിൽ വിശ്വസിച്ച് നീതീകരണവും വിശുദ്ധീകരണവും പ്രാപിച്ചവരാണ്. അതു കൊണ്ടു വിശുദ്ധജീവിതം നയിക്കുവാനുള്ള കടപ്പാട് അവർക്കുണ്ട് (2 തിമൊ. 1:9; 1 പത്രൊ. 1:15,16). "ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, സകലവും പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 5:17). അതുകൊണ്ടു പഴയ

ജീവിത പരിചയങ്ങൾ ആവർ ത്തിക്കുവാൻ ഇടയാകരുത്. നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാകുന്നു (എഫെ. 2:9,10). നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ പുനരുത്ഥാനശക്തി നമ്മിൽ വ്യാപരിക്കും. തൽഫല മായി ദൈവപ്രസാദമുള്ള ജീവിതം നയിക്കുവാൻ കഴിയും.

### ആത്മീയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുത് (6:12-20)

വിശ്വാസികളുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരം ആകുന്നു (6:19,20). അവർ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. അവരുടെ അവയവങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളും അവന്റെ നാമമഹത്വത്തിനായി ഉപയോഗിക്കേണ്ട വയും ആണ്. അതുകൊണ്ടു നമ്മുടെ ശരീരംകൊണ്ട് എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യം നമുക്കില്ല. നാം സ്വന്ത സുഖമല്ല ദൈവമഹത്വം അന്വേഷിക്കേണ്ടവർ ആകണം. നമുക്കു നമ്മുടെ ശരീരത്തിന്റെ മേൽ ഒരു അവകാശവും ഇല്ല. ക്രിസ്തു സ്വന്ത രക്തം കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. അതുകൊണ്ടു കർത്താവിനെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം നയിക്കുവാൻ നാം കടപ്പെട്ടവരാകുന്നു. വേശ്യയോടു ബന്ധപ്പെടുന്നവൻ അവളുമായി ഏകശരീരം ആകുന്നു. അതുകൊണ്ടു ദുർന്നടപ്പു വിട്ടോടുവാൻ ബുദ്ധിയുപദേശം നൽകുന്നു. അല്ലായെങ്കിൽ ശാരീരികമായും ആത്മികമായും സാമൂഹ്യമായും ഉണ്ടാകുന്ന ഹാനി ദൂരവ്യാപകം ആയിരിക്കും. നാം ക്രിസ്തുവിന്റെ അവയവമാണ് (റോമർ 12:5). നമ്മുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്താൻ കർത്താവു സഹായിക്കട്ടെ.

## അദ്ധ്യായം 7

കഴിഞ്ഞ അദ്ധ്യായങ്ങളിൽ സഭയിലെ ഭിന്നത, ദുർന്നടപ്പ്, വ്യവഹാരം എന്നീ വിഷയങ്ങളെക്കുറിച്ച് പരാമർശിച്ചശേഷം അവർ ഉന്നയിച്ച ചോദ്യങ്ങൾ ക്കുള്ള മറുപടിയാണ് 7-ാം അദ്ധ്യായം മുതൽ കാണുന്നത്. വിവാഹത്തോടു ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.

### വിവാഹത്തിന്റെ സ്വഭാവവും ബാധ്യതകളും (7:1-7)

വിവാഹം തെറ്റാണെന്നു പൗലൊസു കരുതിയിരുന്നില്ല. സന്യാസജീവിതത്തിൽ പ്രശംസിക്കുന്നവർ കൊരിന്തിൽ ഉണ്ടായിരുന്നു. അതു വിവാഹ ത്തേക്കാൾ ശ്രേഷ്ഠമാണെന്നും അപ്പൊസ്തലൻ പറയുന്നില്ല. വിവാഹം ദൈവഹൃദയത്തിൽ ഉണ്ടായ ആശയമാണ്. അത് എല്ലാവർക്കും മാന്യമായതാണ് (എബ്രാ. 13:4). ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വിവാഹ ബന്ധത്തോടു തുലനപ്പെടുത്തിയിരിക്കുന്നു (എഫെ. 5:31,32). അവിവാഹിതർ ചാരിത്രശുദ്ധി പാലിക്കുന്നതു നല്ലതാണ്. ദുർന്നടപ്പ് ഒഴിവാക്കുവാൻ ഭാര്യാഭർത്താക്കന്മാർ അന്യോന്യം കടപ്പെട്ടിരിക്കുന്നു. ഭാര്യയും ഭർത്താവും വിവാഹബന്ധത്തിൽ തുല്യാവകാശികൾ ആണ്. പ്രാർത്ഥനയ്ക്കുവേണ്ട അവസരം ലഭിക്കേണ്ടതിനു പരസ്പര സമ്മതത്തോടെ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതിരിക്കണം. വിവാഹിതർ അന്യോന്യം പിരിഞ്ഞിരുന്നാൽ ദുർന്നടപ്പിൽ വീഴാവുന്നതാണ്. പൗലൊസ് അവിവാഹിതനായിരുന്നു എന്നു ചിലർ കരുതുന്നു. എന്നാൽ ഒരു പരീശൻ അഥവാ മതഭക്തനായിരുന്ന താൻ വിവാഹിതനാകാനാണ് കൂടുതൽ സാധ്യത. വിവാഹം വിലക്കുന്നതു ദൈവകല്പനാലംഘനമായി യെഹൂദർ കരുതിയിരുന്നു. കൂടാതെ പൗലൊസ് സന്നിദ്രിംസംഘാംഗവുമായിരുന്നു.  ഒരു വിവാഹിതനു മാത്രമേ അതു സാധിക്കുമായിരുന്നുള്ളൂ. തന്റെ ഭാര്യ മരിച്ചു പോകുകയോ, താൻ ക്രിസ്ത്യാനി യായതിനാൽ തന്നെ ഉപേക്ഷിക്കയോ ചെയ്തിരിക്കാം. ഏതായാലും വിവാഹ ജീവിതത്തോടു താൻ വിടപറയുകയും കർത്തൃശുശ്രൂഷയിൽ ബദ്ധശ്രദ്ധനായി ശിഷ്ടായുസ്സ് കഴിക്കയും ചെയ്തു. വിവാഹത്തിന്റെ ഔന്നത്യം താഴ്ത്തിക്കാണിക്കാതെ തനിക്കു ലഭിച്ച കൃപയ്ക്കനുസരണമായി പൗലൊസു ജീവിച്ചു (മത്താ. 19:10,11).

### വിവാഹം കഴിക്കാത്തവർക്കും വിധവമാർക്കുമുള്ള ഉപദേശം (7:8,9)

പൗലൊസിനു തുല്യം അവിവാഹിതനായി കഴിയുന്നതു കൊള്ളാം എന്നുള്ള കല്പന വിവാഹം കഴിക്കാത്തവർക്കു നൽകുന്നു. എന്നാൽ അതൃപ്തിയോടു കഴിയുന്നതിനേക്കാൾ ഉത്തമം വിവാഹം ചെയ്യുന്നതാണ്.

### വിവാഹം കഴിഞ്ഞവർക്കുള്ള ഉപദേശം (7:10,11)

കർത്താവിന്റെ കല്പനയായി ഇതു രേഖപ്പെടുത്തിയിരിക്കുന്നു. ഭാര്യ ഭർത്താവിനെ പിരിയരുത്. ഗ്രീക്കു റോമൻ നിയമങ്ങൾ വിവാഹമോചനം അനുവദിച്ചിരുന്നു. ക്രിസ്തു വിവാഹമോചനത്തിന് എതിരായിരുന്നു (മത്താ. 5:32; 19:3-9).  ദൈവവചനത്തിനു വിരുദ്ധമായി ഭാര്യ വിവാഹമോചനം ചെയ്താൽ അവിവാഹിതയായി കഴിയണം. അതു പ്രയാസമാണെന്നു ബോദ്ധ്യമായാൽ ഭർത്താവിനോടു നിരന്നുകൊള്ളണം.  മരണംവരെ നില നിൽക്കേണ്ട ബന്ധമാകുന്നു  വിവാഹം.

### ഭർത്താവു വിശ്വാസിയും ഭാര്യ അവിശ്വാസിയുമായാൽ (7:12-16)

അപ്പൊസ്തലന്റെ അഭിപ്രായമാണ് ഇവിടെ കാണുന്നത്. രക്ഷിക്കപ്പെട്ടവർ തമ്മിൽ മാത്രമേ വിവാഹം നടക്കാവൂ. എന്നാൽ രക്ഷിക്കപ്പെടുത്താമെന്ന വ്യാമോഹത്തോടുകൂടെ വിവാഹം നടക്കുന്നതു സർവ്വസാധാരണമാണ്. ഇതു വിവാഹത്തിന്റെ ഭദ്രതയ്ക്കു കോട്ടം വരുത്തണമെന്നില്ല. എന്നാൽ ആത്മീയ ജീവിതത്തിനു തടസ്സം സൃഷ്ടി

ക്കാവുന്നതാണ്. അന്യോന്യം സഹകരിച്ചു ഭാര്യാഭർത്താക്കന്മാർ ജീവിക്കണം. തമ്മിലുള്ള സംസർഗ്ഗം രക്ഷിക്കപ്പെടാത്ത വ്യക്തിയിൽ ആത്മിക സ്വാധീനം ചെലുത്തും. അതാണ് ഇവിടെ വിശുദ്ധീകരിക്കപ്പെടും എന്നുള്ളതു കൊണ്ടുള്ള ആശയം. അവർക്കുണ്ടാകുന്ന മക്കളും ഈ അനുഭവമുള്ളവർ ആയിരിക്കും. അവിശ്വാസിയായ വ്യക്തി വിവാഹമോചനം തേടിയാൽ ദൈവകല്പന അവർക്കു ബാധകമല്ല. അതുകൊണ്ടു രക്ഷിക്കപ്പെട്ട പങ്കാളിക്കു വിവാഹമോചനത്തെ തടസ്സം ചെയ്യാവുന്നതല്ല. ഇവിടെ വിവാഹമോചനംകൊണ്ടു സാധിക്കേണ്ടതു സമാധാനത്തിൽ കഴിയുക എന്നുള്ളതാണ്. രക്ഷിക്കപ്പെട്ട പങ്കാളി മറ്റേ വ്യക്തിയെ രക്ഷയിലേക്കു നയിക്കുവാൻ എല്ലാ പരിശ്രമവും നല്ല സ്വാധീന തയും ചെയ്യുവാൻ കടപ്പെട്ടവൻ ആകുന്നു.

### വിവാഹ ജീവിതം ദൈവഹിത പ്രകാരമായിരിക്കണം (7:17-24)

വിവാഹബന്ധത്തിൽ പ്രവേശിക്കുവാനുള്ള കൃപ ദൈവദത്തമാണ് (7:7). ഏതവസ്ഥയിൽ വിവാഹബന്ധം ആരംഭിച്ചുവോ ആ നിലയിൽ തുടരുക. അടിമ ആയാലും സ്വതന്ത്രനായാലും ദൈവമഹത്വം ലക്ഷ്യമായിരിക്കണം. ക്രിസ്തുവിൽ ഉച്ചനീചത്വം ഇല്ല. അലംഭാവത്തോടുകൂടിയ കുടുംബജീവിതം നയിക്കുക (ഫിലി. 4:11).

### വിവാഹത്തിനു നൽകേണ്ട മുൻഗണന (7:25-40)

കന്യകമാരെക്കുറിച്ചുള്ള ഉപദേശം ഇവിടെ കാണുന്നു. അവിവാഹിതരായ പുരുഷനെയും സ്ത്രീയെയും ഇതു കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. മകൾ വിവാഹപ്രായം ആയാൽ മാതാപിതാക്കൾ മുൻകൈയെടുക്കണം. അവൾ വിവാഹം ആഗ്രഹിക്കയും പുരുഷൻ തയ്യാറാകയും ചെയ്താൽ അതു അനുവദിക്കണം (7:36). മകൾ അവിവാഹിതയായി കഴിയുവാൻ തീരുമാനിച്ചാൽ അവളെ വിവാഹത്തിനു നിർബന്ധിക്കരുത്. വിവാഹം പാപമല്ല. അതു ദൈവം നിശ്ചയിച്ചതാണ്. ബ്രഹ്മചര്യവിശുദ്ധിയുടെ ഉയർന്ന പടിയും അല്ല. ദൈവഹിതപ്രകാരം യുക്തമായി ചെയ്യേണ്ട അതിപ്രാധാന്യമുള്ള തീരുമാനമാണ് വിവാഹം (7:36-38).

വിവാഹ ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. അതിൽ സംതൃപ്തിയും സന്തോഷവും കണ്ടെത്തുവാൻ കഴിയണം. അപ്പോൾ തന്നെ കഷ്ടതയും ഉത്തരവാദിത്വങ്ങളും നിറഞ്ഞതാണ് കുടുംബ ജീവിതം. ശാരീരികവും മാനസികവുമായ ക്ലേശങ്ങളും ഉണ്ടാകാവുന്നതാണ്. എന്നാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. ക്രിസ്തുവിന് പ്രഥമസ്ഥാനം നൽ കുന്ന വിവാഹ ജീവിതം വിജയിക്കും. ഭൗമിക സുഖം മാറിപ്പോകുന്നതാണ്. അതു ജീവിതലക്ഷ്യമാക്കാതെ ദൈവമഹത്വത്തിനായി ജീവിക്കണം. ക്രിസ്തുവിന്റെ വരവു സമീപിച്ചിരിക്കുന്നു. അതുകൊണ്ടു നിത്യതയോടുള്ള ബന്ധത്തിൽ നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

വിവാഹിതർ ലോകചിന്തകളാൽ വ്യാകുലർ ആകരുത്. അവർ അന്യോന്യം പ്രസാദിപ്പിക്കുവാൻ നിർബന്ധിതർ ആകാവുന്നതാണ്. അതുകൊണ്ട് അപ്പൊസ്തലൻ അവർ ചിന്താകുലം ഇല്ലാത്തവരാകുവാൻ ബുദ്ധി ഉപദേശം നൽകുന്നു. അവിവാഹിതനു കൂടുതൽ ചിന്താകുലം കൂടാതെ കർത്താവിനെ പ്രസാദിപ്പിക്കുവാൻ കഴിയും. ദൈവമക്കൾ ഏതവസ്ഥയിലും സമ്പൂർണ്ണ സമർപ്പണമുള്ളവരായി കർത്താവിനെ സേവിക്കണം.

ഭർത്താവു ജീവിച്ചിരിക്കുന്ന കാലത്തോളം ഭാര്യ അവനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചവൾ സ്വതന്ത്രയും വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ സ്വാതന്ത്ര്യം ഉള്ളവളുമാണ്. എന്നാൽ ഭർത്താവു വിശ്വാസിയായിരിക്കണം. വിധവമാരുടെ പുനർവിവാഹത്തോടുള്ള ബന്ധത്തിൽ പൗലൊസിന്റെ അഭിപ്രായമാണ് ഇത്. എന്നാൽ വിധവ പുനർവിവാഹം ചെയ്യാതെ തനിയെ പാർക്കുന്നത് ഏറെ ഉത്തമം. ആത്മപ്രേരിതനായി പൗലൊസു വിവാഹം എന്ന സങ്കീർണ്ണ വിഷയത്തോടുള്ള തന്റെ അഭിപ്രായം ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു. അത് അനുസരിക്കുവാൻ കർത്താവ് ഏവരെയും സഹായിക്കട്ടെ.

## അദ്ധ്യായം 8

### വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം (8:1-13)

കൊരിന്തു വിഗ്രഹാരാധനയുടെ കേന്ദ്രമായിരുന്നു. ദൈവത്തിനുപരിയായി ജീവിതത്തിൽ പ്രാധാന്യം നൽകുന്നതൊക്കെയും വിഗ്രഹാരാധനയാണ്. കൊരിന്തിൽ പുരോഹിതന്റെ അടുക്കൽ യാഗമൃഗങ്ങളെ കൊണ്ടുവരികയും യാഗം അർപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ മാംസം മൂന്നായി ഭാഗിച്ചിരുന്നു. ഒരു ഭാഗം യാഗപീഠത്തിൽ ദഹിപ്പിക്കും. മറ്റൊരു ഭാഗം പുരോ ഹിതനുള്ളതായിരുന്നു. മൂന്നാമത്തെ ഭാഗം യാഗാർപ്പകനും നൽകിയിരുന്നു. പുരോഹിതന്മാർ അവരുടെ പങ്കു വളരെ വിലകുറച്ചു ചന്തയിൽ വിറ്റിരുന്നു. രക്ഷിക്കപ്പെട്ടു മുമ്പോട്ടുവന്നിരുന്നവരിൽ ചിലർ ഈ മാംസം വാങ്ങി ഭക്ഷി ച്ചിരുന്നു. അതു വിഗ്രഹാരാധനയായി ചിലർ വ്യാഖ്യാനിച്ചു. അവർ ആത്മിക പക്വത വന്നവർ ആണെന്നു സ്വയം അഭിമാനിച്ചിരുന്നു. ഭക്ഷിക്കുന്നവരെ ബലഹീനർ എന്നും വിശേഷിപ്പിച്ചിരുന്നു.

പൗലൊസ് ഈ അദ്ധ്യായത്തിൽ ദൈവമക്കൾക്കുള്ള ആത്മിക സ്വാതന്ത്ര്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. തന്റെ ജീവിതത്തിൽ ഈ സ്വാതന്ത്ര്യം എങ്ങനെ പ്രായോഗികമാക്കി എന്ന് 9-ാം അദ്ധ്യായത്തിൽ കാണാം. 10-ാം അദ്ധ്യായത്തിൽ കൊരിന്ത്യർ എങ്ങനെ ഈ സ്വാതന്ത്ര്യം പ്രദർശിപ്പിക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

കൊരിന്തിലുള്ള വിശ്വാസികളിൽ ചിലർ അവരുടെ ജ്ഞാനത്തിൽ പ്രശംസിക്കുന്നവർ ആയിരുന്നു. ഇവിടെ ആത്മിക ജ്ഞാനമാണ് ചൂണ്ടിക്കാണിക്കുന്നത്. പൗലൊസ് ഈ ബന്ധത്തിൽ നൽകുന്ന ഉപദേശം, അറിവു ചീർപ്പിക്കുന്നു; സ്നേഹമോ ആത്മിക വർദ്ധനവ് ഉളവാക്കുന്നു എന്നത്രെ. ആത്മിക വളർച്ച പ്രാപിച്ചവർ സ്നേഹത്തിൽ

കാര്യങ്ങൾ ചെയ്യാത്തപക്ഷം സഭയ്ക്ക് ആത്മിക വർദ്ധനവ് ഉണ്ടാകയില്ല. എനിക്ക് എല്ലാം അറിയാമെന്നുള്ള ഭാവം അഹങ്കാരവും സ്വയവഞ്ചനയും ആകുന്നു. അറിവുകൊണ്ടുള്ള ആത്മിക അർത്ഥം അനുഭവജ്ഞാനം ആകുന്നു. നമ്മുടെ അറിവുകൊണ്ടും പരിശ്രമങ്ങൾകൊണ്ടും ദൈവത്തെ അറിയുവാൻ കഴിയുന്നതല്ല. ദൈവം തനിക്കുള്ളവരെ അറിയുന്നു (2 തിമൊ. 2:19). ദൈവം നമ്മെ ആദ്യം സ്നേഹിച്ചു. അതുകൊണ്ടു നാം അവനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു (1 യോഹ. 4:19). യഥാർത്ഥ ആത്മിക ജ്ഞാനം അതാണ്. ജ്ഞാനവാദികൾ ഈ സത്യം അറിഞ്ഞിരുന്നെങ്കിൽ കൊള്ളായിരുന്നു.

വിഗ്രഹങ്ങൾ വ്യർത്ഥമാണ്. അവയ്ക്കു ജീവനും ശക്തിയും ഇല്ല. അവ ദേവന്മാരുടെ പ്രതിമകൾ മാത്രമാണ് (യിരെ. 10:3–5). ദൈവം ഒരുവനേ ഉള്ളൂ. അവൻ പ്രപഞ്ചസ്രഷ്ടാവായ ഏകസത്യദൈവമാണ്. അവനെപ്പോലെ ആരും ഇല്ല. മറ്റു ദേവന്മാർ കള്ളദേവന്മാർ മാത്രമാണ്. സത്യദൈവം നമ്മുടെ രക്ഷിതാവും ആകുന്നു. അവൻ സകലത്തിന്റേയും കാരണഭൂതനാണ് (2 കൊരി. 5:18). അവൻ വിശ്വാസികളുടെ പിതാവുമാണ്. യേശുക്രിസ്തുവിനെ ദൈവം എന്നു വിളിക്കുവാൻ പൗലൊസ് അഭിമാനം കൊണ്ടിരുന്നു (റോമർ 9:5; തീത്തൊ. 2:12; കൊലൊ. 2:9). അവനെ അറികയും സ്നേഹിക്കയും സേവിക്കയും ചെയ്യുവാൻ നാം കടപ്പെട്ടവർ ആകുന്നു. ഈ പരിജ്ഞാനം ലഭിച്ചവർ കൊരിന്തിൽ ഉണ്ടായിരുന്നു. അവർക്കു വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതു തെറ്റായി തോന്നിയിരുന്നില്ല.

ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടുവന്ന ചിലർക്കു വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതു മനഃസാക്ഷിയിൽ കുറ്റബോധം ഉളവാക്കി. തൽഫലമായി ദൈവസംസർഗ്ഗത്തിന്റെ സന്തോഷം നഷ്ടപ്പെട്ടു. അവരോടുണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണം എന്ന് അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കുന്നു.

ദൈവമക്കൾ ആത്മീയ വളർച്ചയും സ്വാതന്ത്ര്യവും പ്രാപിക്കുമ്പോൾ ബലഹീനരായ വിശ്വാസികൾക്കു ഇടർച്ച സൃഷ്ടിക്കുന്നവർ ആകരുത്. മറ്റുള്ളവരുടെ ആത്മിക വളർച്ചയ്ക്കു തടസ്സമായി ഒന്നും ചെയ്യാതിരിക്കുവാൻ നാം ശ്രദ്ധിക്കണം. ക്രിസ്തു നമുക്ക് എല്ലാവർക്കുമായിട്ടാണ് ക്രൂശുമരണം സഹിച്ചത്. ക്രിസ്തുവിനോടുള്ള സ്നേഹം ബലഹീനരെ താങ്ങുവാൻ നമ്മെ നിർബന്ധിക്കണം. സഹോദരന് ഇടർച്ച വരുത്തുന്ന പാപം ക്രിസ്തുവിനോടുള്ള പാപമാകുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവു ബലഹീനരെ സ്നേ ഹിക്കുവാൻ പൗലൊസിനെ നിർബന്ധിച്ചു. അതുകൊണ്ടു സഹോദരന് ഇടർച്ചവരുന്ന യാതൊന്നും ചെയ്യുകയില്ല എന്നു പൗലൊസു നിശ്ചയിച്ചു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം.

### അദ്ധ്യായം 9

## പൗലൊസു തന്റെ അപ്പൊസ്തലിക സ്വാതന്ത്ര്യത്തെ സാധൂകരിക്കുന്നു (9:1–14)

ആത്മിക സ്വാതന്ത്ര്യം ക്രിസ്തീയ ജീവിതത്തെ മൊത്തമായി ബാധിക്കുന്ന ഒന്നാണ്. അപ്പൊസ്തലൻ തന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ അതു വ്യക്തമാക്കിയിരിക്കുന്നു. പൗലൊസ് തന്റെ അപ്പൊസ്തലിക അധികാരത്തോടും പദവികളോടുമുള്ള ബന്ധത്തിൽ ആദ്യമായി അതു ചൂണ്ടിക്കാണിക്കുന്നു (9:1–14). രണ്ടാമതായി തന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിൽ അതു വ്യക്തമാക്കുന്നു (15–22). മൂന്നാമതായി തന്റെ ലക്ഷ്യപ്രാപ്തിക്കായി സ്വയനിയന്ത്രണവും ആത്മീയ പോരാട്ടവും വിശദീകരിച്ചിരിക്കുന്നു (23–27).

പൗലൊസു ക്രിസ്തുവിന്റെ അപ്പൊസ്തലനായിരുന്നു. അവൻ പുനരുത്ഥാനം ചെയ്ത കർത്താവിനെ കാണുകയും അവന്റെ ദിവ്യവിളി സ്വീകരിക്കയും ചെയ്തു (പ്രവൃ. 9:1–9,27; ഗലാ. 1:16). തന്റെ ശുശ്രൂഷകൾ അപ്പൊസ്തലിക അടയാളങ്ങൾ വെളിപ്പെടുത്തിയിരുന്നു (2 കൊരി. 12:12). എന്നാൽ സുവിശേഷത്തിനുവേണ്ടിയും ബലഹീനരെ നേടേണ്ടതിനായും തന്റെ അപ്പൊസ്തലിക അധികാരങ്ങളും സ്വാതന്ത്ര്യവും ത്യജിക്കുവാൻ പൗലൊസു തയ്യാറായിരുന്നു. തന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്യുന്നവർക്കു കൊരിന്തിലെ സഭ ഒരു തെളിവായി ചൂണ്ടിക്കാണിച്ചിരിക്കുന്നു?

പൗലൊസിന്റെ അപ്പൊസ്തലത്വത്തെ വിമർശിക്കുന്നവരോടു കൊരിന്തിലെ സഭയെയും അവരുടെ കൃപാവരങ്ങളെയും നോക്കുവാൻ ആവശ്യപ്പെടുന്നു. ശേഷം അപ്പൊസ്തലന്മാരെപ്പോലെ പലതും ചെയ്യുവാൻ പൗലൊസിനും ബർന്നബാസിനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഇവിടെ കർത്താവിന്റെ സഹോദരന്മാരും പത്രൊസും ഭാര്യമാരോടുകൂടെ സഞ്ചരിച്ചിരുന്നതായി പറയുന്നു. മറിയ മക്കളെ പ്രസവിച്ചിരുന്നു എന്ന് ഇവിടെ വ്യക്തം. മറിയയെ ദൈവമാതാവായി ആരാധിക്കുന്നവർ ഈ സത്യം അറിഞ്ഞിരുന്നാൽ നന്നായിരുന്നു. അതുപോലെ പത്രൊസ് അവിവാഹിതൻ അല്ലായിരുന്നു. അവനു ഭാര്യയും അമ്മായിയമ്മയും ഉണ്ടായിരുന്നു (മർക്കൊ. 1:30; 3:31). പൗലൊസും ബർന്നബാസും സഭയുടെ സഹായം സ്വീകരിക്കുവാൻ യോഗ്യരായിരുന്നു. എന്നാൽ അവർ ഉപജീവനാർത്ഥം വേലചെയ്തു ജീവിച്ചു. കർത്തൃസേവനത്തിനായി സമർപ്പിക്കപ്പെട്ടവരെ യോദ്ധാവ്, കർഷകൻ, ഇടയൻ എന്നിവരോട് ഉപമിച്ചിരിക്കുന്നു. യോദ്ധാവു ക്രിസ്തുവിന്റെ നല്ല ഭടനായി ശത്രുപാളയ ത്തിൽ സുവിശേഷ ഘോഷണം നടത്തുന്നു. കർഷകൻ ദൈവവചനം വിത യ്ക്കുന്നവനാണ്. ഇടയൻ ദൈവജനത്തെ നയിക്കയും പരിപാലിക്കയും ചെയ്യുന്നു. ഇവർ മൂവരും അവരുടെ തൊഴിലിന്റെ വരുമാനംകൊണ്ടു ഉപജീവനം കഴിക്കേണ്ടവരാണ്. ന്യായപ്രമാണവും അതുതന്നെ പ്രസ്താവിക്കുന്നു (ആവ. 25:4; 1 തിമൊ. 5:18). മറ്റു മതസമ്പ്രദായങ്ങളും പുരോഹിതന്മാർ ദൈവാലയംകൊണ്ട് ഉപജീവിച്ചു എന്നു വ്യക്തമാക്കുന്നു. ക്രിസ്തുവും ഈ സത്യം തന്റെ ശിഷ്യന്മാരോടു സൂചി

പ്പിച്ചിരുന്നു (മത്താ. 10:10); “വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ ആകുന്നു.” ആത്മിക ശുശ്രൂഷ ചെയ്യുന്ന വരെ ഐഹിക നന്മകൾകൊണ്ടു സഹായിക്കുവാൻ ദൈവജനം കടപ്പെട്ടവർ ആകുന്നു. ഇതൊക്കെയും അറിയാമായിരുന്ന അപ്പൊസ്തലൻ തന്റെ അധികാരവും സ്വാതന്ത്ര്യവും ഉപയോഗിച്ചില്ല. സുവിശേഷഘോഷണത്തിനു വിഘാതം വരാതിരിക്കുവാൻ പ്രതിഫലം പറ്റാതെ താൻ കർത്താവിനെ സേവിച്ചു. തന്നെ വിമർശിക്കുന്നവർ താൻ വിശ്വാസികളെ ചൂഷണം ചെയ്തു എന്നു പറയാതിരിക്കുവാനാണ് അങ്ങനെ ചെയ്തത്. നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

### പൗലൊസിന്റെ മനസ്സൊരുക്കം (9:15-23)

സഭയുടെ ചെലവിൽ ജീവിക്കുവാൻ പൗലൊസിന് അർഹതയുണ്ടായിരുന്നു. എന്നാൽ കൊരിന്തിലും എഫെസൊസിലും തെസ്സലൊനീക്കയിലും താൻ സ്വന്ത കൈകൊണ്ട് വേല ചെയ്ത് ഉപജീവിച്ചു. ഫിലിപ്പ്യ സഭയിൽ നിന്നല്ലാതെ ഒരിടത്തുനിന്നും താൻ സഹായം സ്വീകരിച്ചിരുന്നില്ല. എന്നാൽ അതിൽ താൻ പ്രശംസിച്ചിരുന്നില്ല. അതിനേക്കാൾ മരിക്കുന്നതാണ് നല്ലതെന്നു താൻ കരുതിയിരുന്നു. താൻ സുവിശേഷം അറിയിക്കുവാൻ നിയോഗം ലഭിച്ചവനാണ്. അതിനായുള്ള നിർബന്ധം തന്റെ മേൽ ഉണ്ടായിരുന്നു. അതു മനസ്സോടെ ചെയ്യുവാനുള്ള ആഗ്രഹം തനിക്കുണ്ടായിരുന്നു. പ്രതിഫലം ആഗ്രഹിക്കാതെ അതു ചെയ്തു. ‘സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ ഞാൻ അരിഷ്ട മനുഷ്യൻ’ എന്നു പറയുവാൻ തനിക്കു കഴിഞ്ഞു. തന്റെ പ്രതിഫലം താൻ ആദായപ്പെടുത്തുന്ന ആത്മാക്കൾ ആയിരുന്നു. അതു നിത്യമായ പ്രതിഫലമായി താൻ കണ്ടു. കർത്താവു തന്നെ ഏല്പിച്ച ശുശ്രൂഷ വിശ്വസ്തതയോടു ചെയ്യുക എന്നുള്ളതായിരുന്നു തന്റെ ലക്ഷ്യം. അതിനു തന്റെ സ്വാതന്ത്ര്യം പരിത്യജിക്കുവാൻ താൻ സന്നദ്ധനായിരുന്നു. ഏതുവിധേനയും ചിലരെ രക്ഷിക്കുക എന്നുള്ള ആഗ്രഹം പൗലൊസിനെ എല്ലാവർക്കും എല്ലാമായിത്തീരുവാൻ നിർബന്ധിച്ചു. അടിസ്ഥാന ആത്മിക സത്യങ്ങൾ ബലികഴിക്കാതെ ജനങ്ങളുമായി താദാത്മ്യപ്പെടുവാൻ താൻ മനസ്സുള്ളവനായിരുന്നു. സുവിശേഷത്തിനുവേണ്ടി എരിഞ്ഞടങ്ങുന്ന ഒരു ദീപമായിരുന്നു പൗലൊസ്. സുവിശേഷത്തിനുവേണ്ടി നേതാവാകാതെ ഒരു പങ്കാളിയായി കർത്താവു നൽകിയ ദൗത്യം താൻ നിർവ്വഹിച്ചു. സുവിശേഷ വേലയിൽ ഏർപ്പെടുന്നവർ പൗലൊസിന്റെ മാതൃക അനുകരിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

### പൗലൊസിന്റെ ലക്ഷ്യബോധം (9:24-27)

പൗലൊസു കർത്തൃസേവയെ ഓട്ടക്കളത്തോടും മുഷ്ടിയുദ്ധത്തോടും ഉപമിച്ചിരിക്കുന്നു. ഓടുന്നവർ അനുസരിക്കേണ്ട നിയമങ്ങൾ ഉണ്ട്. അവർ ലക്ഷ്യബോധമുള്ളവരായിരിക്കണം. അവർ വർജ്ജിക്കേണ്ട പലതും ഉണ്ട്. സ്വയനിയന്ത്രണം ഉള്ളവരാകണം. അന്നു നടന്നിരുന്ന ഓട്ടമത്സരത്തിൽ ഒരാൾക്കു മാത്രമേ കിരീടം ലഭിച്ചിരുന്നുള്ളൂ. അതു വാടുന്ന പൈൻമരത്തിന്റെ ഇലകൊണ്ടുള്ള കിരീടം ആയിരുന്നു. ആത്മിക ഓട്ടക്കളത്തിൽ വിശ്വസ്തതയോടെ ഓടുന്ന എല്ലാവർക്കും പ്രതിഫലം ലഭിക്കുന്നു. അതു വാടാത്ത കിരീടങ്ങൾ ആണ്. ചട്ടപ്രകാരം ഓടുവാൻ വ്യായാമമുറകൾ ശീലിക്കണം. ദുർമ്മേദസ്സു ഒഴിവാക്കണം. മെയ്‌വഴക്കം പ്രാപിക്കണം. അതിനു പരിശീലനം ആവശ്യമാണ്. ദൈവവചനപഠനവും പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും അതിന് ഒഴിച്ചുകൂടാത്തതാകുന്നു. മുഷ്ടിയുദ്ധം ചെയ്യുന്നവർ ലക്ഷ്യബോധമില്ലാത്തവരായി ആകാശത്തെ കുത്തുന്നവർ ആകരുത്. വികാര ങ്ങളെയും ഭോഗേച്ഛകളെയും നിയന്ത്രിച്ചുകൊണ്ട് കർത്താവിന്റെ മഹത്വത്തിനായി എല്ലാം ചെയ്യുക. അപ്പോൾ നാം ദൈവദൃഷ്ടിയിൽ യോഗ്യരും പ്രതിഫലം ലഭിക്കുന്നവരുമായി തീരും. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 10

ഈ അദ്ധ്യായത്തിൽ പൗലൊസ് ആത്മീയ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്താലുണ്ടാകാവുന്ന ആപത്തിനെക്കുറിച്ചു മുന്നറിവു നൽകുന്നു.

### യിസ്രായേലിനുണ്ടായ ആപത്ത് (10:1-13)

യിസ്രായേൽ ദൈവത്തിന്റെ ജനമായിരുന്നു. അവർക്കു ലഭിച്ച അഞ്ച് അനുഗ്രഹങ്ങളെക്കുറിച്ച് ഇവിടെ കാണാം. അവർ മേഘത്തിൻ കീഴായിരുന്നു. മരുഭൂമിയിൽ അവർക്കു ദൈവിക നടത്തിപ്പും പരിപാലനവും ലഭിച്ചു (സംഖ്യാ. 9:15,23;14:15). എല്ലാവരും സമുദ്രത്തിലൂടെ കടന്നു. അവർ ദൈവിക വിടുതൽ അനുഭവിച്ചവരാണ് (പുറ. 14:15-22); സ്നാനമേറ്റു മോശെയോടു ചേർന്നു. അവർ മോശെയുടെ നേതൃത്വം സ്വീകരിച്ചു. ഒരേ ആത്മികാഹാരം ഭക്ഷിച്ചു. അവർ ദൈവിക പരിപാലനം അനുഭവിച്ചവരാണ്. മരുഭൂമിയിൽ മന്ന ലഭിച്ചത് ജീവന്റെ അപ്പമായ ക്രിസ്തുവിന്റെ നിഴലാണ്. ഒരേ ആത്മിക പാനീയം കുടിച്ചു. മന്നപോലെ വെള്ളവും അതിശയമായിട്ടാണ് അവർക്കു ലഭിച്ചത്. മരുഭൂമിയിൽ പാറ പിളർന്നാണ് അവർക്കു ജലം ലഭിച്ചത് (പുറ. 17:6; സംഖ്യാ. 20:7-13). ആ പാറ ക്രിസ്തുവിന്റെ നിഴലായിരുന്നു. കൂടാതെ ഇതു ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ തെളിവും കൂടെയാണ്. ദൈവിക അനുഗ്രഹങ്ങൾ അവർ അനുഭവിച്ചെങ്കിലും അവരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചില്ല. യോശുവയും കാലേബുമൊഴികെ ആരും കനാനിൽ പ്രവേശിച്ചില്ല. ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചിരിക്കുന്നു. ആത്മനിയന്ത്രണമില്ലാത്ത ആത്മികജീവിതം അപകടകരമാകുന്നു.

യിസ്രായേലിനു സംഭവിച്ചതു നമുക്കു ദൃഷ്ടാന്തമാണ്. നാം ദുർമ്മോഹികൾ ആകരുത്. ഉള്ളതുകൊണ്ടു തൃപ്തിപ്പെടണം. വേർപാടിന്റെ അനുഭവം അവർക്കില്ലായിരുന്നു. മറ്റുള്ളവരെപ്പോലെ ആകുവാൻ ആഗ്രഹിച്ചു. മോഹിക്കുന്നതു പാപം ആകുന്നു (മത്താ. 5:28). നാം ദോഷം വിട്ടകലുന്നവർ ആകണം (1 തെസ്സ. 5:22).

രണ്ടാമതായി നാം വിഗ്രഹാരാധികൾ ആകരുത്. ദൈവത്തിനു നൽ കേണ്ട ബഹുമാനം മറ്റു വ്യക്തികൾക്കോ വസ്തുക്കൾക്കോ നൽകുന്നതു വിഗ്രഹാരാധനയാകുന്നു. യിസ്രായേൽ സ്വർണ്ണക്കാളക്കുട്ടിയെ ആരാധിച്ചതു യഹോവയോടുള്ള ബഹുമാനാർത്ഥമായിരുന്നു (പുറ. 32). വിഗ്രഹാരാധന ലൗകികോല്ലാസത്തിലേക്കും ജഡമോഹത്തിലേക്കും നയിക്കും.

മൂന്നാമതായി അവർ പരസംഗം ചെയ്തു. വിഗ്രഹാരാധനയും പരസംഗവും ജാതികളുടെ ഇടയിൽ പ്രചരിച്ചിരുന്നു. യിസ്രായേൽ മിസ്രയീമിൽ ആയിരുന്നപ്പോൾ ഇതു കണ്ടിരുന്നു. അതിൽനിന്നും പൂർണ്ണമായി അവർ വേർപ്പെട്ടിരുന്നില്ല. ദൈവം അവരെ ശിക്ഷിച്ചു. 24000 പേർ അന്നു വീണു മരിച്ചു. കൊരിന്ത്യരിൽ ചിലർ ഈ പാപത്തിനു വിധേയരായിരുന്നു.

യിസ്രായേൽ ദൈവത്തിനും മോശെക്കും വിരോധമായി സംസാരിച്ചു. തൽഫലമായി അഗ്നിസർപ്പത്തിന്റെ കടിയേറ്റു ജനം മരിച്ചു. അങ്ങനെ കർത്താവിനെ പരീക്ഷിച്ചു. അഥവാ വെല്ലുവിളിച്ചു. നാം ദൈവവചനം അനുസരിക്കാതിരിക്കുന്നതു ദൈവത്തെ വെല്ലുവിളിക്കുന്നതിനു തുല്യമാണ്.

യിസ്രായേൽ പിറുപിറുത്തു (സംഖ്യാ. 16:41-50). അവർ ദൈവത്തോടു നന്ദിയുള്ളവരായില്ല. അവനെ അവിശ്വസിച്ചു. ദൈവത്തോടു മത്സരിച്ചു. തൽഫലമായി അവരുടെ മേൽ ദൈവത്തിന്റെ ബാധ വന്നു. 14700 പേർ സംഹരിക്കപ്പെട്ടു.

യിസ്രായേലിൽ സംഭവിച്ചതു നമുക്കു ദൃഷ്ടാന്തമായിരിക്കുന്നു. നാം ഇതിൽനിന്നും പഠിക്കേണ്ട ആത്മിക പാഠങ്ങൾ വളരെ ഉണ്ട്. അന്ത്യകാലത്ത് എത്തിയിരിക്കുന്ന നാം വളരെ ശ്രദ്ധിക്കേണ്ട ബുദ്ധിയുപദേശങ്ങളാണ് ഇവിടെ കാണുന്നത്. നാം ആത്മപ്രശംസയുള്ളവർ ആകരുത്. നാം ആരും ആത്മിക വീഴ്ചയ്ക്ക് അതീതരല്ല. 'ആത്മികമായി ഞാൻ ഏതാണ്ടൊക്കെയായി' എന്നുള്ള ഭാവം അശ്രദ്ധയിലേക്കും വീഴ്ചയിലേക്കും നയിക്കും.

ആത്മിക ജീവിതത്തിൽ പരീക്ഷകൾ ഉണ്ട്. നമ്മുടെ വിശ്വാസത്തിന്റെ തനിനിറം വെളിപ്പെടുത്തുവാൻ അത് ആവശ്യമാണ്. മറ്റുള്ളവർക്ക് ഉണ്ടായതു പോലെയുള്ള പരീക്ഷകളാണ് നാം സഹിക്കുന്നത്. നമ്മുടെ കഴിവിനപ്പുറമായി നാം പരീക്ഷിക്കപ്പെടുകയില്ല. പരീക്ഷയോടുകൂടി പോക്കുവഴിയും ദൈവം ഒരുക്കും. അതായത് അത് സഹിക്കുവാനുള്ള കഴിവു ദൈവം നൽകും. പരീക്ഷ സഹിക്കുന്നവർ ജീവകിരീടം പ്രാപിക്കും (യാക്കോ. 1:12). പരീക്ഷിക്കപ്പെടുന്നവർക്കുള്ള പ്രോത്സാഹനവചനമാണ് ഇവിടെ കാണുന്നത്. നമ്മുടെ ആത്മിക സ്വാതന്ത്ര്യം ദൈവപ്രസാദകരമായ ജീവിതം നയിക്കുവാൻ പ്രയോജനപ്പെടുത്താം.

## വിഗ്രഹങ്ങൾ വിട്ടൊഴിഞ്ഞിരിപ്പിൻ (10:14-22)

കൊരിന്തിലുള്ളവർ ജ്ഞാനികൾ എന്ന് അഭിമാനിച്ചിരുന്നു. കർത്തൃമേശയും വിഗ്രഹാർപ്പിത ഭോജനവും യോജിച്ചുപോകയില്ലെന്നു വിവേചിച്ചു ഗ്രഹിക്കുവാൻ അപ്പൊസ്തലൻ അവരോട് ആവശ്യപ്പെടുന്നു. കർത്തൃമേശയുടെ പരിപാവനത അവർ മനസ്സിലാക്കണം. അതു ക്രിസ്തു നമുക്കുവേണ്ടി മരിച്ചു എന്ന ഓർമ്മ നൽകുന്ന ശുശ്രൂഷയാകുന്നു. അപ്പം ക്രിസ്തുവിന്റെ നുറുക്കപ്പെട്ട ശരീരത്തെയും പാനപാത്രം അവന്റെ ചൊരിയപ്പെട്ട രക്തത്തെ യും കാണിക്കുന്നു. സഭ മൊത്തത്തിൽ അതിനായി സ്തോത്രം ചെയ്യണം. ക്രിസ്തുവിനോടുള്ള സ്നേഹത്താലും നന്ദിയാലും നിർബന്ധിക്കപ്പെട്ടവരായി നാം സ്തോത്രം ചെയ്യണം. ഇതു ക്രിസ്തുവിലുള്ള വിശ്വാസികളുടെ ഐക്യത്തെയും കാണിക്കുന്നു. അപ്പം ഓരോരുത്തരും നുറുക്കി അതിൽനിന്നും പങ്കുകൊള്ളുന്നു. ശുശ്രൂഷകനോ പുരോഹിതനോ മാത്രം നുറുക്കാവൂ എന്നു ബൈബിൾ പഠിപ്പിക്കുന്നില്ല. രക്ഷിക്കപ്പെട്ട ഏതു വ്യക്തിക്കും അപ്പവും വീഞ്ഞും എടുത്തുകൊടുക്കാവുന്നതാണ്. അത് ഒരു ഔദ്യോഗിക കർമ്മമല്ല. തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നവർ കർത്താവിനോടും സഹവിശ്വാസികളോടുമുള്ള കൂട്ടായ്മയെ കാണിക്കുന്നു.

വിഗ്രഹം വ്യർത്ഥമാകുന്നു. അതിനെ ആരാധിക്കുന്നതു ഭൂതങ്ങളെ ആരാധിക്കുന്നതിനു തുല്യമാണ്. അവർ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുന്നു. വിഗ്രഹങ്ങളുടേയും കർത്താവിന്റേയും മേശയിൽ ഒരുപോലെ അംശികൾ ആകുവാൻ പാടില്ല. അവർ ദൈവക്രോധത്തിന് ഇരയാകും. നമ്മുടെ ദൈവം തീക്ഷ്ണത ഉള്ളവനാണ്.

## ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ പരിമിതികൾ (10:23-33)

സഹവിശ്വാസികളുടെ ആത്മിക വർദ്ധനവിനു തടസ്സം സൃഷ്ടിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ ആത്മിക സ്വാതന്ത്ര്യം നാം ഉപയോഗിക്കരുത്. അതുകൊണ്ടു സാധിക്കേണ്ടതു സഭയുടെ കെട്ടുപണിയാകുന്നു. സകല കാര്യങ്ങളും ആത്മിക വർദ്ധനവു വരുത്തുന്നില്ല. മറ്റുള്ളവരുടെ അനുഗ്രഹം നമ്മുടെ ലക്ഷ്യമായിരിക്കണം. സ്വന്ത താല്പര്യങ്ങൾക്കു പ്രഥമസ്ഥാനം നൽകരുത്. വിപണിയിൽ വിൽക്കുന്ന ഏതുതരത്തിലുള്ള മാംസവും ഭക്ഷിക്കാം. മനസ്സാക്ഷി കുറ്റംവിധിക്കുന്നുവോ എന്ന് അന്വേഷിക്കേണ്ട ആവശ്യം ഇല്ല. ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതാണ് (സങ്കീ. 24:1). അവിശ്വാസി ഭക്ഷണത്തിനു ക്ഷണിച്ചാൽ വിളമ്പുന്ന ഭക്ഷണം കഴിക്കുവിൻ. എന്നാൽ അതു വിഗ്രഹങ്ങൾക്ക് അർപ്പിച്ചതാണെന്നു പറഞ്ഞാൽ ബലഹീന വിശ്വാസിയെ കരുതി, മനസ്സാക്ഷി നിമിത്തം ഭക്ഷിക്കരുത്. സ്വന്ത മനസ്സാക്ഷിയല്ല ബലഹീന വിശ്വാസിയുടെ മനസ്സാക്ഷിയാണ് ഇവിടെ പ്രാധാന്യം. നാം നന്ദിയോടുകൂടെ സ്തോത്രം ചെയ്തു ഭക്ഷിക്കുന്ന തിനുള്ള സ്വാതന്ത്ര്യം ഉള്ളവരാണെങ്കിലും ബലഹീന വിശ്വാസിക്ക് ഇടർച്ച വരാതിരിക്കുവാൻ ശ്രമിക്കണം. എല്ലാം ദൈവമഹത്വത്തിനായി ചെയ്യുക. ആർക്കും ഇടർച്ച വരുത്താതിരിക്കുക. ആത്മാക്കളെ ആദായപ്പെടുത്തുവാനും ആത്മിക വർദ്ധനവ് ഉണ്ടാകുവാനും സ്വന്ത താല്പര്യങ്ങൾ ത്യജിക്കുവാൻ പൗലൊസു സന്നദ്ധനായിരുന്നു. മനുഷ്യരുടെ പ്രീതി സമ്പാദിക്കുവാൻ ആയിരുന്നില്ല അത്. താൻ ദൈവ

മഹത്വം ലക്ഷ്യമാക്കി സകലവും ചെയ്തു. നമ്മുടെയും ലക്ഷ്യം അതായിരിക്കട്ടെ.

## അദ്ധ്യായം 11

പൗലൊസു ക്രിസ്തുവിന്റെ അനുകാരി ആയതുപോലെ കൊരിന്ത്യർ പൗലൊസിന്റെ അനുകാരികൾ ആകുവാൻ ആഹ്വാനം നൽകുന്നു. ആത്മീയ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യാതെ ദൈവനാമമഹത്വത്തിനായി പ്രയോജനപ്പെടുത്തണം. ഈ അദ്ധ്യായത്തിൽ രണ്ടു കാര്യങ്ങളാണ് മുഖ്യമായി പ്രതിപാദിക്കുന്നത്. ആദ്യമായി സഭയിൽ ഉണ്ടായിരിക്കേണ്ട അധികാരത്തിന്റെ ക്രമം വ്യക്തമാക്കുന്നു (11:2-16). രണ്ടാമതായി കർത്തൃമേശ ആചരിക്കേണ്ട ക്രമവും വ്യക്തമാക്കുന്നു (11:17-34). വിശ്വാസികളുടെ മദ്ധ്യത്തിൽ പല തെറ്റിദ്ധാരണകൾക്കും വിഷയീഭവിച്ചിട്ടുള്ള ഒരു അദ്ധ്യായമാണ് ഇത്.

### സ്ത്രീകൾ തലയിൽ മൂടുപടം ഇടണം (11:2-16)

സഭായോഗങ്ങളിൽ സ്ത്രീകൾ എങ്ങനെ വസ്ത്രധാരണം ചെയ്യണം എന്ന് ഈ ഭാഗത്തു വിശദീകരിക്കുന്നു. ക്രിസ്തുവിൽ സ്ത്രീപുരുഷവ്യത്യാ സം ഇല്ല. സഭായോഗങ്ങളിൽ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ സംബന്ധിച്ചിരുന്നു. അവർ ചെയ്യുന്ന കാര്യങ്ങളെ പ്രശംസിക്കുവാനും ശാസിക്കുവാനും അപ്പൊസ്തലനു കഴിഞ്ഞിരുന്നു. ദൈവം സകലവും ക്രമമായും ചന്തമായും ചെയ്യുന്നവനാണ്. ആ ക്രമം സൃഷ്ടിയിലും ഭവനത്തിലും ഗവൺമെന്റിലും സഭയിലും ദൃശ്യമാണ്.

സ്ത്രീകൾ തലയിൽ മൂടുപടമിടുന്നതു വചനാനുസരണം ആണോ? അതോ അതു വെറും സാമൂഹ്യസമ്പ്രദായം മാത്രമായിരുന്നോ? ഈ അദ്ധ്യായ ത്തിൽ മൂന്നു പ്രതിരൂപങ്ങളെക്കുറിച്ചുള്ള വിശദീകരണം കാണാവുന്നതാണ്. അവ തല, അപ്പം, വീഞ്ഞ് എന്നിവയാണ്. അപ്പത്തിനും വീഞ്ഞിനും പ്രാധാന്യം നൽകുന്നതുപോലെ തലയെക്കുറിച്ചുള്ള ഉപദേശത്തിനും പ്രാധാന്യം നൽകണം. സൃഷ്ടിയിൽ ഒരു ക്രമമുണ്ട്. ദൈവം, ക്രിസ്തു, പുരുഷൻ, സ്ത്രീ. പുരുഷന്റെ തല ക്രിസ്തുവാണ്. സുവിശേഷം എത്തിയതിന്റെ ഫലമായി സ്ത്രീകൾക്കു സമൂഹത്തിൽ സാമൂഹ്യവും ആത്മികവുമായ പദവികൾ ലഭിച്ചു. തൽഫലമായി സ്ത്രീകൾ എല്ലാറ്റിലും പുരുഷന്മാരോടു തുല്യരാണെന്നുള്ള ചിന്താഗതി ഉണ്ടായി. അതുകൊണ്ടു ദൈവസഭയിൽ അനുവർത്തിക്കേണ്ട ക്രമം വ്യക്തമാക്കിയിരിക്കുന്നു. അതിനു സൃഷ്ടിയിലെ ക്രമം, സാമാന്യബോധം, പ്രകൃതി നൽകുന്ന പാഠം, സഭയിലെ പൊതുവായ ആചാരം എന്നിവ എടുത്തുകാണിക്കുന്നു. പുരുഷന്റെ തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം. ഇവിടെ തല എന്ന വാക്കുകൊണ്ടുള്ള അർത്ഥം വലിപ്പം എന്നല്ല പ്രത്യുത ഉല്പത്തി അഥവാ ക്രമം എന്നാണ്. അക്ഷരമാലയിൽ എല്ലാ അക്ഷരങ്ങളും തുല്യപ്രാധാന്യം ഉള്ളതാണ്. എന്നാൽ അതിന് ഒരു ക്രമം ഉള്ളതായി കാണാം. അതുപോലെ പുരുഷൻ ക്രിസ്തുവിനും, സ്ത്രീ പുരുഷനും, ക്രിസ്തു പിതാവിനും കീഴ്പ്പെട്ടിരിക്കുന്നു.

ക്രിസ്തു സഭയുടെ തലയാകുന്നു (കൊലൊ. 1:18; എഫെ. 1:22,23). അതുകൊണ്ടു പുരുഷനും സ്ത്രീയും ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു. സഭയായും വ്യക്തികളായും ഇതു സത്യമാണ്. പുരുഷൻ ക്രിസ്തുവിന്റെ പ്രതിമയാണ് (1 കൊരി. 15:49). സകലവും ക്രിസ്തു മുഖാന്തരം സൃഷ്ടിക്കപ്പെട്ടു (കൊലൊ. 1:16).

സ്ത്രീയുടെ തല പുരുഷൻ. ഹവ്വാ ആദാമിന്റെ വാരിയെല്ലിൽനിന്നും ഉളവായി. ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴ്പ്പെടണം എന്നുള്ളതു ദൈവിക കല്പനയും ക്രമവും ആകുന്നു (കൊലൊ. 3:18; 1 പത്രൊ. 3:1). ക്രിസ്തു പിതാവിനു തുല്യനാണ്, എന്നാൽ പിതാവിന്റെ ഹിതം നിവർത്തിക്കുവാൻ സ്വയം കീഴ്പ്പെടുത്തി (ഫിലി. 2:6-8). ക്രിസ്തുവിന്റെ നിഴലാണ് പുരുഷൻ. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആണ് (ഉല്പ. 1:26,27; 2:18,21,22). സ്ത്രീ പുരുഷനിൽനിന്നും ഉണ്ടായതിനാൽ പുരുഷന്റെ തേജ സ്സാണ്. തല പുരുഷനാണ്; അവർ തല മൂടുന്നത് അപമാനകരമാകുന്നു. ദൈവസന്നിധിയിൽ ദൈവത്തിന്റെ തേജസ്സു (പുരുഷൻ) മറയ്ക്കപ്പെടരുത് (യെശ. 43:7). സ്ത്രീ പുരുഷനായിട്ടു സൃഷ്ടിക്കപ്പെട്ടവളും അവന്റെ തേജസ്സിനെ പ്രതിബിംബിക്കുന്നവളും ആണ്. അതുകൊണ്ടു പുരുഷന്മാരുള്ള സഭായോഗങ്ങളിൽ സ്ത്രീകളുടെ തേജസ്സ് മറയ്ക്കപ്പെടേണ്ടതാണ്. ദൈവം കല്പിച്ചിരിക്കുന്ന ക്രമത്തിന് അവൾ വിധേയപ്പെട്ടിരിക്കുന്നു എന്നതിന്റെ അടയാളമാണ് അവളുടെ മൂടുപടം. മൂടുപടം ഇട്ടുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചന ഉണ്ട്. എന്നാൽ 1 തിമൊ. 2:12-14 ൽ കാണുന്ന പ്രകാരം സഭായോഗത്തിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തത്തെക്കുറിച്ചു പിൽ ക്കാലത്തു ചില പരിധികൾ കല്പിച്ചിരുന്നു.

സൃഷ്ടിയിലെ ക്രമം എടുത്തുകാണിച്ചുകൊണ്ട് സ്ത്രീകൾ തല മൂടുന്നതു വചനാനുസരണമാകുന്നു എന്നു വ്യക്തമാക്കുന്നു (11:7-12). അതു സ്ത്രീകളുടെ വിധേയത്വവും വിനയവും കാണിക്കുന്നു. ദൂതന്മാർ അതിൽ സന്തോഷിക്കുന്നു. അവർ ദൈവസന്നിധിയിൽ ശുശ്രൂഷിക്കുന്നവരാണ്. സഭായോഗത്തിൽ ദൈവസാന്നിദ്ധ്യം ഉണ്ട്. അവിടെ ദൂതന്മാരുടെ സാന്നിദ്ധ്യവും ഉണ്ട് (എഫെ. 3:10; 1 കൊരി. 4:9; 1 തിമൊ. 5:21). അവരുടെ മുമ്പിൽ ദൈവിക ക്രമത്തിനു വിധേയപ്പെടാത്ത യാതൊന്നും ചെയ്യുവാൻ പാടുള്ളതല്ല. കർത്താവിൽ സ്ത്രീയും പുരുഷനും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകളുടെ മാതൃത്വത്തെ അപ്പൊസ്തലൻ ശ്ലാഘിക്കുന്നു. എന്നാൽ സകലവും ദൈവഹിതപ്രകാരം നിറവേറണം. പ്രകൃതിനിയമപ്രകാരം സ്ത്രീകൾക്കു നീണ്ട മുടിയും പുരുഷന്മാർക്കു നീളം കുറഞ്ഞ മുടിയും ഉണ്ടാകുന്നു. നീളമുള്ള മുടി സ്ത്രീകൾക്കു ഭൂഷണമാണ്. മൂടുപടമില്ലാതെ സ്ത്രീ പ്രാർത്ഥിക്കുമ്പോൾ പുരുഷനു തുല്യയാകുന്നു. അതുകൊണ്ടു സ്ത്രീകൾ തല മൂടുന്നതു പ്രകൃതിനിയമത്തിന് അനുയോജ്യമാണ്.

സ്ത്രീകൾ തല മൂടുന്നതു കൊരിന്തിൽ മാത്രമല്ല മറ്റു സഭകളിലും ഉണ്ടായിരുന്ന പരിചയമാണ്. ഇതു തർക്കിച്ചു സ്ഥാപിക്കേണ്ട ഉപദേശവുമല്ല. അത് അപ്പൊസ്തലിക അംഗീകാരം ലഭിച്ച ആദിമസഭയിലെ നടപടിക്രമമായിരുന്നു. ഈ ഉപദേശം അടിച്ചേല്പിക്കേണ്ട ഒന്നല്ല. ആത്മിക സ്വാതന്ത്ര്യം ലഭിച്ച ദൈവജനം കർത്താവിനോടുള്ള സ്നേഹത്താൽ നിർബന്ധിക്കപ്പെട്ടവരായി അനുസരിക്കേണ്ട സത്യം മാത്രമാകുന്നു. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ.

### തിരുവത്താഴ നടപടിക്രമം (11:17-34)

കർത്തൃമേശ ആചരിക്കുന്നതിനോടുള്ള ബന്ധത്തിൽ അപ്പൊസ്തലൻ കൊരിന്ത്യരെ പ്രശംസിക്കുന്നില്ല. അവർ സ്നേഹവിരുന്ന് ആചരിക്കുന്നതിൽ അപാകത വെളിപ്പെടുത്തി. അവരുടെ ഇടയിൽ ഭിന്നത ഉണ്ടായിരുന്നു (17-22). രണ്ടാമതായി കർത്തൃമേശയെക്കുറിച്ചുള്ള ഉപദേശനിശ്ചയം അവർക്കില്ലായിരുന്നു (23-26). മൂന്നാമതായി അവർ ശിക്ഷാവിധിയിൽ ആകുവാൻ സാദ്ധ്യതകൾ ഉണ്ടായിരുന്നു (27-34).

ആദ്യനൂറ്റാണ്ടിൽ സഭകൾ സ്നേഹവിരുന്ന് ആചരിച്ചിരുന്നു. യെഹൂദന്മാരുടെ ഇടയിലും സമൂഹവിരുന്നുകൾ നടന്നിരുന്നു. അവരെ അനുകരിച്ചതായിരിക്കാം ഇത്. ഈ സദ്യകളിൽ അവരവർ ഭക്ഷണം കൊണ്ടുവന്നിരുന്നു. അതിൽ സമ്പന്നരും ദരിദ്രരും പങ്കുകൊണ്ടിരുന്നു. പലപ്പോഴും സാധുക്കൾക്ക് ആഴ്ചയിൽ ഒരിക്കൽ ലഭിക്കുന്ന സദ്യ ഇതൊന്നുമാത്രമാണ്. എന്നാൽ സമ്പന്നരും സാധുക്കളും തമ്മിൽ സഹകരണം ഇല്ലാതെയായി. അങ്ങനെ സ്നേഹം നഷ്ടപ്പെട്ട സ്നേഹവിരുന്നായി അതു തീർന്നു. സമ്പന്നർ മാത്രം ചേർന്നു സ്നേഹവിരുന്നു കഴിച്ചു. അതേസമയം സാധുക്കൾ വിശന്നിരിക്കുന്ന സ്ഥിതി സംജാതമായി. പൗലൊസ് അവരുടെ ഇടയിലെ കക്ഷിഭിന്നത ചൂണ്ടിക്കാണിച്ചു. ഭിന്നത ഉണ്ടാകുന്നത് ചിലപ്പോൾ ആർ ഉത്തമന്മാർ എന്നു തെളിയേണ്ടതിനാണ്. ഉപദേശപരമായും വ്യക്തികളായും അതു സംഭവിക്കാവുന്നതാണ്. അബ്രഹാം ലോത്തിനോടു വേർപ്പെട്ടു. പൗലൊസും ബർന്നബാസും വേർപെടുന്നതായി കാണുന്നു. ഭിന്നത വേദനാജനകവും ദുഃഖപൂർണവുമാണ്. എന്നാൽ പരിഹരിക്കപ്പെടാൻ മനസ്സില്ലാത്ത വിരോധവും കൈപ്പും സഭയിൽ വെച്ചുപുലർത്തുന്നതിനേക്കാൾ സമാധാനപരമായി വേർപെടുന്നതാണ് ഉത്തമം. സഭ കൂട്ടായ്മയുടെ സ്ഥലമാകുന്നു. അതിനെ അതിഭക്ഷണത്തിനും മദ്യപാനത്തിനുമായി ഉപയോഗിക്കരുത്. അവർ സഭയെ നിന്ദിക്കുന്നു. അതിനേക്കാൾ നല്ലതു സ്വന്ത വീടുകളിൽ സ്നേഹസദ്യ ആചരിക്കുന്നതാണ്.

### കർത്തൃമേശയുടെ പ്രാധാന്യം (11:23-34)

പൗലൊസു കർത്താവിൽനിന്നു നേരിട്ടു പ്രാപിച്ച കല്പനയും ഏതുകാലത്തും ജീവിക്കുന്ന ദൈവജനത്തിനു നൽകിയതുമായ കല്പനയാകുന്നു ഇത്. കർത്താവിന്റെ തിരുവത്താഴത്തെ നാം ലാഘവബുദ്ധിയോടെ വീക്ഷിക്കരുതെന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. സുവിശേഷങ്ങളിൽ കർത്തൃമേശ സ്ഥാപിച്ച കാര്യം പറയുന്നുണ്ട് (മത്താ. 26; മർക്കൊ. 14; ലൂക്കൊ. 22). ക്രൂശുമരണത്തിനു മുമ്പായി കർത്താവു തന്റെ അരുമശിഷ്യന്മാർക്കു നൽകിയ കല്പനയാണ് ഇത്. അപ്പം നുറുക്കൽ (പ്രവൃ. 2:42), കർത്തൃമേശ എന്നീ പേരുകളിൽ ഇതു കൊണ്ടാടുന്നു. രക്ഷിക്കപ്പെട്ടവർക്കുള്ളതാണ് ഇത്. ഒരു പൊതുയോഗമല്ല എന്നു സാരം. കർത്താവിന്റെ രക്തത്തോടും ശരീരത്തോടുമുള്ള കൂട്ടായ്മയെ ഇതു കാണിക്കുന്നു (1 കൊരി. 10:16).

കർത്തൃമേശയെ സംബന്ധിച്ചു വളരെ തെറ്റിദ്ധാരണകളും ഉണ്ടായിട്ടുണ്ട്. അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്നുള്ള വസ്തുമാറ്റ ഉപദേശം അതിൽ ഒന്നാണ്. അതിനു ദൈവവചനത്തിൽ തെളിവൊന്നും ഇല്ല. രണ്ടാമതായി അപ്പവും വീഞ്ഞും മാറുന്നില്ലെങ്കിലും ശരീരത്തിന്റേയും രക്തത്തിന്റേയും സാന്നിദ്ധ്യം അവയുടെ മേൽ ഉണ്ട് എന്നു മറ്റൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. അപ്പവീഞ്ഞുകൾ പങ്കിടുന്നതുവഴി ആത്മിക നന്മകൾ പ്രാപിക്കുന്നു എന്നു ജോൺ കാൽവിൻ അഭിപ്രായപ്പെട്ടു. അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ ചിഹ്നം മാത്രമാണെന്നു സ്വിംഗ്ലി പഠിപ്പിച്ചു. ഈ ചിന്താഗതിക്കാണ് മുൻഗണന ഉള്ളത്. കർത്താവിന്റെ ക്രൂശുമരണത്തെക്കുറിച്ചുള്ള ഓർമ്മ നൽകുന്ന ചിഹ്നം മാത്രമാണ് അപ്പവും വീഞ്ഞും.

ഇതു കർത്താവിന്റെ ഓർമ്മയ്ക്കായി ചെയ്യേണ്ടതാകുന്നു. കർത്താവ് എന്റെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചു. എന്റെ ശിക്ഷ അവൻ സ്വമനസ്സാലെ സഹിച്ചു. അവൻ അത്രമാത്രം എന്നെ സ്നേഹിച്ചു (റോമർ 5:8). ഈ സമയം കർത്താവിനെക്കുറിച്ചുള്ള ചിന്തകളാൽ ഹൃദയം നിറയണം. യിസ്രായേൽ മക്കൾ പെസഹാ ആചരിച്ച് അവരുടെ വീണ്ടെടുപ്പിനെ സ്മരിച്ചു (പുറ. 12:12; 13:13). അതുപോലെ നമ്മുടെ വീണ്ടെടുപ്പുകാരനെ ഓർക്കുവാനുള്ള സമയമാണ് ഇത്.

ക്രിസ്തുവിന്റെ രക്തം നമ്മുടെ പാപമോചനത്തിനായി ചൊരിഞ്ഞ പുതിയനിയമത്തിന്റെ രക്തം ആയിരുന്നു (മത്താ. 26:28). സീനായി പർവ്വതത്തിൽ വെച്ച് ഒന്നാമത്തെ നിയമം രക്തച്ചൊരിച്ചിലോടുകൂടെ സ്ഥാപിച്ചു (പുറ. 24:1-8). ആ ഉടമ്പടിയിൽ യിസ്രായേൽ പരാജയപ്പെട്ടു. 2 കൊരി. 3:3-11 വരെയുള്ള വാക്യങ്ങൾ അതിന്റെ സ്വഭാവം വ്യക്തമാക്കുന്നു. അതു മഷികൊണ്ട് എഴുതിയതായിരുന്നു. കല്പലകയിൽ എഴുതപ്പെട്ടു. അക്ഷരത്തിന്റെ ശുശ്രൂഷയായിരുന്നു. അക്ഷരം കൊല്ലുന്നു. മരണശുശ്രൂഷയായിരുന്നു. മങ്ങിപ്പോകുന്ന തേജസ്സുള്ളതായിരുന്നു. ശിക്ഷാവിധിയുടെ ശുശ്രൂഷയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിൽ മൂലം സ്ഥാപിച്ച പുതിയനിയമം പാപക്ഷമയും നിത്യബന്ധവും നൽകുന്ന മാറിപ്പോകാത്തതും വ്യവസ്ഥ കൂടാതെ ഉള്ളതുമായിരുന്നു (എബ്രാ. 9:15). അത് ആത്മാവുകൊണ്ട് എഴുത പ്പെട്ടു. ഹൃദയമെന്ന മാംസപ്പലകയിൽ എഴുതിയിരിക്കുന്നു. അതു ജീവിപ്പിക്കുന്ന

ആത്മാവിന്റെ ശുശ്രൂഷയാണ്. നീതീകരിക്കുന്ന ശുശ്രൂഷയാകുന്നു. തേജസ്സുള്ളതാണ്. അതുകൊണ്ടു ക്രിസ്തുവിൽ വിശ്വസിക്കുന്നവർ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു ക്രിസ്തുവിന്റെ പ്രതിമയായി രൂപാന്തരപ്പെടുന്നു (2 കൊരി. 3:18). കർത്തൃമേശയിൽ സംബന്ധിക്കുന്നവർ ഈ ചിന്തകൾകൊണ്ടു നിറഞ്ഞു ദൈവത്തെ സ്തുതിക്കുന്നവർ ആകണം.

കർത്തൃമേശ അവന്റെ മരണത്തെ പ്രസ്താവിക്കുന്ന ശുശ്രൂഷയാ കുന്നു. അവന്റെ മരണംകൊണ്ടുള്ള ആവശ്യവും സാധ്യതകളും പ്രസ്താവിക്കുന്നു. അത് എനിക്കുവേണ്ടിയായിരുന്നു. അതുമൂലം എനിക്കു പാപമോചനം ഉണ്ട് (എഫെ. 1:7). ക്രിസ്തുവിന്റെ മരണപുനരുത്ഥാനം അവന്റെ വരവുവരെ ആചരിക്കേണ്ട ഒന്നാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിൽ അഥവാ ഞായറാഴ്ച ശിഷ്യന്മാർ കൂടിവന്ന് അത് ആചരിച്ചു (പ്രവൃ. 20:7). നമ്മുടെ സൗകര്യാർത്ഥം അത് ആണ്ടിൽ ഒരിക്കൽ ആക്കുന്നതു വചനാനുസരണമല്ല.

കർത്തൃമേശ സ്തോത്രം ചെയ്തുകൊണ്ട് ആചരിക്കേണ്ടതാണ് (ലൂക്കൊ. 22:19). ദൈവത്തിനു നന്ദി പറയുന്ന അധരഫലമെന്ന സ്തോത്രയാഗം അർപ്പിക്കണം (എബ്രാ. 13:15). കർത്തൃമേശയ്ക്കുവേണ്ടി കർത്താവിനു സ്തോത്രം അർപ്പിക്കണം. അതിനെ വാഴ്ത്തി ശുദ്ധീകരിക്കണം എന്ന ചിന്ത തെറ്റാകുന്നു. അപ്പവീഞ്ഞുകളെ അനുഗ്രഹിക്കണം എന്ന ഉപദേശവും വേദപുസ്തകത്തിൽ ഇല്ല. ഓരോ വിശ്വാസിയും അപ്പത്തിൽനിന്നും നുറുക്കി ഭക്ഷിക്കണം. സൗകര്യാർത്ഥം ഒരാൾ അപ്പവും വീഞ്ഞും എടുത്തുകൊടുക്കുന്നു. അതല്ലാതെ അതു പുരോഹിതനോ മൂപ്പനോ മാത്രം ചെയ്യാവുന്ന കർമ്മമല്ല. എല്ലാ വിശ്വാസികളും കർത്താവിന്റെ കൈയിൽനിന്നും വാങ്ങി ഭക്ഷിക്കുന്നു. അപ്പത്തിൽനിന്നു മാത്രം ഭക്ഷിച്ചാൽ പോരാ; വീഞ്ഞും കുടിക്കണം. അങ്ങനെ കർത്താവിനെ ആരാധിക്കുന്ന ശുശ്രൂഷയാണ് ഇത്. അത് ആത്മാവിന്റെ പ്രേരണയോടും ആത്മാർത്ഥമായും താഴ്മയോടും ക്രമമായും തുടരേണ്ട ഒന്നാണ്. ദൈവം നമ്മുടെ ആരാധന ആഗ്രഹിക്കുന്നു. അവൻ മാത്രം ആരാധനയ്ക്കു യോഗ്യൻ. അതു ദൈവത്തെ മഹത്വപ്പെടുത്തുന്ന പ്രവൃത്തിയാകുന്നു (സങ്കീ. 50:23). ദൈവസഭയുടെ മുഖ്യ ശുശ്രൂഷയാണ് ആരാധന. നിത്യതയിലും നിലനിൽക്കുന്നതാണ് ആരാധന. ക്രിസ്തു സകല ആരാധനയ്ക്കും യോഗ്യൻ ആകുന്നു (യോഹ. 4:23; വെളി. 5:12). കർത്താവിനെ സർവ്വാംഗസുന്ദരനായി കാണുന്ന ആത്മിക അനുഭവമാണ് ആരാധന (ഉത്തമഗീതം 5:9–16).

പലപ്പോഴും നമ്മുടെ ആരാധന വെറും ഒരു ചടങ്ങായി മാറിപ്പോകാവുന്നതാണ്. ദൈവത്തിനു പ്രസാദമുള്ള ആരാധന നാം കഴിക്കുന്നവർ ആകണം (റോമർ 12:1,2). ദൈവം പ്രസാദിക്കാത്ത ആരാധനകളും ഉണ്ട്. നാം സ്വേച്ഛാരാധന കഴിക്കുന്നവർ ആകരുത് (കൊലൊ. 2:20,21). അതു മനുഷ്യന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കും ഉപദേശത്തിനും അനുസരണമായ ആരാധനയാണ്. അതു പാരമ്പര്യങ്ങൾക്കു പ്രാധാന്യം നൽകുന്നതും ദൈവവചനത്തിനു മുഖ്യസ്ഥാനം നൽകാത്തതുമാണ്. അതു നാമമാത്രവും നശിച്ചു പോകുന്നതുമാണ്.

വ്യർത്ഥ ആരാധന ദൈവം സ്വീകരിക്കയില്ല (മത്താ. 15:7–9) പാരമ്പര്യങ്ങൾക്ക് അത് പ്രാധാന്യം നൽകുന്നു. അജ്ഞാത ദേവനെ ആരാധിക്കുന്നതും തെറ്റാണ് (പ്രവൃ. 17:23). ദൈവത്തെക്കുറിച്ചുള്ള അറിവോ ബന്ധമോ അവർക്കില്ല. വിലകുറഞ്ഞ ആരാധനയെക്കുറിച്ചു നാം മലാഖി പ്രവചന ത്തിൽ കാണുന്നു (1:8). ദൈവം അതിൽ പ്രസാദിക്കുന്നില്ല. ദൈവത്തിന് ഏറ്റവും നല്ലതു കൊടുക്കുവാനുള്ള മനസ്സു നമുക്കുണ്ടാകണം. കണ്ണു പൊട്ടിയതും മുടന്തും ദീനമുള്ളതും ദൈവം സ്വീകരിക്കയില്ല. ദൈവത്തിനുവേണ്ടി ചെലവിടാനും ചെലവായ്പോകാനും നാം മനസ്സുള്ളവർ ആകണം (2 ശമൂ. 24:24). സത്യത്തിലും ആത്മാവിലും നാം കഴിക്കുന്ന ആരാധനയിൽ ദൈവം പ്രസാദിക്കുന്നു. രക്ഷിക്കപ്പെട്ടവർക്കു മാത്രമേ അതു സാധിക്കയുള്ളൂ. സാക്ഷാൽ സത്യമായ ക്രിസ്തുവിനെ അറികയും ആത്മാർത്ഥതയോടുകൂടെ അവനെ ആരാധിക്കയും ചെയ്യുവാൻ കർത്താവ് ഏവരേയും സഹായിക്കട്ടെ.

കർത്തൃമേശയിൽ സംബന്ധിക്കുന്നവർ ക്രിസ്തുവിനോടും കൂട്ടുവിശ്വാസികളോടുമുള്ള അവരുടെ കൂട്ടായ്മയേയും ഐക്യത്തേയും സാക്ഷിക്കുന്നു. അവർ ഒരപ്പത്തിന്റെ അംശികൾ ആണ് (1 കൊരി. 10:17). ഒറ്റതിരിഞ്ഞു കർത്തൃമേശ ആചരിക്കുവാൻ പാടില്ല. വിശ്വാസികൾ അന്യോന്യം കാത്തിരുന്നു ചെയ്യേണ്ട ഒന്നാണ് ഇത്. അതുകൊണ്ട് തക്കസമയത്തുതന്നെ സഭായോഗങ്ങൾക്കു വരുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

കർത്തൃമേശയിൽ അയോഗ്യമായി പങ്കുകൊള്ളരുത്. ഈ ശുശ്രൂഷയുടെ പവിത്രതയും പ്രാധാന്യവും മനസ്സിലാക്കിക്കൊണ്ടു പങ്കുകൊള്ളണം എന്നു സാരം. നമ്മുടെ വീണ്ടെടുപ്പിനായി കർത്താവു സഹിച്ച വ്യഥകൾ ധ്യാനിച്ചുകൊണ്ടു ഭയഭക്തിയോടുകൂടെ ഇതിൽ സംബന്ധിക്കണം. കർത്താവു നമ്മെ ഇതിനു യോഗ്യരാക്കിയതിൽ ഉപരി നമുക്കു യാതൊരു യോഗ്യതയും ഇല്ല. രഹസ്യപാപജീവിതവും സഹവിശ്വാസികളോടുള്ള പകയും പുലർത്തിക്കൊണ്ടു മേശയിൽ സംബന്ധിക്കുന്നതു കർത്താവിനോടു ചെയ്യുന്ന അപരാധവും അവന്റെ വിശുദ്ധിക്കു നിരക്കാത്തതുമാകുന്നു. തന്നെത്താൻ ശോധന ചെയ്തിട്ടുവേണം കർത്തൃമേശയിൽ സംബന്ധിക്കുവാൻ. കർത്താവിനോടു രഹസ്യപാപങ്ങൾ ഏറ്റുപറയുകയും സഹോദരനോടു നിരപ്പുപ്രാപിക്കയും ചെയ്തശേഷം പങ്കുകൊള്ളണം. അല്ലാത്തപക്ഷം ശിക്ഷാവിധിക്കു പാത്രമാകും. ഇവിടെ പറയുന്നതു ബാലശിക്ഷയാണ്. രോഗം, ബലഹീനത, മരണം എന്നീ ശിക്ഷകൾ ഉണ്ടാകാവുന്നതാണ്. ബാലശിക്ഷയുടെ ഉദ്ദേശം യഥാസ്ഥാനപ്പെടുക എന്നുള്ളതാണ്. ബലഹീനത ആത്മികമായും ശാരീരികമായും ഉണ്ടാകാം. വചനം ധ്യാനിക്കുവാനുള്ള മടി, യോഗങ്ങൾ ഉപേക്ഷിക്കുക, ആത്മീയ സന്തോഷരാഹിത്യം എന്നിവ ബലഹീനതയിൽ ഉൾപ്പെടും (എബ്രാ. 12:6,10). ബാലശിക്ഷ ദൈവം നമ്മെ സ്നേഹിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. നാം നമ്മെത്തന്നെ വിധിച്ചാൽ ശിക്ഷാവിധിയിൽ അകപ്പെടുകയില്ല. ഇതു നിത്യശിക്ഷാവിധിയല്ല; നാം യഥാസ്ഥാനപ്പെടുവാനുള്ള ശിക്ഷയാകുന്നു.

സ്നേഹവിരുന്നു കൂടുമ്പോൾ മറ്റുള്ളവർക്കുവേണ്ടി കാത്തിരിക്കണം. വിശപ്പടക്കാൻ വയ്യാത്തവർ സ്വന്തഭവനത്തിൽ വെച്ചു ഭക്ഷണം കഴിച്ചതിനു ശേഷം കൂടിവരണം. അല്ലാത്തപക്ഷം ന്യായവിധിക്ക് അഥവാ ബാലശിക്ഷയ്ക്കു കാരണം ആകും. നമ്മുടെ പ്രത്യാശയെ പുതുക്കുന്ന ശുശ്രൂഷയാണ് ഇത്. വിശുദ്ധ ജീവിതവും ആത്മിക കൂട്ടായ്മയും വർദ്ധിക്കുവാൻ ഇതു സഹായിക്കും. കർത്താവു നൽകിയ ഈ നിയോഗം അനുസരിക്കുന്നതുമൂലം അവന്റെ നാമം മഹത്വപ്പെടും. കർത്താവു നമ്മെ അതിനു സഹായിക്കട്ടെ.

## അദ്ധ്യായം 12

### ആത്മിക വരങ്ങളെക്കുറിച്ചുള്ള ഉപദേശം

കൃപാവരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന അദ്ധ്യായങ്ങളാണ് 12,13,14. ഈ ലേഖനത്തിലെ ഗ്രഹിക്കുവാൻ പ്രയാസമുള്ള അദ്ധ്യായങ്ങളായി ഇവയെ ചിലർ വിശേഷിപ്പിക്കുന്നു. ആദ്യവാക്യത്തിൽ തന്നെ കൃപാവരങ്ങളുടെ പ്രാധാന്യം അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. കൊരിന്ത്യർ ഊമവിഗ്രഹങ്ങളെയും ദേവദാസികളെയും ആരാധിച്ചിരുന്നവരാണ്. കൂടാതെ വികാരാവേശപരവും അനിയന്ത്രിതവുമായ സംസാരം ആത്മികതയുടെ ലക്ഷണമായി അവർ കരുതിയിരുന്നു. ഈ പശ്ചാത്തലത്തിൽനിന്നും രക്ഷിക്കപ്പെട്ടുവന്നവരായിരുന്നു കൊരിന്തിലെ സഭ. അവർ ആത്മീയ വരങ്ങളിൽ തൽപരരായിരുന്നു.

വരങ്ങൾ ദൈവദത്തമാണെന്നു നിർണ്ണയിക്കുവാൻ രണ്ടു തെളിവുകൾ ചൂണ്ടിക്കാണിക്കുന്നു. അതു യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല. രണ്ടാമതായി യേശുവിനെ കർത്താവ് എന്നു സംബോധന ചെയ്യും (12:3). രക്ഷിക്ക പ്പെട്ടവർ ദൈവാത്മാവുള്ളവർ ആകുന്നു (റോമർ 8:9). അവർക്കു യേശു ശപിക്കപ്പെട്ടവൻ എന്നു പറയുവാൻ കഴികയില്ല. മനുഷ്യനായി അവതരിച്ച യേശു ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്നു അംഗീകരിക്കുക അന്നും ഇന്നും പ്രയാസമാണ്. അങ്ങനെ വിശ്വസിച്ചവരെ യെഹൂദന്മാർ വിശ്വാസത്യാഗിക ളായി ഗണിച്ചിരുന്നു. അവർ ശാപഗ്രസ്തരാണ്. ക്രിസ്തു മരത്തിൽ തൂങ്ങപ്പെട്ടവനാണ്. അതുകൊണ്ടു ശപിക്കപ്പെട്ടവനുമാണ് (ഗലാ. 3:13). ക്രിസ്തുവിനെ അനുഗമിക്കുന്നവരും ശപിക്കപ്പെട്ടവരാണ്. തിരുനാമം ദുഷിക്കുവാൻ വിശ്വാസികളെ യെഹൂദന്മാർ നിർബന്ധിച്ചിരുന്നു (പ്രവൃ. 26:11). പീഡനകാലത്തു വിശ്വാസികൾ ഒന്നുകിൽ ക്രിസ്തുവിനെ ശപിക്കുകയോ അല്ലെങ്കിൽ മരിക്കുകയോ ചെയ്യുവാൻ നിർബന്ധിതരായി. പോളിക്കാർപ്പിന്റെ രക്തസാക്ഷിമരണം പ്രസിദ്ധമാണല്ലോ. ക്രിസ്തുവിനെ ദുഷിച്ചുപറയുവാൻ ആവശ്യപ്പെട്ടപ്പോൾ താൻ നൽകിയ മറുപടി ശ്രദ്ധേയമാണ്: “കഴിഞ്ഞ 86 വർഷം ഞാൻ ക്രിസ്തുവിനെ സേവിച്ചു. അവിടുന്ന് എനിക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എന്റെ രാജാവിനെ ഞാൻ എങ്ങനെ ദുഷിച്ചുപറയും?” ക്രിസ്തുവിനു മഹത്വം നൽകാത്ത വരങ്ങൾ ആത്മവരങ്ങൾ അല്ല.

“യേശു കർത്താവ്” എന്നത് ആദിമസഭയുടെ മുദ്രാവാക്യമായിരുന്നു. കർത്താവിനോടുള്ള സമ്പൂർണ്ണ ബഹുമാനം അതു വ്യക്തമാക്കുന്നു. ‘കുറിയോസ്’ എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥമാണ് കർത്താവ് എന്നുള്ളത്. കൈസറെ അങ്ങനെ സംബോധന ചെയ്യുവാൻ നിർബന്ധിച്ചിരുന്നു. എന്നാൽ വിശ്വാസികൾ യേശു മാത്രം കർത്താവ് എന്ന് ഉദ്ഘോഷിച്ചു. പരിശുദ്ധാത്മ നിയന്ത്രണമില്ലാതെ ആർക്കും അങ്ങനെ പറയുവാൻ കഴിയുന്നതല്ല. കൃപാവരങ്ങൾകൊണ്ടു സാധിക്കേണ്ടതും അതാണ്.

### വ്യത്യസ്ത കൃപാവരങ്ങൾ (12:4-11)

കൃപാവരങ്ങൾ നൽകുന്നതിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിത്വത്തിലെ മൂന്നു വ്യക്തികളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവാണ് വരങ്ങൾ നൽകുന്നത്. ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനുള്ളതാണ് വരങ്ങൾ. ദൈവശക്തിയാൽ പ്രായോഗികമാക്കേണ്ടതാണ് ഈ വരങ്ങൾ. പരിശുദ്ധാത്മാവാണ് വരങ്ങൾ പകുത്തുകൊടുക്കുന്നത്. വരങ്ങൾ ഇല്ലാത്ത വിശ്വാസികൾ ഇല്ല. ഈ വരങ്ങൾ തുല്യപ്രാധാന്യമുള്ള വരങ്ങളാണ്. വരപ്രാപ്തി പ്രശംസയിലേക്കു നയിക്കരുത്. അതു വ്യക്തിമാഹാത്മ്യം പ്രകടിപ്പിക്കുവാനായിട്ട് നൽകിയിട്ടുള്ളതല്ല, പിന്നെയോ സഭയുടെ പൊതുപ്രയോജനത്തിനായിട്ടാകുന്നു. എല്ലാ വിശ്വാസികളും കൃപാവരങ്ങൾ ലഭിച്ചവരാണ്. എന്നാൽ ലഭിച്ചിട്ടുള്ള കൃപാവരങ്ങളെക്കുറിച്ചു ബോധമുള്ളവരായി അതു മറ്റുള്ളവരുടെ ആത്മിക അഭിവൃദ്ധിക്കായിട്ടു പ്രയോജനപ്പെടുത്തണം. കൃപാവരംകൊണ്ടുള്ള ആശയം ലഭിച്ച വരം എന്നാണ് (റോമർ 12:6). അതിനു നാം യോഗ്യരല്ല. എങ്കിലും സ്നേഹവാനായ ദൈവം അതു സൗജന്യമായി നൽകിയിരിക്കുന്നു. സ്വന്ത കഴിവുകൊണ്ടു നേടിയെടുക്കാവുന്നതല്ല കൃപാവരങ്ങൾ. എല്ലാ വരങ്ങളും കൃപാവരങ്ങളാണ്. കൃപാവരങ്ങൾ ആത്മിക വര ങ്ങൾ ആകുന്നു (1 കൊരി. 12:1). അതുകൊണ്ടു പരിശുദ്ധാത്മാവിന്റെ നിയന്ത്ര ണത്തിൽ അവ പ്രായോഗികമാക്കണം. അപ്പോൾ അതു സഭയ്ക്കു പ്രയോജന മുള്ള ശുശ്രൂഷയായി തീരും (12:10). കൃപാവരങ്ങളിൽക്കൂടി പരിശുദ്ധാത്മാവു പ്രവർത്തിക്കുമ്പോൾ അതു സഭയ്ക്കു പ്രയോജനമുള്ളതായി വെളിപ്പെടും (12:7). പരിശുദ്ധാത്മാവിന്റെ നിറവുകൂടാതെ കൃപാവരങ്ങൾ പ്രയോജനകരമായ വിധം ഉപയോഗിക്കുവാൻ സാധിക്കുന്നതല്ല.

### കൃപാവരങ്ങളുടെ ഉദ്ദേശം

1. ദൈവമഹത്വം. 1 പത്രൊ. 4:11.
2. അന്യോന്യം ശുശ്രൂഷിക്കുവാൻ. 1 പത്രൊ. 4:10.
3. ഉപയോഗിക്കുവാൻ. റോമർ 12:6-8.

4. ശുശ്രൂഷിക്കുവാൻ. 1 കൊരി. 12:5.
5. പൊതുപ്രയോജനത്തിനായിട്ട്. 1 കൊരി. 12:7.
6. വിശുദ്ധന്മാരെ പ്രാപ്തരാക്കുവാൻ. എഫെ. 4:12,13.
7. സഭയുടെ ആത്മിക വർദ്ധനയ്ക്ക്. എഫെ. 4:13.

വിവിധ വരങ്ങളെക്കുറിച്ചു നാം റോമർ 12:6–8; 1 കൊരി. 12:8–10; 12:28–30; എഫെ. 4:11; 1 പത്രൊ. 4:8–11 എന്നീ വേദഭാഗങ്ങളിൽ കാണുന്നു. അവയെ ശുശ്രൂഷാവരങ്ങൾ, പ്രവചനവരങ്ങൾ (speaking gifts), അടയാളവരങ്ങൾ എന്നിങ്ങനെ വിഭജിച്ചു പഠിക്കാവുന്നതാണ്.

## എങ്ങനെ കൃപാവരങ്ങളെ മനസ്സിലാക്കാം?

ഒന്നാമതായി പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം (എഫെ. 5:18–21; കൊലൊ. 3:15–17). ദൈവവചനം പഠിക്കയും അനുസരിക്കയും ചെയ്യുമ്പോൾ നാം ആത്മാവിന്റെ നിയന്ത്രണമുള്ളവരാകും. അപ്പോൾ അവർക്കു നൽകിയിരിക്കുന്ന വരങ്ങളെക്കുറിച്ചു പ്രകാശനം ലഭിക്കും (1 കൊരി. 12:7). കൂടാതെ അവരുടെ ശുശ്രൂഷകൾ പൊതുപ്രയോജനമുള്ളതായും ബോധ്യമാകും. അതു വിവേചിച്ചു മനസ്സിലാക്കുവാൻ ആത്മിക പക്വത വന്ന ദൈവജനത്തിനു കഴിയണം. കൂടാതെ അത് അംഗീകരിക്കയും സഭയ്ക്കു പ്രയോജനമുള്ളതാക്കി തീർക്കയും ചെയ്യണം.

ലഭിച്ചിരിക്കുന്ന ആത്മിക വരം അറിയുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നവരാകണം (1 കൊരി. 12:3; റോമർ 1:11). പൗലൊസു റോമിലുള്ള വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അതാണ്. കൂടാതെ ആ അറിവ് അനുസരിക്കുവാനുള്ള മനസ്സും ഉണ്ടാകണം. ആത്മാർത്ഥമായ പ്രാർത്ഥനകൊണ്ടുള്ള ആശയം അതാണ്. കൂടാതെ കൃപാവരങ്ങളെക്കുറിച്ചു തിരുവചനം എന്തു പറയുന്നു എന്നുള്ള അറിവും അതിന് ആവശ്യമാണ്. കൃപാവരം ഉപയോഗിക്കുന്നതിലുള്ള സ്വാതന്ത്ര്യവും സന്തോഷവും സംതൃപ്തിയും ലഭിച്ച കൃപാവരത്തെക്കുറിച്ചുള്ള ബോധം നൽകുന്നു. സ്വന്തം കഴിവിനും ശക്തിക്കും ഉപരിയായി ദൈവശക്തി ലഭിച്ചവരായി ശുശ്രൂഷകളിൽ പ്രയോജനപ്പെടുന്നതും ലഭിച്ച കൃപാവരത്തെക്കുറിച്ചുള്ള ഉറപ്പു നൽകും. സഭയിൽ വിശ്വാസികൾക്കു ലഭിച്ച കൃപാവരങ്ങളെ പ്രയോജനപ്പെടുത്തുവാൻ അവസരങ്ങൾ നൽകണം. കൂടാതെ സഭയ്ക്ക് അതു ബോധ്യമായാൽ അവരെ അംഗീകരിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യണം.

## കൃപാവരങ്ങൾ (12:8–10)

ഈ അദ്ധ്യായത്തിൽ 9 വരങ്ങളെക്കുറിച്ചു പറയുന്നു. അത് എല്ലാവരുടേയും അനുഗ്രഹത്തിനും സഭയുടെ ആത്മികാഭിവൃദ്ധിക്കുമായി നൽകിയിരിക്കുന്നു.

### 1. ജ്ഞാനത്തിന്റെ വചനം

ദൈവവചനം ഗ്രഹിച്ച് ആത്മീയമായി വിലയിരുത്തുവാനുള്ള കഴിവാണ് ഈ ജ്ഞാനം. ദൈവവചനം ദൈവവെളിപ്പാടാകുന്നു. അതു നമ്മെ രക്ഷയ്ക്കു ജ്ഞാനിയാക്കുന്ന വചനം ആണ് (2 തിമൊ. 3:14). ക്രിസ്തുവിൽ ജ്ഞാനത്തിന്റെ ആത്മാവുണ്ടായിരുന്നു (യെശ. 11:2). ശലോമോൻ ഈ ജ്ഞാനത്തിനായി അപേക്ഷിച്ചു. വിശ്വാസികളെക്കുറിച്ച് അപ്പൊസ്തലൻ ആഗ്രഹിച്ചതും അതാണ് (എഫെ. 1:17). ഹൃദയദൃഷ്ടി പ്രകാശിക്കപ്പെടുമ്പോൾ മാത്രമേ ഈ ജ്ഞാനം ലഭിക്കുകയുള്ളൂ. ക്രിസ്തുവിൽ അതു നിക്ഷിപ്തമായിരിക്കുന്നു (കൊലൊ. 2:3).

### 2. പരിജ്ഞാനത്തിന്റെ വചനം

ദൈവം കാര്യങ്ങളെ എങ്ങനെ കാണുന്നു എന്നുള്ള അറിവാണ് ജ്ഞാനം. പരിജ്ഞാനം ആ അറിവ് ജീവിതത്തോടു ബന്ധിപ്പിക്കുന്നതിനുള്ള കഴിവാണ്. അനുഭവജ്ഞാനം ദൈവത്തെ രുചിച്ചറിയുന്ന അനുഭവമാണ്. ജ്ഞാനം ഉപദേശത്തോടും പരിജ്ഞാനം ജീവിതത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് അനേകർക്കും ജ്ഞാനമുണ്ടെങ്കിലും പരിജ്ഞാനമില്ല എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു.

### 3. വിശ്വാസം

ഇതു രക്ഷയ്ക്കു മുഖാന്തരമായ വിശ്വാസമല്ല. ആത്മഫലത്തിൽ ഉൾ പ്പെട്ട വിശ്വാസവുമല്ല (എഫെ. 2:8; ഗലാ. 5:22). മലകളെ നീക്കുന്ന അത്ഭുത പ്രവർത്തനത്തിനുള്ള വിശ്വാസം ആണ് (മത്താ. 17:21). വിശ്വാസവീരന്മാരെ സൃഷ്ടിക്കുന്ന വിശ്വാസമാണ്. അതു വിശ്വാസവീരന്മാരിൽ വ്യാപരിച്ചിരുന്നു (എബ്രാ. 11).

### 4. രോഗശാന്തിവരം

രോഗങ്ങൾ പെട്ടെന്നും പൂർണമായും സൗഖ്യമാക്കുന്ന പ്രവൃത്തിയാകുന്നു ഈ വരം. അപ്പൊസ്തല പ്രവൃത്തികളിൽ ഇതു കാണാം (4:30). ഇതു രോഗശാന്തികളുടെ വരമാണ്. ഇവിടെ ബഹുവചനംകൊണ്ടുള്ള ആശയം ഓരോ പ്രാവശ്യം സൗഖ്യം വരുമ്പോൾ പുതിയ വരം ആവശ്യമാണെന്നാണ്. കൂടാതെ ഇവിടെ പ്രാധാന്യം നൽകുന്നതു സൗഖ്യം വരുന്നതിനാണ്. അല്ലാതെ സൗഖ്യം വരുത്തുന്ന പ്രവൃത്തിക്കോ വ്യക്തിക്കോ അല്ല. അപ്പൊസ്തലന്മാരാൽ ഇതു സംഭവിച്ചിരുന്നു. അടയാളവരമായി (sign gift) അത് ഉപയോഗിച്ചിരുന്നു. അവരുടെ കാലശേഷം ആ നിലയിൽ കാണുന്നില്ല. പൗലൊസ്, തിമൊഥെയൊസ്, ത്രൊഫിമൊസ്, എപ്പഫ്രൊദിത്തൊസ് തുടങ്ങിയവർ രോഗികൾ ആയിരുന്നു. യാക്കോബ് 5:13,14–ൽ പ്രാർത്ഥനയാൽ രോഗസൗഖ്യം ലഭിക്കുന്നതിനു മൂപ്പന്മാരെ വിളിക്കുവാൻ പറയുന്നുണ്ട്. ഇന്നും പ്രാർത്ഥനയാൽ സൗഖ്യം നൽകുവാൻ ദൈവത്തിനു കഴിയും.

**5. വീര്യപ്രവൃത്തികൾ**

പ്രവൃത്തികളുടെ പുസ്തകത്തിൽ വീര്യപ്രവൃത്തികളെക്കുറിച്ചു കാണാം (5:1-12; 9:32-43; 13:8-12). ഇതു ദൈവ രാജ്യത്തിന്റെ തെളിവാകുന്നു. പത്രൊസ് തബീഥയെ ഉയിർപ്പിച്ചത് ഒരു തെളിവാകുന്നു.

**6. പ്രവചനം**

ഈ വരം താല്ക്കാലികമായിരുന്നു. ഭാവിയെക്കുറിച്ചു പറയുക, ദൈവവചനം പ്രസ്താവിക്കുക എന്നീ ആശയങ്ങൾ ഇതിനുണ്ട് (പ്രവൃ. 11:27,28; 14:3,24). സഭ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. അവർ ദൈവാത്മനിശ്വസ്തരായി അടിസ്ഥാന ഉപദേശങ്ങൾ നൽകി. ആ നിലയിൽ ഇന്നു പ്രവാചകന്മാർ ഇല്ല. അല്ലായെങ്കിൽ ഇന്നും അടിസ്ഥാനപ്പണി തുടരുന്നു എന്നും ബൈബിൾ ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടല്ലെന്നും പറയേണ്ടിവരും.

**7. ആത്മാക്കളുടെ വിവേചനം**

ഈ വരം അപ്പൊസ്തലന്മാർക്ക് ഉണ്ടായിരുന്നു. അന്ന് എഴുതപ്പെട്ട വചനം ഉണ്ടായിരുന്നില്ല. ഈ വരം സത്യ പ്രവാചകന്മാരെ കള്ളപ്രവാചകന്മാരിൽനിന്നും തിരിച്ചറിയാൻ സഹായിച്ചു. യോഹന്നാനും പൗലൊസും ഈ വസ്തുത ലേഖനങ്ങളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട് (1 തെസ്സ. 5:20,21; 1 യോഹ. 4:1).

**8. ഭാഷാവരം**

പഠിച്ചിട്ടില്ലാത്ത ഭാഷ സംസാരിക്കുവാനുള്ള കഴിവാണ് ഇത് (പ്രവൃ. 2:4; 10:45; 19:6). പ്രവൃത്തി 2-ൽ വിവിധ ഭാഷകൾ സംസാരിച്ചതായി കാണുന്നു. കേട്ടവർക്ക് ആ ഭാഷകൾ മനസ്സിലായി. ഇത് അടയാളവരമായിരുന്നു. അപ്പൊസ്തലന്മാരുടെ പ്രസംഗം ദൈവദത്തമാണെന്നു തെളിയിക്കപ്പെടുവാൻ ഇതു സഹായിച്ചു. വളരെ വാദപ്രതിവാദങ്ങൾക്ക് ഇതു വിഷയീഭവിച്ചിട്ടുണ്ട്. കൊരിന്ത്യർ ഈ വരത്തിന് അമിത പ്രാധാന്യം നൽകിയിരുന്നു. അപ്പൊസ്തലൻ ഒടുവിലായി ഈ വരം ചേർത്തിരിക്കുന്നതും ശ്രദ്ധേയമത്രെ.

**9. വ്യാഖ്യാനവരം**

ഭാഷാവരത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു. കൊരിന്തിൽ ഭാഷാവരമുള്ളവർ സഭയ്ക്കു പ്രയോജനപ്പെടുവാൻ വ്യാഖ്യാനവരം ആവശ്യമായിരുന്നു (14:7-13). ഈ വരങ്ങൾ ദൈവാത്മാവിന്റെ പ്രവർത്തനവും ശക്തിയും വെളിപ്പെടുത്തുന്നതായിരുന്നു. അപ്പോൾ സഭ സജീവമായി തീരുന്നതാണ്.

## ഏകശരീരത്തിൽ അവയവങ്ങളുടെ ഐക്യം (12:12-27)

## ആത്മസ്നാനത്തിന്റെ ആവശ്യം (12:12,13)

ഇവിടെ സഭയെ ശരീരത്തോടു പൗലൊസ് ഉപമിച്ചിരിക്കുന്നു. പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു (റോമർ 12:5). ഓരോരുത്തർക്കും നിർവ്വഹിക്കുവാൻ ഓരോ ചുമതലയുണ്ട്. അവയവങ്ങൾ ശരീരത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്നതു പോലെ വിശ്വാസികൾ അവരുടെ വരങ്ങൾ സഭയുടെ ആത്മികാഭിവൃദ്ധിക്കായിട്ട് ഉപയോഗിക്കണം.

സഭ ക്രിസ്തുവിന്റെ ശരീരം ആണ്. യേശുക്രിസ്തു മുഖാന്തരം വീണ്ടെടുക്കപ്പെട്ടവർ ഒന്നായി തീർന്നിരിക്കുന്നു. ഈ ഐക്യബന്ധം പരിശുദ്ധാത്മ സ്നാനത്താലാണ് സംഭവിക്കുന്നത്. അതു മത്താ. 3:11; യോഹ. 1:33; പ്രവൃ. 1:5 എന്നീ പ്രവചനങ്ങളുടെ നിവൃത്തിയായിരുന്നു. വീണ്ടും ജനിക്കുന്ന നിമിഷ ത്തിൽ സംഭവിക്കുന്നതാണ് ആത്മസ്നാനം. അതിനായി കാത്തിരുന്നു പ്രാർത്ഥിക്കണം എന്ന് എങ്ങും പറയുന്നില്ല. അന്യഭാഷഭാഷണം മാത്രം അതിന്റെ ലക്ഷണവും അല്ല. കർത്താവ് ഇന്നും തന്റെ മാർമ്മിക ശരീരമായ സഭയോടു രക്ഷിക്കപ്പെട്ടവരെ ചേർക്കുന്നത് ആത്മസ്നാനം മുഖാന്തരം ആണ് (പ്രവൃ. 2:47). വീണ്ടും ജനിക്കുന്നതു ക്രിസ്തുവിൽ വിശ്വസിക്കുമ്പോളാണ്. ക്രിസ്തുവിന്റെ മരണപുനരുത്ഥാനം ഒരിക്കൽ മാത്രമേ സംഭവിക്കുന്നുള്ളൂ. എന്നാൽ ഏതു കാലത്തു ജീവിക്കുന്നവരും ഒരിക്കൽ സംഭവിച്ച അതിൽ വിശ്വസിക്കുന്നതു മുഖാന്തരമാണ് രക്ഷിക്കപ്പെടുന്നത്. അതുപോലെ സഭയുടെ അംഗമായി തീരുന്നത് ഒരിക്കൽ സംഭവിച്ച ആത്മസ്നാനം മൂലമാകുന്നു. സഭ ഉരുവായത് ആത്മസ്നാനം മുഖാന്തരമാണ്. ഇതിൽ ജാതി വ്യത്യാസം ഇല്ല. പഴയനിയമത്തിൽ ആത്മസ്നാനത്തെ സംബന്ധിച്ചു പറയുന്നില്ല. ആത്മസ്നാനം പ്രാപിക്കാത്ത പുതിയനിയമ വിശ്വാസികൾ ഇല്ല. അതിന്റെ തെളിവ് ആത്മാവിന്റെ സാക്ഷ്യമാണ് (റോമർ 8:14-16). കൊരിന്തിൽ എല്ലാവരും ആത്മസ്നാനം പ്രാപിച്ചിരുന്നെങ്കിലും എല്ലാവരും അന്യഭാഷ സംസാരിച്ചിരുന്നില്ല (1 കൊരി. 12:13,30).

## എല്ലാ വരങ്ങളും പ്രയോജനമുള്ളതാണ് (12:14-31)

ദൈവം തന്റെ പരമാധികാരത്തിൽ നൽകുന്നതാണ് വരങ്ങൾ. അതിൽ വലിപ്പച്ചെറുപ്പം ഇല്ല. എല്ലാ വരങ്ങളും ഐക്യതയോടെ ഉപയോഗിക്കുമ്പോൾ മാത്രമേ സഭ അനുഗ്രഹിക്കപ്പെടുകയുള്ളൂ. ഒരു അവയവത്തിനു മറ്റൊരു അവയവത്തിന്റെ ജോലി നിർവ്വഹിക്കുവാൻ കഴിയുന്നതല്ല. ഒരു വരവും അവഗണിക്കുവാൻ പാടില്ല. മറ്റൊരുത്തന്റെ വരത്തിനായിട്ടു വ്യാമോഹിക്കുന്നതു തെറ്റാണ്. അവയവങ്ങൾ അന്യോന്യം കരുതലോടെ പ്രവർത്തിക്കുന്നതു പോലെ കൃപാവരങ്ങൾ കരുതലോടെ ഉപയോഗിക്കണം. ബലമുള്ളവർ ബലഹീനരെ താങ്ങുവാൻ ബാദ്ധ്യസ്ഥരാ

ണ്. ഓരോ വിശ്വാസിയുടേയും അനുഭവം സഭയെ പൊതുവായി ബാധിക്കും. അതുകൊണ്ടു ലഭിച്ചിരിക്കുന്ന വരങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കും ഉള്ളതാകുന്നു.

സഭ ക്രിസ്തുവിന്റെ ശരീരം ആകയാൽ ക്രിസ്തുവിനെ വെളിപ്പെടുത്തണം. ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന സഭകളായി തീരുന്നത് എത്ര ഭാഗ്യം. സഭയുടെ ഐക്യവും വൈവിദ്ധ്യവും വ്യക്തമാക്കുവാൻ അപ്പൊസ്തലൻ പിന്നെ ചില കൃപാവരങ്ങളെക്കുറിച്ചു രേഖപ്പെടുത്തുന്നു (27-31). അത് എഫെ. 4:4-11 ൽ കൊടുത്തിരിക്കുന്ന വരങ്ങളും മറ്റുമാണ്. കൂടാതെ വരങ്ങളുടെ പ്രാധാന്യക്രമത്തിലും അതു സൂചിപ്പിച്ചിരിക്കുന്നു.

1. **അപ്പൊസ്തലന്മാർ.** ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ട പ്രതിനിധികൾ. അവരെ ക്രിസ്തു നേരിട്ടു നിയമിച്ചു. അവർ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികൾ ആണ്. അത്ഭുതങ്ങൾ ചെയ്യുവാൻ അധികാരം ലഭിച്ചവരാണ്. ഈ ലക്ഷണങ്ങൾ ഒരു അപ്പൊസ്തലന്റെ യോഗ്യതകൾ ആകുന്നു (എഫെ. 4:11; 1 കൊരി. 9:1; 2 കൊരി. 12:12). ഈ നിരയിലുള്ള അപ്പൊസ്തലന്മാർ ഇന്നില്ല.
2. **പ്രവാചകന്മാർ.** ദൈവത്തിന്റെ ആലോചന അറിയിക്കുന്നവർ.
3. **ഉപദേഷ്ടാക്കന്മാർ.** ദൈവവചനം പഠിപ്പിക്കുവാൻ ആത്മപ്രകാശനവും വരവും ലഭിച്ചവരാണ് ഇവർ. സഭയ്ക്കകത്തു ശുശ്രൂഷിക്കുന്ന ഇവർ പ്രവാചകന്മാരുടെ സ്ഥാനം ഇന്നു വഹിക്കുന്നു. വെളിപ്പാടും ആത്മനിശ്വാസ്യതയും ഇവർക്കില്ല.
4. **വീര്യപ്രവൃത്തികൾ.** ദൈവവചനം സത്യമാണെന്നു തെളിയിക്കുവാനുള്ളതായിരുന്നു അത്. ഇന്നു സാക്ഷികളുടെ വലിയ സമൂഹം നമുക്കു ചുറ്റുമുള്ളതുകൊണ്ടു വചനം സത്യമാകുന്നു (എബ്രാ. 12:1).
5. **രോഗശാന്തിവരം.** ഇന്ന് അതു സാർവ്വത്രികമായി കാണുന്നില്ല. ഭക്തരായ ദൈവദാസന്മാർ പലരും രോഗികളായി കഴിയുന്നു. പ്രാർത്ഥനയാൽ രോഗശാന്തി എന്ന പ്രമാണം തിരുവചനാനുസരണമാണ്.
6. **സഹായം ചെയ്യാനുള്ള വരം.** ആവശ്യം എന്തെന്നു മനസ്സിലാക്കി സന്തോഷത്തോടുകൂടെ സഹായിക്കുവാനുള്ള വരമാണ് ഇത്.
7. **പരിപാലനവരം.** സഭയിലെ മൂപ്പന്മാരുടെ ഇടയശുശ്രൂഷയെ ഇതു കാണിക്കുന്നു (എബ്രാ. 13:17; 1 തെസ്സ. 5:12).
8. **ഭാഷാവരം.** പഠിച്ചിട്ടില്ലാത്ത ഭാഷ സംസാരിക്കുവാനുള്ള കഴിവാണ് ഇത്. അവർ ആത്മനിറവിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതല്ലാതെ ഇതു വികാരാവേശത്താൽ പുറപ്പെടുന്ന അപശബ്ദമല്ല. ഇവിടെയും ഭാഷാവരം ഒടുവിലായി രേഖപ്പെടുത്തുന്നു എന്നുള്ളത് അതിന്റെ പ്രാധാന്യക്കുറവു വെളിപ്പെടുത്തുന്നു.

12:29,30 വാക്യങ്ങളിൽ 7 ചോദ്യങ്ങൾ കാണുന്നു. അതിനു നിഷേധരൂപത്തിലുള്ള മറുപടിയാണുള്ളത്. ശ്രേഷ്ഠവരങ്ങൾ വാഞ്ഛിക്കുവാൻ ആഹ്വാനം നൽകിയശേഷം അതിശ്രേഷ്ഠമായൊരു മാർഗ്ഗം കാണിച്ചുതരുവാൻ അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. അതു സ്നേഹത്തിന്റെ മാർഗ്ഗമാണ്. അങ്ങനെ കൃപാവരങ്ങൾ എങ്ങനെ ഉപയോഗിക്കണം എന്നു നാം അറിയുവാൻ പൗലൊസ് ആഗ്രഹിക്കുന്നു.

## അദ്ധ്യായം 13

ഈ അദ്ധ്യായം ഒരു സ്നേഹകീർത്തനം ആണ്. ബൈബിളിലെ അതിശ്രേഷ്ഠ അദ്ധ്യായമായി ഇതിനെ കരുതുന്നു. സ്നേഹം ദൈവത്തിൽനിന്നും ഉത്ഭവിക്കുന്നതും നിത്യവും ആകുന്നു. ക്രിസ്തുമാർഗ്ഗത്തിന്റെ സത്ത് നിസ്വാർത്ഥസ്നേഹമാണ്. അതു നാം ക്രിസ്തുവിൽ കാണുന്നു. ക്രിസ്തുവിൽക്കൂടി മാത്രമേ സ്നേഹമെന്തെന്നു ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ (1 യോഹ. 4:7,8). കഴിഞ്ഞ അദ്ധ്യായത്തിൽ നാം കൃപാവരങ്ങളെക്കുറിച്ചു കാണുകയുണ്ടായി. 14-ാം അദ്ധ്യായത്തിൽ അവ സഭയിൽ പ്രായോഗികമാക്കേണ്ട വിധത്തെക്കുറിച്ചുള്ള നിർദ്ദേശം നൽകുന്നു. അത് അനുസരിക്കുവാൻ നാം 13-ാം അദ്ധ്യായം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്തതാകുന്നു. ഈ അദ്ധ്യായത്തെ മൂന്നായി തിരിക്കാം. സ്നേഹത്തിന്റെ ശ്രേഷ്ഠതകൾ (1-3); സ്നേഹത്തിന്റെ ലക്ഷണങ്ങൾ (4-7); സ്നേഹത്തിന്റെ നിത്യസ്വഭാവം (8-13). സ്നേഹത്തിന് ഒരു നിർവ്വചനം നൽകുക അസാധ്യമാണ്. അതു സൂര്യാസ്തമന ത്തിന്റെ സൗന്ദര്യം നിർവ്വചിക്കുന്നതുപോലെയാണ്. സ്നേഹം ദൈവസ്വഭാവത്തിന്റെ അന്തസ്സത്തയും ദൈവസഭയുടെ കെട്ടുറപ്പിനാധാരവുമായ ദിവ്യശക്തിയുമാണ്. അതിന്റെ അഭാവത്തിൽ കൃപാവരങ്ങൾ പ്രയോജനരഹിതങ്ങളാണെന്ന് ഈ അദ്ധ്യായം വ്യക്തമാക്കുന്നു.

### സ്നേഹത്തിന്റെ ശ്രേഷ്ഠതകൾ (13:1-3)

ഇവിടെ സ്നേഹത്തിന് ഉപയോഗിച്ചിട്ടുള്ള വാക്കിന്റെ അർത്ഥം നിസ്വാർ ത്ഥ സ്നേഹം എന്നാണ്; അയോഗ്യരെ കരുതുന്ന സ്നേഹം. സ്വയം ത്യജിച്ചുകൊണ്ടു മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കയും പ്രവർത്തിക്കയും ചെയ്യുന്നതാണ് ഈ സ്നേഹം. ക്രിസ്തു ആ സ്നേഹമാണ് പ്രദർശിപ്പിച്ചത് (റോമർ 5:8). ദൈവസ്നേഹത്തിന്റെ സ്വഭാവം അതാകുന്നു (യോഹ. 3:16). വിശ്വാസികളിൽ പകർന്നിരിക്കുന്നത് ആ സ്നേഹമാണ് (റോമർ 5:5). ആത്മാവിന്റെ ഫലം സ്നേഹമാകുന്നു (ഗലാ. 5:22). ആ സ്നേഹം നമ്മുടെ ഹൃദയത്തേയും മനസ്സിനേയും ഇച്ഛാശക്തിയേയും നിയന്ത്രിക്കണം. അതിനു പരിശുദ്ധാത്മ നിറവ് ആവശ്യമാകുന്നു. അത്ഭുതവരങ്ങളും മറ്റു ശ്രേഷ്ഠവരങ്ങളും സ്നേഹ

മില്ലായെങ്കിൽ കേവലം പൂജ്യം മാത്രമാണ്. ഇവിടെ മനുഷ്യരുടേയും ദൂത ന്മാരുടേയും ഭാഷകൾ സംസാരിച്ചാലും സ്നേഹമില്ലായെങ്കിൽ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രെ. അതു സംഗീതമില്ലാത്ത വെറും ശബ്ദം മാത്രമാകുന്നു.

## സ്നേഹത്തിന്റെ ലക്ഷണങ്ങൾ (13:4-7)

ഈ ഭാഗത്തു സ്നേഹത്തിന്റെ 14 പ്രത്യേകതകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

1. **ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നു.** ദൈവം ദീർഘക്ഷമ ഉള്ളവനാണ് (റോമ. 2:4). അതു കോപ ത്തിനെതിരെ ആത്മനിയന്ത്രണം പാലിക്കുന്നു (യാക്കോ. 5:7). അതു ശക്തിയുടെ അടയാളവും വിജയത്തിന്റെ മാർഗ്ഗവുമാണ്. ദയ നന്മചെയ്യുവാനുള്ള മനസ്സാണ് (കൊലൊ. 3:12).
2. **സ്നേഹം സ്പർദ്ധിക്കുന്നില്ല.** സ്വയം പ്രശംസിച്ചു ഭിന്നത സൃഷ്ടിക്കുന്നില്ല. എല്ലാം ദൈവദാനമാണെന്ന് അംഗീകരിക്കുന്നു.
3. **നിഗളിക്കുന്നില്ല.** മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ എന്നു ഗണിക്കുന്നില്ല.അങ്ങനെ ഗണിച്ചാൽ ഭിന്നതയും കക്ഷി വഴക്കും ഉണ്ടാകുവാൻ ഇതു കാരണമാകും. നാം കർത്താവിൽ പ്രശംസിക്കുന്നവർ ആകണം.
4. **ചീർക്കുന്നില്ല.** നിഗളം വെളിപ്പെടുത്തുന്നതിനെ ഇതു കാണിക്കുന്നു. താഴ്മയെ കാണിക്കുന്നു.
5. **അയോഗ്യമായി നടക്കുന്നില്ല.** മറ്റുള്ളവരോടു ബഹുമാനപുരസ്സരം ഇടപെടും. മറ്റുള്ളവർക്ക് ഇടർച്ച ഉണ്ടാ ക്കുന്നവർ ആകരുത്.
6. **സ്വാർത്ഥം അന്വേഷിക്കുന്നില്ല.** സ്വന്ത താല്പര്യത്തിനു പ്രാധാന്യം നൽകുന്നതാണ് സ്വാർത്ഥം.
7. **ദേഷ്യപ്പെടുന്നില്ല.** പ്രകോപനത്തിനു വശംവദനാകുന്നില്ല.
8. **ദോഷം കണക്കിടുന്നില്ല.** ദോഷം ചെയ്യുന്നവരോടു പ്രതികാരബുദ്ധി യോടെ ഏർപ്പെടുന്നില്ല. പ്രതികാര ത്തിന് അവസരം അന്വേഷിക്കുന്നില്ല. ദോഷം ഹൃദയത്തിൽ സംഗ്രഹിക്കുന്നില്ല.
9. **അനീതിയിൽ സന്തോഷിക്കുന്നില്ല.** ദൈവത്തിനു വിരോധമായിട്ടുള്ള കാര്യങ്ങളിൽ സന്തോഷിക്കുന്നില്ല. മറ്റുള്ളവരുടെ തിന്മ പ്രവൃത്തികളിൽ സന്തോഷിക്കുന്നില്ല.
10. **സത്യത്തിൽ സന്തോഷിക്കുന്നു.** അനീതിക്കെതിരായ സത്യത്തിന്റെ വിജയത്തിൽ സന്തോഷിക്കുന്നു.
11. **എല്ലാം പൊറുക്കുന്നു.** മറ്റുള്ളവരുടെ എതിർപ്പും ഉപദ്രവങ്ങളും പരസ്യമാക്കാതെ എല്ലാം സ്വമനസ്സാലെ സഹിക്കുന്നു.
12. **എല്ലാം വിശ്വസിക്കുന്നു.** സ്നേഹിക്കുന്നവരുടെ വാക്കു വിശ്വസിക്കുന്നു. അവരിൽ വിശ്വാസം നഷ്ടപ്പെടാ തിരിക്കുന്നു.
13. **എല്ലാം പ്രത്യാശിക്കുന്നു.** ശുഭപ്രതീക്ഷ ഉള്ളവരാകുന്നു. ഒരിക്കലും പ്രത്യാശ നഷ്ടപ്പെടുന്നില്ല.
14. **എല്ലാം സഹിക്കുന്നു.** ഭയപ്പെടാതെ കർത്തവ്യബോധത്തോടുകൂടെ കഷ്ടതകൾ സഹിച്ചുകൊണ്ടു മുന്നേറു ന്നു.

ഈ ആശയങ്ങളാണ് സ്നേഹത്തിന്റെ ലക്ഷണങ്ങൾക്കുള്ളത്.

## സ്നേഹത്തിന്റെ നിത്യസ്വഭാവം (13:8-13)

സ്നേഹം മറ്റു വരങ്ങളേക്കാൾ ശ്രേഷ്ഠമാകുന്നു. അതു നിത്യതയിലും നിലനിൽക്കുന്നു. മറ്റു വരങ്ങൾ ഭൂമി യിൽ അവസാനിക്കും. പുഷ്പങ്ങൾ ഉതിർന്നുപോകുന്നതുപോലെ ശേഷം വരങ്ങൾ നീങ്ങിപ്പോകും. അത്ഭുതവര ങ്ങൾ അപ്പൊസ്തലന്മാരുടെ കാലശേഷം ഇല്ലാതായി. അതിൽ പ്രവചനവരം, ജ്ഞാനം, ഭാഷാവരം എന്നിവ ഉൾപ്പെ ടും. എന്നാൽ സ്നേഹം അനശ്വര മാണ്.

പൗലൊസ് ഈ ലേഖനമെഴുതുന്ന കാലത്ത് വെളിപ്പാടു പൂർണമായിരുന്നില്ല. സഭ ശൈശവാവസ്ഥയിലായി രുന്നു. അന്നു പ്രവാചകന്മാരും ജ്ഞാന വും ഭാഷാവരവും ആവശ്യവുമായിരുന്നു. തിരുവെഴുത്തു പൂർത്തിയായ തോടുകൂടെ അതിന്റെ ആവശ്യം വരുന്നില്ല. അല്ലായെങ്കിൽ ബൈബിൾ ദൈവവെളിപ്പാടിന്റെ പൂർണ്ണത അല്ല എന്നു വരും. പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. അതു ക്രിസ്തുവല്ല ദൈവവചനം ആണ്. ഇവിടെ നപുംസകലിംഗം ആണല്ലോ ഉപയോഗിച്ചിരിക്കുന്നത്. അംശമായത് ഇന്നും തുടരുന്നുവെന്നു വന്നാൽ അതു ബൈബി ളിന്റെ അന്തിമ ആധികാരികതയെ ചോദ്യം ചെയ്യും. ഇപ്പോൾ കണ്ണാടിയിൽ എന്നപോലെ അവ്യക്തമായി കാണു ന്നു. സഭയുടെ ശൈശവാവസ്ഥയെ ഇതു കാണിക്കുന്നു. പൂർണ്ണമായതു വരുമ്പോൾ വ്യക്തമായി കാണും. അതാണ് മുഖാമുഖം കാണും എന്നതിന്റെ ആശയം. ഇപ്പോൾ ഭാഗികമായി അറിയുന്നു. തിരുവെഴുത്തു പൂർണ്ണമായതോടു കൂടെ ദൈവത്തിന്റെ ആലോചനകൾ പൂർണ്ണമായിട്ടും അറിയുവാൻ കഴിയും. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടി യത് ഒക്കെയും വചന ത്തിൽ ഉണ്ട്. അതു നമ്മെ തികഞ്ഞവരാക്കുവാൻ ശക്തിയുള്ള വചനം ആകുന്നു (2 പത്രൊ. 1:3; 2 തിമൊ. 3:16,17).

സ്നേഹത്തിന്റെ പ്രാധാന്യം കൃപാവരങ്ങളോടുള്ള ബന്ധത്തിൽ ചൂണ്ടിക്കാണിച്ച ശേഷം സഭാകാലയളവിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നിലനിൽക്കും എന്നു ചൂണ്ടിക്കാണിക്കുന്നു. കർത്താവു വന്നുകഴിഞ്ഞാൽ വിശ്വാസത്തിനും പ്രത്യാശയ്ക്കും പ്രസക്തിയില്ല. എന്നാൽ സ്നേഹം നിത്യമാണ്. വിശ്വാസവും പ്രത്യാശയും സ്നേഹത്തിൽ അധിഷ്ഠിതമത്രെ. നാം സ്നേഹിക്കുന്നവരെ വിശ്വസിക്കുന്നു. സ്നേഹിക്കുന്നതിനെ പ്രത്യാശി ക്കുന്നു. അതുകൊണ്ടു സ്നേഹം അതിശ്രേഷ്ഠമായ മാർഗ്ഗമാകുന്നു.

## അദ്ധ്യായം 14

### പ്രവചനവരത്തിന്റെ ശ്രേഷ്ഠത (14:1-19)

ഈ അദ്ധ്യായത്തിൽ പ്രവചനവരം ഭാഷാവരത്തേക്കാൾ ശ്രേഷ്ഠമാകുന്നു എന്നു സമർത്ഥിക്കുന്നു. 'ആത്മിക വരങ്ങൾ വാഞ്ഛിപ്പിൻ.' വരങ്ങൾ നല്ലതാണ്. അതു സ്നേഹത്താൽ നിർബന്ധിതരായി സഭയുടെ ആത്മിക വർദ്ധനവിനായി ഉപയോഗിക്കണം. 'വിശേഷാൽ പ്രവചനവരം വാഞ്ഛിപ്പിൻ.' അതു ഭാഷാവരത്തേക്കാൾ ശ്രേഷ്ഠമാകുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോടു സംസാരിക്കുന്നു. ദൈവമർമ്മങ്ങളാണ് അവർ സംസാരിക്കുന്നത് (പ്രവൃ. 2:11). എന്നാൽ വ്യാഖ്യാനിക്കുന്നില്ലെങ്കിൽ സഭയ്ക്കു പ്രയോജനപ്പെടുന്നില്ല. പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മിക വർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി അതു ചെയ്യുന്നു. ആത്മിക വർദ്ധന സഭയുടെ കെട്ടുപണിയേയും, പ്രബോധനം വിശ്വാസികൾക്കു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹവും ആശ്വാസവും ക്ഷീണിച്ച ഹൃദയങ്ങൾക്കു ചൈതന്യവും നൽകുന്ന ശുശ്രൂഷ യേയും കാണിക്കുന്നു (എബ്രാ. 10:24,25). ഇന്നു പ്രവചനം വചനശുശ്രൂഷയെ കാണിക്കുന്നു. അതു നമ്മുടെ രക്ഷയ്ക്കും ആത്മിക വളർച്ചയ്ക്കും ആവശ്യ മാണ് (റോമർ 10:17; 2 തിമൊ. 3:14-17). അന്യഭാഷക്കാരൻ സ്വയം ആത്മിക അഭിവൃദ്ധി പ്രാപിക്കുന്നു (14:4). സഭയ്ക്ക് ഇന്നു പുതിയ വെളിപ്പാടിന്റെ ആവശ്യം ഇല്ല. എഴുതപ്പെട്ട വചനത്തെ ആധാരമാക്കിയുള്ള പ്രബോധനമാണ് ഇന്ന് ആവശ്യം. മറുഭാഷ വെറും അപശബ്ദമായി പരിണമിച്ചാൽ സഭയ്ക്കു പ്രയോജനമുള്ളതല്ല. ഭാഷ അറിയാതിരുന്നാൽ നാം ബർബ്ബരന്മാർ എന്നു തെറ്റിദ്ധരിക്കപ്പെടും. കൂടാതെ അത് ആത്മിക കൂട്ടായ്മയ്ക്കു തടസ്സം സൃഷ്ടിക്കും. ദൈവമക്കൾ സഭയ്ക്ക് ആത്മിക വർദ്ധനവു വരുത്തുന്നവർ ആകണം. അന്യഭാഷ സംസാരിക്കുവാൻ ആഗ്രഹമുള്ളവർ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കണം. ഭാഷാവരം സ്വന്തബുദ്ധിയിൽ ചെയ്യുന്നതല്ല. ഇവിടെ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നവർ ആത്മാവിൽ പ്രാർത്ഥിക്കുന്നവരാണ്. എന്നാൽ കേൾക്കുന്നവർക്കു മനസ്സിലാകാത്തതുകൊണ്ട് ആമേൻ പറയുവാൻ കഴിയുന്നതല്ല. അതുകൊണ്ടു നാം സഭയിൽ ആത്മാവിലും ബുദ്ധിയിലും പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവർ ആകണം. അതാ യത് പരിശുദ്ധാത്മനിറവിൽ വിവേകത്തോടെ പ്രാർത്ഥിക്കയും പാടുകയും ചെയ്യണം. സ്വന്ത അനുഭവത്തിൽനിന്നും പൗലൊസു പ്രവചനവരത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. പൗലൊസിനു ഭാഷാവരം ഉണ്ടായിരുന്നു. എന്നാൽ സഭയിൽ അന്യഭാഷ സംസാരിക്കുന്നതിനേക്കാൾ മറ്റുള്ളവർക്കു മനസ്സിലാകത്തക്കവണ്ണം സ്വന്തഭാഷയിൽ സംസാരിക്കുവാൻ നിശ്ചയിച്ചിരുന്നു. സഭയിൽ എന്തു ചെയ്താലും ദൈവനാമമഹത്വവും വിശ്വാസികളുടെ അനുഗ്രഹവും നമ്മുടെ ലക്ഷ്യമായിരിക്കണം.

### അന്യഭാഷയുടെ ഉദ്ദേശം (14:20-25)

ശിശുക്കൾ പക്വത വന്നവർ അല്ല. നിസ്സാര കാര്യങ്ങൾക്ക് അമിത പ്രാധാ ന്യം നൽകുന്നവരാണ്. വിശ്വാസികൾ അങ്ങനെ ആകരുത്. കൊരിന്ത്യർ അന്യഭാഷാവരത്തിന് അമിത പ്രാധാന്യം നൽകിയിരുന്നു. അതു ശിശുക്കൾക്കു തുല്യമായ പ്രവൃത്തിയാണ് (13:11). ആത്മിക അപക്വതയെ അതു കാണിക്കുന്നു. പക്വത വന്നവർ പ്രവചനവരത്തിനു പ്രാധാന്യം നൽകുന്നു. സ്നേഹത്തിൽ സത്യം സംസാരിക്കുന്നവർ ക്രിസ്തു എന്ന തലയോളം വളരുന്നു (എഫെ. 4:15). പഴയനിയമത്തിൽനിന്നും യിസ്രായേലിന്റെ ചരിത്രം ഉദ്ധരിച്ചുകൊണ്ട് അന്യഭാഷ അവിശ്വാസികൾക്കുള്ള അടയാളമാകുന്നു എന്നു സമർത്ഥിച്ചിരിക്കുന്നു. അവർ ദൈവത്തിൽ വിശ്വസിക്കാതെ അനുസരണക്കേടു പ്രവർത്തിച്ചു. തൽഫലമായി പ്രവാസികളായി. അങ്ങനെ മനസ്സിലാകാത്ത അന്യഭാഷ അവർ കേട്ടു. അത് അനുസരണക്കേടു തുടരുവാൻ മാത്രമേ സഹായിച്ചുള്ളൂ. എന്നാൽ പ്രവചനം വിശ്വാസികൾക്കുള്ളതാകുന്നു.

സഭയിൽ അവിശ്വാസികൾ വന്നാൽ അന്യഭാഷ പ്രയോജനകരമല്ല. അതു ഭ്രാന്തന്മാരുടെ കൂട്ടം എന്നു തോന്നിപ്പോകാവുന്നതാണ്. എന്നാൽ വചനശുശ്രൂഷകൊണ്ടുണ്ടാകാവുന്ന അനുഗ്രഹങ്ങൾ അനവധിയാണ്. അവിശ്വാസികൾക്കു പാപബോധം ഉണ്ടാകും. വിശ്വാസികൾ കേട്ട വചനത്തിന്റെ അടിസ്ഥാനത്തിൽ അവരെ വിവേചിച്ച് സത്യം ബോദ്ധ്യപ്പെടുത്തും. അങ്ങനെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടും. കൂടാതെ അവർ അനുതപിച്ചു ദൈവത്തെ ആരാധിക്കുന്നവർ ആകും. സഭയിലുള്ള ദൈവിക സാന്നിദ്ധ്യത്തിനു സാക്ഷികളാകും. ഭാഷാവരംകൊണ്ട് ഇതൊന്നും സംഭവിക്കുന്നില്ല.

### സഭയിൽ കൃപാവരങ്ങൾ എങ്ങനെ ഉപയോഗിക്കണം (14:26-33)

ഈ നിർദ്ദേശങ്ങൾ പുതിയനിയമ പുസ്തകങ്ങൾ എഴുതപ്പെടുന്നതിനു മുമ്പു നൽകിയിട്ടുള്ളതാകുന്നു. സഭയിൽ എല്ലാ വരങ്ങളും ആത്മിക വർദ്ധന വിനായിട്ട് ഉപയോഗിക്കേണ്ടതാകുന്നു. മുഖ്യമായും ഇവിടെ അന്യഭാഷയെ ക്കുറിച്ചും പ്രവചനത്തെ സംബന്ധിച്ചും പറഞ്ഞിരിക്കുന്നു.

സഭായോഗത്തിൽ വ്യാഖ്യാനിയില്ലെങ്കിൽ അന്യഭാഷക്കാരൻ മൗനമായിരുന്നു ദൈവത്തോടു സംസാരിക്കണം. സംസാരിക്കുന്നവരുടെ എണ്ണം രണ്ടോ മൂന്നോ ആയിരിക്കണം. കൂടാതെ അവർ ഓരോരുത്തരായി സംസാരിക്കയും വ്യാഖ്യാനിക്കയും ചെയ്യണം.

പ്രവചനവരം ഉപയോഗിക്കുന്ന വിധവും ശ്രദ്ധേയമത്രെ. സഭാകൂടിവരവുകളിൽ രണ്ടോ മൂന്നോ പേർ മാത്രമേ പ്രവചിക്കാവൂ. ഓരോരുത്തരായി പ്രവചിക്കണം. മറ്റൊരാൾക്കു പ്രവചനവരമുണ്ടെങ്കിൽ ഒന്നാമത്തവൻ തന്റെ പ്രസംഗം ദീർഘിപ്പിക്കരുത്. പ്രവചനം മറ്റുള്ളവർ വിവേചിച്ചു മനസ്സിലാക്കയും അതു ലഭിച്ച വെളിപ്പാടിനോടു

നിരക്കുന്നതാണോ എന്നു പരിശോധിക്കയും ചെയ്യണം. ദൈവാത്മാവിലുള്ള പ്രസംഗം വിവേകത്തോടും ആത്മ നിയന്ത്രണ ത്തോടും ചെയ്യേണ്ടതാകുന്നു. പുറജാതികളുടെ ക്രമരഹിതമായ ജല്പനം നാം അനുകരിക്കരുത്. ദൈവസഭയിൽ സകലവും ക്രമമായും ഭയഭക്തി യോടും കൂടെ ചെയ്യണം. നമ്മുടെ ദൈവം കലക്കത്തിന്റെ അല്ല പ്രത്യുത സമാധാനത്തിന്റെ ദൈവം ആകുന്നു.

### സഭയിൽ സ്ത്രീകൾ എങ്ങനെ പെരുമാറണം (14:34-36)

ഈ ഉപദേശം സർവ്വസഭയ്ക്കും ഉള്ളതാണ്. ഏതെങ്കിലും സംസ്കാരത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നില്ല. സ്ത്രീകൾ ഭർത്താക്കന്മാർക്കു വിധേയത്വം ഉള്ളവരായിരിക്കണം. സഭായോഗങ്ങളിൽ അവർ പരസ്യമായി ചോദ്യ ങ്ങൾ ചോദിക്കയും സംസാരിക്കയും അഥവാ ഉപദേശിക്കയും ചെയ്യരുത്. അത് അവർ ഭർത്താക്കന്മാർക്കു കീഴട ങ്ങണം എന്നുള്ള കല്പനാലംഘനം ആകുന്നു. കൂടാതെ സംശയങ്ങൾ പരസ്യമായി ചോദിക്കുന്നതുമൂലം യോഗം അലങ്കോലപ്പെടുവാനും സാധ്യത ഉണ്ട്. അവർ വീട്ടിൽ ചെന്നു സംശയങ്ങൾ ഭർത്താക്കന്മാരോടു ചോദിക്കുന്നത് ഉചിതം എന്നു നിർദ്ദേശിച്ചിരിക്കുന്നു. സ്ത്രീകൾക്ക് ഉപദേശിക്കുവാനോ പുരുഷന്റെ മേൽ അധികാരം നടത്തു വാനോ തിരുവചനം അനുവദിക്കുന്നില്ല (1 തിമൊ. 2:8-15; 1 കൊരി. 14:34-36). പുരുഷന്മാരുള്ള സഭയിൽ അവരുടെ നിയന്ത്രണത്തിൽ സഹോദരിമാർക്കു പാടുവാനും പ്രാർത്ഥിക്കാനും സാക്ഷ്യം പറയുവാനും സ്വാതന്ത്ര്യം ഉണ്ടായി രിക്കണം (11:5). പ്രായമുള്ള സ്ത്രീകൾ യൗവനക്കാരികളെ ഉപദേശിക്കുന്നവരാകണം (തീത്തൊ. 2:4,5). പൗലൊ സിന്റെ കൂട്ടുവേലക്കാരിൽ സ്ത്രീകൾ ഉണ്ടായിരുന്നു (റോമർ 16:1-16). സഹോദരിമാരുടെ യോഗങ്ങളിൽ സ്ത്രീകൾ അവരുടെ കൃപാവരങ്ങൾ ഉപയോഗിക്കുന്നവർ ആകണം. കുടുംബത്തിന്റെ കെട്ടുപണി നടത്തുന്നത് അമ്മമാർ ആകുന്നു. അവർ ഭർത്താക്കന്മാർക്കും മക്കൾക്കും ആത്മിക അനുഗ്രഹം പകരുന്നവർ ആകണം. മക്കളെ ദൈവവഴി യിലേക്കു നയിക്കുവാനുള്ള വലിയ ഉത്തരവാദിത്വം അവർക്കുണ്ട്. സഭയിൽ സ്തോത്രം ചെയ്യുന്നതിന് അവർക്കു സ്വാതന്ത്ര്യം ഇല്ല എന്നുള്ള പരാതി കേൾക്കാറുണ്ട്. സഭായോഗത്തിൽ പുരുഷന്മാർ സ്തോത്രം ചെയ്യുന്നതു സഭയെ മൊത്തത്തിൽ പ്രതിനിധീകരിച്ചുകൊണ്ടാണ്. സ്ത്രീകൾ ആമേൻ പറയുമ്പോൾ അവരും ആരാധിക്കുന്നു. സ്ത്രീകൾ പുരുഷന്മാർക്കു കീഴ്പ്പെട്ടിരിക്കണം എന്നുള്ളതു ദൈവകല്പനയാകയാൽ അവർ പരസ്യമായി സ്തോത്ര ശുശ്രൂഷ നടത്തുന്നതു സഭയിൽ ഉചിതമല്ല. സഹോദരിമാർ അതിഥിസൽക്കാരം, ദൈവദാസന്മാരെ ശുശ്രൂഷിക്കുക, കഷ്ട പ്പെടുന്നവരോടു ദയ കാണിക്കുക, രോഗികളെ സന്ദർശിക്കുക തുടങ്ങിയ ശുശ്രൂഷകളിൽ ഏർപ്പെടുന്നവർ ആക ണം. അവർ ആത്മിക സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യാതെ സഭയിൽ എല്ലാം ക്രമമായി നടക്കണം എന്ന ദൈവ കല്പന അനുസരിക്കുമ്പോൾ അവരും സഭകളും അനുഗ്രഹിക്കപ്പെടും. കർത്താവ് അതിന് നമ്മെ സഹായിക്കട്ടെ.

(14:37-39) സഭയിലെ ക്രമക്കേടുകൾ തിരുത്തുവാൻ പൗലൊസു തന്റെ അപ്പൊസ്തലിക അധികാരം ഉപയോ ഗിച്ചു നൽകിയിട്ടുള്ള നിർദ്ദേശങ്ങളാണ് നാം ഇവിടെ കാണുന്നത്. അത് അംഗീകരിക്കുവാൻ മനസ്സില്ലാത്തവർ അങ്ങനെതന്നെ തുടരട്ടെ. അവരെ ബോധ്യപ്പെടുത്തുവാൻ അപ്പൊസ്തലൻ ശ്രമിക്കുന്നില്ല. സഭയിൽ എല്ലാം ക്രമ മായും ഉചിതമായും നടക്കണം. പ്രവചനവരം എല്ലാവരും വാഞ്ഛിക്കണം. അന്യഭാഷ വിലക്കുകയും അരുത്. സഭയ്ക്കു പുതിയനിയമ വെളിപ്പാടു (കാനോൻ) പൂർണ്ണമായി ലഭിച്ചിരിക്കുന്നതുകൊണ്ട് ഇന്നു പ്രവചനം, ജ്ഞാനം, അന്യഭാഷ എന്നീ വരങ്ങൾ ആവശ്യമില്ല. സഭയുടെ ശൈശവാവസ്ഥയിൽ അതിശയവരങ്ങളായിരുന്നു അവ. പരി ശുദ്ധാത്മനിയന്ത്രണത്തിനു വിധേയരായി നാം സഭയിൽ സകലതും ചെയ്യുന്നവർ ആകണം. ദൈവം തന്റെ സർവ്വാ ധികാരത്തിൽ തന്റെ മഹത്വത്തിനായി ഈ അതിശയവരങ്ങൾ ഇന്നും നൽകുവാൻ കഴിവുള്ളവനാണെ ന്നുള്ള സത്യം നാം വിസ്മരിക്കരുത്.

## അദ്ധ്യായം 15

ഇതു പുനരുത്ഥാനത്തിന്റെ അദ്ധ്യായമാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ പുനരുത്ഥാനം ആകുന്നു. അതുകൊണ്ടു പുതിയ നിയമത്തിലെ ഏറ്റവും പ്രാധാന്യമുള്ള അദ്ധ്യായമാണ് ഇത്. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള സൂചന അപ്പൊസ്തല പ്രവൃത്തികളിൽ ആദിയോടന്തം കാണാം. അപ്പൊസ്തല ന്മാർ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷികളായി സുവിശേഷം പ്രഘോഷിച്ചു. ക്രിസ്തുവിന്റെ പുനരു ത്ഥാനം ക്രിസ്തുമാർഗ്ഗത്തെ മറ്റു മതങ്ങളിൽനിന്നും വ്യത്യാസമുള്ളതാക്കുന്നു. ക്രിസ്തുവിന്റെ കല്ലറ ശൂന്യമായി കിടക്കുന്നു. അവൻ ജീവിക്കുന്ന രക്ഷിതാവാണ്.

അന്നും ഇന്നും പുനരുത്ഥാനം നിഷേധിക്കുന്ന അനേകർ ഉണ്ട്. സദൂ ക്യരും യവനതത്വജ്ഞാനികളും അവ രിൽ ഉൾപ്പെടും. കൊരിന്തിലും പുനരു ത്ഥാനം നിഷേധിച്ചിരുന്ന ചിലർ ഉണ്ടായിരുന്നതായി കരുതാം. ഈ പശ്ചാത്തല ത്തിലാണ് പൗലൊസു പുനരുത്ഥാനത്തെക്കുറിച്ചുള്ള ഉപദേശം നൽകുന്നത്. പുനരുത്ഥാനം സുവിശേഷത്തിന്റെ അവിഭാജ്യഘടകം ആകുന്നു. ഈ അദ്ധ്യായത്തിൽ അപ്പൊസ്തലൻ സുവിശേഷത്തിന്റെ നിർവ്വചനം (1-4), പുനരു ത്ഥാനത്തിന്റെ തെളിവുകൾ (5-19), പുനരുത്ഥാനം സുവിശേഷത്തിന്റെ അവിഭാജ്യഘടകം (20-34), പുനരുത്ഥാനം സംശയിക്കുന്നവർക്കുള്ള ഉത്തരം (35-49), പുനരുത്ഥാനവും വിശ്വാസിയുടെ പ്രത്യാശയും (50-58) എന്നീ വിഷയ ങ്ങൾ വിശദീകരിച്ചിരിക്കുന്നു.

### സുവിശേഷത്തിന്റെ നിർവ്വചനം (15:1-4)

സുവിശേഷം ദൈവം ക്രിസ്തുവിൽക്കൂടി ഒരുക്കിയ രക്ഷയുടെ ദൂതാകുന്നു. അതു ലോകത്തിനു നൽകിയ സന്തോഷത്തിന്റെ സന്ദേശം ആണ് (ലൂക്കൊ. 2:10). പൗലൊസ് അതു പ്രസംഗിച്ചു. കൊരിന്ത്യർക്ക് അതു ലഭിച്ചു. അവർ അതിൽ നിലനിൽക്കുന്നു. സുവിശേഷം അവരെ രക്ഷിച്ചു. അതു നല്ല നിലത്തുവീണ വിത്തുപോലെ ഫലം പുറപ്പെടുവിക്കുന്നു (മത്താ. 13:23). ഇതു ദൈവത്തിന്റെ സുവിശേഷമാണ്; ക്രിസ്തുവിന്റെ വെളിപ്പാടിനാൽ പ്രാപിച്ചതുമാണെന്നു പൗലൊസു സാക്ഷിക്കുന്നു (ഗലാ. 1:11,12). അതു മനുഷ്യ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവ ശക്തിയുടെ ദൂതാകുന്നു (റോമർ 1:16; 2 കൊരി. 5:17). പൗലൊസിൽനിന്നും സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ട കൊരിന്ത്യരെ പിന്നെയും ഏതുവിധം സുവിശേഷം അവരെ അറിയിച്ചു എന്ന് ഓർമ്മപ്പെടുത്തുന്നു. സുവിശേഷം പാപികൾക്ക് ആവശ്യവും രക്ഷിക്കപ്പെട്ടവർക്ക് ആവേശവും നൽകുന്ന സന്ദേശം ആകുന്നു.

സുവിശേഷത്തിന്റെ ഉള്ളടക്കം ക്രിസ്തുവിന്റെ മരണം, അടക്കം, പുനരു ത്ഥാനം എന്നിവയാണ്. അതു തിരുവെഴുത്തുകളിൻ പ്രകാരം സംഭവിച്ച ചരിത്രസംഭവം ആണ്. ഇവിടെ തിരുവെഴുത്തു പഴയനിയമത്തെ കാണിക്കുന്നു. ഉല്പ. 22, യെശ. 53 എന്നീ അധ്യായങ്ങൾ അതു വ്യക്തമാക്കുന്നു. അവ ക്രിസ്തുവിനു സാക്ഷ്യം പറയുന്നു (യോഹ. 5:39; ലൂക്കൊ. 24:25-27). ജീവനെ കൊടുക്കുവാനും തിരിച്ചെടുക്കുവാനും ക്രിസ്തുവിന് അധികാരമുണ്ടായിരുന്നു (യോഹ. 10:18). അവന്റെ മരണപുനരുത്ഥാനം പ്രവചന നിവൃത്തിയായിരുന്നു (യോഹ. 20:9; പ്രവൃ. 26:23; സങ്കീ. 16:10). പൗലൊസു പ്രസംഗിച്ച സുവിശേഷത്തിന്റെ ആകെത്തുക ക്രിസ്തുവിന്റെ മരണം, അട ക്കം, പുനരുത്ഥാനം എന്നിവയാണ്. അതിനോടു മറ്റെന്തെങ്കിലും കൂട്ടിച്ചേർ ത്താൽ അതു വേറൊരു സുവിശേഷമായിത്തീരും (ഗലാ. 1:6,7). അവർ ശാപയോഗ്യരത്രെ. സുവിശേഷം ചരിത്രയാഥാർത്ഥ്യവും തിരുവെഴുത്തുകളിൻ പ്രകാരമുള്ള രക്ഷണ്യദൂതുമാകുന്നു.

### പുനരുത്ഥാനത്തിന്റെ തെളിവുകൾ (15:5-11)

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷികൾ ആയവർ അനവധിയാണ്. 'രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ കാര്യം ഉറപ്പാക്കണം' എന്നു ന്യായപ്രമാണം കല്പിക്കുന്നു (ആവ. 19:15). രണ്ടോ മൂന്നോ സാക്ഷികളുടെ അടിസ്ഥാനത്തിൽ ഹീനകൃത്യങ്ങൾക്ക് ആളുകളെ തൂക്കിക്കൊല്ലുന്നു. എന്നാൽ അസംഖ്യം സാക്ഷികൾ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനുണ്ടെങ്കിലും അതു വിശ്വസിക്കുവാൻ അനേകർ മടിക്കുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഇവിടെ കേഫാവ് (പത്രൊസ്), അപ്പൊസ്തലന്മാർ, അഞ്ഞൂറിൽ അധികം സഹോദരന്മാർ, കർത്താവിന്റെ സഹോദരൻ യാക്കോബ്, ഒടുവിലായി പൗലൊസ് എന്നിവർ അതിനു സാക്ഷികളാണെന്നു പ്രസ്താവിക്കുന്നു. കൂടാതെ മഗ്ദലക്കാരത്തി മറിയയ്ക്കും മറ്റെ മറിയയ്ക്കും കർത്താവു പ്രത്യക്ഷപ്പെട്ടു (യോഹ. 20:11-18; മത്താ. 28:1-10). എമ്മവുസ്സിലേക്കു പോയ രണ്ടു ശിഷ്യന്മാർക്കും ഉയിർത്തെഴുന്നേറ്റ ക്രിസ്തു വെളിപ്പെട്ടു (ലൂക്കൊ. 24:13-32). പുനരുത്ഥാനം ചെയ്ത ക്രിസ്തു പത്തുപ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു എന്ന് അഭിപ്രായപ്പെടുന്നു. ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരിൽ വരുത്തുന്ന രൂപാന്തരം അവൻ ജീവിക്കുന്ന രക്ഷിതാവാണെന്നു തെളിയിക്കുന്നു. അവൻ പ്രത്യക്ഷപ്പെട്ടവർക്ക് ഒന്നും പ്രശംസിക്കുവാനില്ലായിരുന്നു. എല്ലാം കൃപയാൽ മാത്രം. ആ കൃപ പൗലൊസിനെ സുവിശേഷത്തിനായി അത്യധികം അദ്ധ്വാനിക്കുവാൻ പ്രേരിപ്പിച്ചു. നമ്മുടെ ജീവിതത്തിലോ?

### പുനരുത്ഥാനം നിഷേധിക്കുന്നത് അപകടകരം (15:12-19)

കൊരിന്ത്യർ സുവിശേഷം വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ ആയിരുന്നു. അതിൽ പുനരുത്ഥാനം മുഖ്യഘടകം ആകുന്നു. അങ്ങനെയെങ്കിൽ എങ്ങനെ മരിച്ചവരുടെ പുനരുത്ഥാനം നിഷേധിക്കുവാൻ സാധിക്കും എന്ന് അപ്പൊസ്തലൻ അവരോടു ചോദിക്കുന്നു. അവർ അന്നത്തെ ജ്ഞാനവാദത്തിനും ഭൗതികവാദത്തിനും പ്രാധാന്യം നൽകിയിരുന്നു. അവർ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിച്ചെങ്കിലും മരിച്ചവർ ഉയിർക്കുമെന്നു വിശ്വസിച്ചില്ല. പൗലൊസ് അതിൽ അത്ഭുതപ്പെടുന്നു.

### നിഷേധിക്കുന്നതിന്റെ ദോഷഫലങ്ങൾ

1. **സുവിശേഷ പ്രസംഗം വ്യർത്ഥം.** ക്രിസ്തു അരുളിച്ചെയ്തു, 'ഞാൻ ജീവനും പുനരുത്ഥാനവും ആകുന്നു'. അവൻ ഉയിർത്തെഴുന്നേറ്റില്ലായെങ്കിൽ അവൻ അസത്യവാദിയാകും. അവൻ വിശ്വസിക്കുവാൻ യോഗ്യനല്ല. ക്രിസ്തു സാധിപ്പിച്ച വീണ്ടെടുപ്പുവേലയിൽ ദൈവം പ്രസാദിച്ചു എന്നുള്ളതിന്റെ തെളിവാകുന്നു അവന്റെ പുനരുത്ഥാനം. അതുകൊണ്ട് അതു നിഷേധിക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. അവർ ക്കു സുവിശേഷം ഒരു പ്രയോജനവും ചെയ്യുന്നില്ല.
2. **നമ്മുടെ വിശ്വാസവും വ്യർത്ഥം.** എല്ലാവരും വിശ്വസിക്കുവാൻ യോഗ്യമായ വചനം ആണ് സുവിശേഷം (1 തിമൊ. 1:15). പുനരുത്ഥാനം ചെയ്യാ ത്ത രക്ഷിതാവിൽ വിശ്വസിക്കുന്നത് അർത്ഥശൂന്യം ആകുന്നു. അതുകൊണ്ടു പ്രയോജനം ഇല്ല.
3. **നാം കള്ളസ്സാക്ഷികൾ ആകും.**
4. **നാം പാപത്തിൽ കഴിയുന്നു.** പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനു മാത്രമേ നമ്മെ നീതീകരിക്കുവാൻ കഴിയുകയുള്ളൂ (റോമർ 4:25). നീതീകരിക്കുന്നവരുടെ പാപം കണക്കിടുന്നില്ല.
5. **ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കയില്ല.** അവർ നശിച്ചുപോകും.

6. **നാം സകല മനുഷ്യരിലും അരിഷ്ടന്മാരാകും.** നാം വഞ്ചിക്കപ്പെടും. നമ്മുടെ രക്ഷയോടുള്ള ബന്ധത്തിൽ പുനരുത്ഥാനം അതിപ്രാധാന്യമുള്ള വിഷയം ആകുന്നു.

## പുനരുത്ഥാനംകൊണ്ടുള്ള അനുഗ്രഹങ്ങൾ (15:20-28)

മരിച്ച വിശുദ്ധന്മാരോടുള്ള ബന്ധത്തിൽ ക്രിസ്തു ആദ്യഫലമാണ്. വിശുദ്ധന്മാരുടെ മരണം അവർക്കു നിദ്രയാകുന്നു. യിസ്രായേൽ കൊയ്ത്തി ലെ ആദ്യഫലം ദൈവസന്നിധിയിൽ നീരാജനം ചെയ്യുന്ന പതിവുണ്ടായിരുന്നു (ലേവ്യ 23:10,11,15). ആദ്യഫലം ഇനിയും കൊയ്യുവാനുണ്ടെന്നുള്ള വസ്തുത അനുസ്മരിപ്പിക്കുന്നു. ആദ്യഫലം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ നിഴലാണ്. ആദാമിന്റെ അനുസരണക്കേടു മൂലം എല്ലാവരും മരിക്കുന്നു. ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. അതു മരിക്കാതെവണ്ണം ജീവിക്കുന്ന അവസ്ഥയെ കാണിക്കുന്നു. രക്ഷിക്കപ്പെടാത്തവർ ന്യായവിധിക്കായി ഉയിർക്കും. സകല മനുഷ്യരും രക്ഷിക്കപ്പെടും എന്ന് ഇതിന് അർത്ഥ മില്ല. ക്രിസ്തു തേജസ്കരിക്കപ്പെട്ട ശരീരത്തിൽ ഉയിർത്തെഴുന്നേറ്റു. കർത്താവു തന്റെ സഭയെ ചേർക്കുവാൻ വരുമ്പോൾ ക്രിസ്തുവിൽ മരിച്ച വർ ആദ്യം ഉയിർക്കും; പിന്നെ ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് അവനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ. 4:16,17). ക്രിസ്തുവിനുള്ളവരുടെ ഉയിർപ്പ് അവന്റെ വരവിൽ സംഭവിക്കും. അതിൽ പഴയനിയമ വിശുദ്ധന്മാരും ഉൾപ്പെടും. ദുഷ്ടന്മാരുടെ ഉയിർപ്പ് സഹസ്രാബ്ദവാഴ്ചയ്ക്കുശേഷം സംഭവിക്കും. അതാണ് അവസാനത്തെ പുനരുത്ഥാനം.

ഇന്നു കർത്താവു സകല അധികാരവും ലഭിച്ചവനാണ് (മത്താ. 28:18). ആദാം നഷ്ടപ്പെടുത്തിയ അധികാരം വീണ്ടെടുക്കുവാൻ ക്രിസ്തു മനുഷ്യനായി അവതരിച്ചു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവസാരാംശത്തിൽ ഒന്നാണെങ്കിലും ആളത്വത്തിൽ വെവ്വേറെയാകുന്നു. ദൈവഹിതം നിവർത്തിക്കുവാൻ പുത്രൻ പിതാവിനു കീഴ്പ്പെട്ടു. സകലത്തേയും കീഴ്പ്പെടുത്തി ഈ അഖിലാണ്ഡത്തിന്റെ ആധിപത്യം പുത്രൻ കൈവരിക്കും. ഒടുവിലത്തെ ശത്രുവായ മരണത്തെയും നീക്കിക്കളയും. ദൈവത്തിന്റെ പര മാധികാരത്തെ എതിർക്കുന്ന സകലത്തെയും നശിപ്പിക്കുവാൻ അധികാരം ലഭിച്ചവനാണ് ക്രിസ്തു. അങ്ങനെ സഹസ്രാബ്ദത്തിൽ അവൻ രാജാവായി വാഴും. തനിക്കുള്ളവരായ നാമും അവനോടു കൂടെ വാഴും. പിന്നെ കാലസമ്പൂർണ്ണതയെന്ന നിത്യയുഗം ആരംഭിക്കും. അതിനുമുമ്പ് പുത്രൻ സകല ആധിപത്യവും പിതാവിനെ ഏല്പിക്കും. ദൈവം സകലത്തിലും സകലവും ആകുന്നത് അപ്പോഴാണ്. പുതിയ ആകാശഭൂമിയിൽ എത്തുമ്പോഴാണ് ഇതു യാഥാർത്ഥ്യമാകുന്നത്.

## പുനരുത്ഥാനം വിശുദ്ധ ജീവിതത്തിനു പ്രേരണ നൽകുന്നു (15:29-34)

ഇവിടെ മരിച്ചവർക്കുവേണ്ടിയുള്ള സ്നാനത്തെക്കുറിച്ചു പറയുന്നു. അന്നു മരിച്ചുപോയ പ്രായമുള്ളവർക്കു വേണ്ടി പുതിയ വിശ്വാസികൾ സ്നാനപ്പെടുന്ന പരിചയം ഉണ്ടായിരുന്നു. സ്നാനപ്പെട്ടു കൂട്ടായ്മയിൽ ഇരിക്കുന്ന ചിലർ മരിച്ചുപോകുമ്പോൾ ഒരുപക്ഷേ രക്തസാക്ഷികളായി മരിക്കുമ്പോൾ അവർക്കുവേണ്ടി തൽസ്ഥാനത്തു ചിലർ സ്നാനപ്പെടുന്നു. പുനരുത്ഥാനമില്ലെങ്കിൽ എന്തിനു സ്നാനപ്പെടുന്നു? സ്നാനം മരണപുനരുത്ഥാനത്തെയാണല്ലോ കാണിക്കുന്നത്. ഈ വിഷയം ഗ്രഹിക്കുവാൻ പ്രയാസമുള്ളതും വളരെ അഭിപ്രായ ഭിന്നത ഉളവാക്കിയതുമായ ഒന്നാണ്. ഇതു വേദാനുസരണമല്ല.

അപ്പൊസ്തലൻ കഷ്ടതകൾ സഹിച്ചതു പുനരുത്ഥാനത്തിലുള്ള വിശ്വാസം മൂലമാണ്. പീഡനങ്ങളെ അതിജീവിക്കുവാൻ ഈ പ്രത്യാശയ്ക്കു മാത്രമേ കഴികയുള്ളൂ. പൗലൊസും സഹപ്രവർത്തകരും എപ്പോഴും പ്രാണഭയത്തിൽ കഴിഞ്ഞിരുന്നു. എങ്കിലും കൂട്ടുവിശ്വാസികളിൽ താൻ പ്രശംസിച്ചിരുന്നു. എഫെസൊസിൽ താൻ മൃഗയുദ്ധത്തിൽ ഏർപ്പെട്ടതു പുനരുത്ഥാന ത്തെക്കുറിച്ചുള്ള പ്രത്യാശ നിമിത്തമാണ്. ആ യുദ്ധത്തിൽ പൗലൊസ് അത്ഭുതകരമായി രക്ഷപ്പെട്ടു എന്നാണ് ഐതിഹ്യം. എപ്പിക്കൂര്യർ എന്ന തത്വചിന്തകരുടെ ചിന്താഗതി തിന്നുക, കുടിക്കുക, നാളെ ചാകുമല്ലോ എന്നു ള്ളതാണ്. അവർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. അതു വെറും മാനുഷികചിന്താഗതിയാണ്. പൗലൊസ് അതിന് അടിമയായിരുന്നില്ല. ഈ ആശയ ങ്ങളാൽ വഞ്ചിക്കപ്പെടരുതെന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. സാത്താന്റെ വഞ്ചനയിൽ വീഴാതിരിപ്പാൻ ദുഷിച്ച കൂട്ടുകെട്ട് ഒഴിഞ്ഞിരിക്കണം. കൊരിന്ത്യർ സ്വയം ജ്ഞാനികൾ എന്ന് അഭിമാനിച്ച് ആത്മിക മയക്കത്തിൽ കഴിഞ്ഞിരുന്നു. അവർക്ക് ആത്മിക ഉണർവ് ആവശ്യമാണ്. അപ്പോൾ നീതി പ്രവർത്തിക്കുന്നവർ ആകും. പാപത്തിന്റെ മേൽ ജയം പ്രാപിക്കും. ജ്ഞാനികൾ എന്നു ഭാവിച്ചു പുനരുത്ഥാനം നിഷേധിക്കുന്നവർ സ്വയം ലജ്ജിക്കണം എന്ന് അപ്പൊസ്തലൻ പറയുന്നു.

## പുനരുത്ഥാനത്തിന്റെ സ്വഭാവം (15:35-49)

എങ്ങനെയുള്ള ശരീരത്തോടുകൂടെയാണ് പുനരുത്ഥാനം ചെയ്യുന്നത്? മരിച്ച ശരീരം മണ്ണിൽ ജീർണ്ണിച്ചുപോകും. ഇതു വിശദീകരിക്കുവാൻ സസ്യലോകത്തിലെ വിത്തിനെക്കുറിച്ചു പറയുന്നു. വിത്തു നശിക്കുന്നതിനാലാണ് പുതിയ ചെടിക്കു ജീവൻ ലഭിക്കുന്നത് (യോഹ. 12:24). വിത്തു നശിച്ചിട്ടു പുതിയ ചെടി വളരുമാറാക്കുന്ന ദൈവം പുനരുത്ഥാനത്തിലും അതേ പ്രവൃ ത്തി ചെയ്യുന്നു. ഇപ്പോഴത്തെ ശരീരവും പുനരുത്ഥാന ശരീരവും തമ്മിൽ വ്യത്യാസമുണ്ട്. മനുഷ്യശരീരം ഭൗമികവും ദ്രവത്വമുള്ളതും തേജസ്സില്ലാത്തതുമാണ്. എന്നാൽ പുനരുത്ഥാന ശരീരം സ്വർഗ്ഗീയവും ദ്രവത്വമില്ലാത്തതും തേജസ്സുള്ളതുമാകുന്നു. അപ്പോൾ പ്രാകൃത ശരീരം ആത്മിക ശരീരമായി രൂപാന്തരപ്പെടും. പ്രാകൃത ശരീരം പ്രകൃതിനിയമങ്ങൾക്കു വിധേയ മാണ്; ആത്മിക ശരീരം ആത്മാവിന്റെ ഭരണത്തിനും. പുനരുത്ഥാന ശരീര ത്തിന് അതതിന്റെ തേജസ്സുണ്ടായിരിക്കും. അതു സ്വർഗ്ഗീയ ചുറ്റുപാടുകൾക്കു യോഗ്യമായതും ആയി

രിക്കും. പുനരുത്ഥാനം ദൈവശക്തിയാൽ സംഭവിക്കുന്നതാണ്.

ഒന്നാം ആദാം ജീവനുള്ള ദേഹിയാകുന്നു. മണ്ണുകൊണ്ട് അവൻ സൃഷ്ടിക്കപ്പെട്ടു. മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായി. ഒടുക്കത്തെ ആദാമായ ക്രിസ്തു ജീവിപ്പിക്കുന്ന ആത്മാവാണ്. ദേഹിക്കു ചേർന്ന ശരീരം ആദാമിനു ലഭിച്ചു. അതുപോലെ ആത്മാവിനു ചേരുന്ന തേജസ്സുള്ള ശരീരം ക്രിസ്തുവിൽനിന്നും നമുക്കു ലഭിക്കുന്നു. ക്രിസ്തുവിന്റെ വരവിൽ അതു സംഭവിക്കും. അന്നു നാം ക്രിസ്തുവിനോടു സമന്മാർ ആകും (1 യോഹ. 3:1,2). പാപമില്ലാത്ത, ദ്രവത്വമില്ലാത്ത, തേജസ്കരിക്കപ്പെട്ട ഒരു ശരീരം നമുക്കു ലഭിക്കുമെന്നുള്ള പ്രത്യാശ എത്ര ശ്രേഷ്ഠമാകുന്നു!

## പുനരുത്ഥാനവും വിശ്വാസിയുടെ പ്രത്യാശയും (15:50-58)

ക്രിസ്തുവിന്റെ രണ്ടാംവരവിൽ അന്നു ജീവിക്കുന്ന വിശ്വാസികൾക്കു സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളാണ് ഇവിടെ വിശദീകരിച്ചിട്ടുള്ളത്. ദ്രവിച്ചുപോകുന്ന ശരീരം സ്വർഗ്ഗത്തിനു യോഗ്യമായതല്ല. രൂപാന്തരം പ്രാപിച്ചു തേജസ്കരിക്കപ്പെട്ട ഒരു ശരീരമാണ് അവിടെ ആവശ്യം. കർത്താവിന്റെ വരവിങ്കൽ ജീവിച്ചിരിക്കുന്ന വിശ്വാസികൾ മരിക്കയില്ല. അവർ രൂപാന്തരം പ്രാപിക്കും (ഫിലി. 3:21). ഇതു പൗലൊസിനു വെളിപ്പെട്ട ഒരു മർമ്മമായിരുന്നു. അതു പെട്ടെന്നു സംഭവിക്കുന്ന ഒന്നാണ്. രക്ഷിക്കപ്പെട്ട എല്ലാവരും രൂപാന്തരപ്പെടും. അന്ത്യകാഹളം ധ്വനിക്കുമ്പോൾ അതു സംഭവിക്കും. അപ്പോൾ മരിച്ചവർ അക്ഷയരായി ഉയിർക്കുകയും ചെയ്യും (1 തെസ്സ. 4:15-17). അന്നു ദ്രവത്വമുള്ള ശരീരം അദ്രവത്വത്തെയും മർത്യമായത് അമർത്യത്വത്തെയും ധരിക്കും. അതു തേജസ്കരിക്കപ്പെട്ട ശരീരം ആയിരിക്കും. മരണമില്ലാത്ത ഒരു ശരീരമാണ് അത്. ക്രിസ്തു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റവനാണ്. ആദാമ്യശാപത്താൽ ഉളവായ മരണം ഒടുക്കത്തെ ആദാമായ ക്രിസ്തു നീക്കിക്കളഞ്ഞിരിക്കുന്നു. ക്രിസ്തു ജയാളിയായി വിജയഘോഷം മുഴക്കുന്നു. ഇവിടെ മരണത്തെ വിഷമുള്ളിനോട് ഉപമിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ വരവിങ്കൽ മരണം എന്നേക്കുമായി നീങ്ങിപ്പോകും. അന്നു 'മരണമേ, നിന്റെ ജയമെവിടെ' എന്നു രൂപാന്തരപ്പെടുന്നവരും, 'പാതാളമേ, നിന്റെ വിഷമുള്ളെവിടെ' എന്ന് ഉയിർത്തെഴുന്നേറ്റവരും ജയഘോഷം മുഴക്കും.

മരണത്തിനു കാരണം പാപമാകുന്നു (റോമർ 6:23). ന്യായപ്രമാണം പാപബോധം നൽകുന്നു. ക്രിസ്തു പാപത്തെയും മരണത്തെയും ജയിച്ചിരിക്കുന്നു. മരണം ഇന്നു പരാജിതനായ ഒരു ശത്രുവാണ്. ക്രിസ്തുവിനുള്ളവർ മരണഭീതിയിൽ കഴിയേണ്ടവരല്ല. അവർ മരിക്കുമ്പോൾ പുനരുത്ഥാനത്തിന്റെ ശുഭപ്രതീക്ഷയിൽ നിദ്രകൊള്ളുന്നു. ക്രിസ്തു സമ്പാദിച്ച ജയ ത്തിന്റെ അനുഭവക്കാരായി നാം അവനു സ്തോത്രം ചെയ്യുന്നവർ ആകുവാൻ അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. ക്രിസ്തുമൂലം മരണത്തിൽനിന്നും പാപത്തിൽനിന്നുമുള്ള ജയവും സ്വാതന്ത്ര്യവും നമുക്കു ലഭിച്ചിരിക്കുന്നു. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ!

പുനരുത്ഥാനത്തെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശ കർത്താവു നമ്മെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ ഉൽസുകരാകുവാൻ നമ്മെ പ്രേരിപ്പിക്കണം. നാം പരീക്ഷകളിൽ വീഴാതെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി കർത്താവു നൽകിയ വേലയിൽ വർദ്ധിച്ചുവരണം. കർത്താവിനോടുള്ള സ്നേഹവും ഭക്തിയും അവനായി അത്യദ്ധ്വാനം ചെയ്യുവാൻ നമ്മെ നിർബന്ധിക്കണം. പുനരുത്ഥാനത്തെക്കുറിച്ചു നമുക്കു പ്രത്യാശയില്ലെങ്കിൽ നമ്മുടെ പ്രയത്നം വ്യർത്ഥമാകുന്നു. അവനിൽ പ്രത്യാശയുള്ളവർ കർത്തൃവേലയിൽ ശുഷ്കാന്തിയുള്ളവർ ആകുവാൻ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു.

### അദ്ധ്യായം 16

## ധർമ്മശേഖരത്തെക്കുറിച്ചുള്ള ഉപദേശം

പൗലൊസ് ഉപദേശത്തിനും പ്രായോഗിക ജീവിതത്തിനും തുല്യപ്രാധാന്യം നൽകിയിരുന്നു. ദൈവജനത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചു താൻ ബോധവാനും അവർക്ക് ഉതവി ചെയ്യുവാൻ മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നവനും ആയിരുന്നു. വിശുദ്ധന്മാർ സഹപൗരന്മാരാണ്. യെരൂശലേമിലെ സഭ ദാരിദ്ര്യം ഉള്ള സഭയായിരുന്നു. അവർ എല്ലാം പൊതുവക എന്ന് എണ്ണി യിരുന്നു. ക്രിസ്ത്യാനികൾ ആയതുകൊണ്ടു തങ്ങൾക്ക് അർഹമായ സ്വത്ത് ലഭിക്കാതെ വന്നു. അവർ സമ്പത്തിന്റെ അപഹാരം സന്തോഷത്തോടുകൂടെ സഹിച്ചു. കൂടാതെ കുടുംബത്തിൽനിന്നും പള്ളികളിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു. അവരെക്കുറിച്ചുള്ള ഭാരം അപ്പൊസ്തലനുണ്ടായിരുന്നു (ഗലാ. 2:10). യെരൂശലേമിൽ ക്ഷാമം ഉണ്ടാകുവാൻ പോകുന്നു എന്നുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അന്ത്യോക്യ സഭ അവരെ സഹായിച്ചിരുന്നു (പ്രവൃ. 11:29,30). ഇവിടെ അപ്പൊസ്തലൻ കൊരിന്തു സഭയോടു യെരൂശലേമിലുള്ള വിശുദ്ധന്മാരെ സഹായിക്കുവാൻ ആവശ്യപ്പെടുന്നു. ബുദ്ധിമുട്ടുള്ള സഹവിശ്വാസികളെ സഹായിക്കുന്നതു നമ്മുടെ ഉത്തരവാദിത്വം ആകുന്നു.

എങ്ങനെ ധർമ്മശേഖരം നടത്തണം എന്നും ചൂണ്ടിക്കാണിക്കുന്നു. ആരാധനയ്ക്കു കൂടിവരുമ്പോൾ അതു ചെയ്യണം, കഴിവനുസരിച്ചു നൽ കണം, സ്വമേധയാ നൽകണം, സന്തോഷത്തോടുകൂടെ നൽകണം, ദൈവം അനുഗ്രഹിച്ചതിനനുസരണമായി നൽകണം, ധാരാളമായി നൽകണം, ക്രമമായി നൽകണം (2 കൊരി. 9:6-13). ധർമ്മശേഖരം വിശ്വസ്തതയോടെ കൈകാര്യം ചെയ്യണം.

പൗലൊസു കൊരിന്ത്യരെ സന്ദർശിക്കുവാൻ ആഗ്രഹിച്ചു. എഫെസൊസിൽനിന്നും കൊരിന്തിലേക്കും അവി

ടെനിന്നും യെരൂശലേമിലേക്കും പോകുവാൻ നിശ്ചയിച്ചു. കൊരിന്ത്യർ തന്നെ അനുഗ്രഹത്തോടെ യാത്ര അയയ്ക്കും എന്നു പ്രതീക്ഷിച്ചു. എല്ലാം ദൈവഹിതപ്രകാരം നടക്കണം. എഫെസൊസിൽ തനിക്കു ശുശ്രൂഷയ്ക്കുള്ള വാതിൽ തുറക്കപ്പെട്ടിരുന്നു. പല എതിർപ്പുകളും താൻ നേരിടേണ്ടിവന്നു. ഫലകരമായ ശുശ്രൂഷയ്ക്കു കർത്താവ് അവസരങ്ങൾ നൽകണം. മനുഷ്യന്റെ പരിശ്രമങ്ങൾ ഫലശൂന്യമാണ്.

### കർത്തൃദാസന്മാരോടുണ്ടായിരിക്കേണ്ട മനോഭാവം

തിമൊഥെയൊസ് പൗലൊസിനാൽ ശിക്ഷണം പ്രാപിച്ചവനും സഹപ്രവർത്തകനുമായിരുന്നു. അവൻ കൊരിന്തിൽ എത്രയും വേഗം എത്തിച്ചേരും എന്നു പ്രതീക്ഷിക്കുന്നു. അവൻ കർത്താവിന്റെ വേല ഭയം കൂടാതെ ചെയ്യുവാൻ അനുവദിക്കണം എന്നു കൊരിന്ത്യരോട് അഭ്യർത്ഥിക്കുന്നു. തിമൊഥെയൊസ് ചെറുപ്പമാണ്, ഭീരുവാണ്, അനാരോഗ്യവാനാണ്. ഇതൊ ന്നും അവനെ ബഹുമാനിക്കാതിരിക്കുവാൻ കാരണമാകരുത്. കർത്തൃദാസന്മാർക്കു നമ്മുടെ പ്രോത്സാഹനം ആവശ്യമുണ്ട്. അപ്പൊസ്തലൻ തിമൊഥെയൊസിനെ പ്രതീക്ഷിക്കുന്നതിനാൽ അവനെ സമാധാനത്തോടെ അയക്കുവാൻ ആവശ്യപ്പെടുന്നു.

അപ്പൊല്ലോസിനോടു കൊരിന്തിൽ പോകുവാൻ പൗലൊസ് ആവശ്യപ്പെട്ടു. എന്നാൽ ഉടനെ കൊരിന്തു സന്ദർശിക്കുവാൻ തനിക്കു താല്പര്യമില്ലായിരുന്നു. അവർ തമ്മിൽ സാഹോദര്യബന്ധം പുലർത്തിയിരുന്നു.

13, 14 വാക്യങ്ങളിൽ പൗലൊസു ദൈവജനത്തിന് അഞ്ചു നിർദ്ദേശങ്ങൾ നൽകുന്നു. ഒരു സൈന്യാധിപൻ കല്പന നൽകുന്നതിനു തുല്യമാണ് ഇത്. കൊരിന്തിലെ ആത്മിക ശൈശവാവസ്ഥയും ക്രമക്കേടുകളും ജഡികത്വവും വിട്ട് പക്വത പ്രാപിക്കുവാൻ ഈ പ്രബോധനം ആവശ്യമായിരുന്നു.

1. **ഉണർന്നിരിപ്പിൻ:** കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു.
2. **വിശ്വാസത്തിൽ നിലനില്പിൻ:** വചനത്തിൽ ഉറച്ചുനിൽക്കുവിൻ.
3. **പുരുഷത്വം കാണിപ്പിൻ:** ധൈര്യത്തോടെ മുന്നേറുക. ആത്മിക വളർച്ച പ്രാപിക്കുക. കർത്താവിനെ സേവിക്കുക.
4. **ശക്തിപ്പെടുവിൻ:** കർത്താവിൽ ബലപ്പെടുവിൻ. സ്വന്തശക്തിയിൽ ആശ്രയിക്കരുത്.
5. **സ്നേഹത്തിൽ എല്ലാം ചെയ്യുവിൻ:** സ്നേഹത്താൽ ഭരിക്കപ്പെട്ടവരായി എല്ലാം ചെയ്യുക.

സ്തെഫനാസിന്റെ ഭവനം കൊരിന്തിലെ വേലയ്ക്ക് ആസ്ഥാനമായിരുന്നു. അവർ വിശുദ്ധന്മാരെ ശുശ്രൂഷിച്ചു. അവനെ അംഗീകരിക്കയും അനുസരിക്കയും ചെയ്യണം. ഫൊർത്തുനാതൊസും അഖായിക്കൊസും സ്തെഫനാസിനോടു ചേർന്നു തങ്ങളുടെ കൂട്ടായ്മയാലും ശുശ്രൂഷയാലും പൗലൊസിനും കൊരിന്തു സഭയ്ക്കും ആശ്വാസവും അനുഗ്രഹവുമായിരുന്നു. അങ്ങനെയുള്ളവരെ ബഹുമാനിക്കണം. പൗലൊസിന്റെ ഈ പ്രബോധനങ്ങൾ നമുക്കും ആവശ്യമുള്ള ദിവ്യ ആലോചനകളാണ്.

### ഉപസംഹാരം (16:19-24)

ആസ്യയിലെ സഭകൾ കൊരിന്ത്യരെ വന്ദനം ചൊല്ലുന്നു. പൗലൊസിന് ആസ്യയിലെ മറ്റു സഭകളുമായി ബന്ധമുണ്ടായിരുന്നു. അക്വിലാസും പ്രിസ്ക്കില്ലയും പൗലൊസിനെ കൊരിന്തിൽ വച്ചാണ് ആദ്യം കണ്ടുമുട്ടിയത്. പിന്നെ അവർ എഫെസൊസിലേക്കു പോയി. അവരുടെ ഭവനത്തിൽ ഒരു സഭയുണ്ടായിരുന്നു. അവർ പോയ സ്ഥലങ്ങളിൽ എല്ലാം അവർ ദൈവജനത്തിന് അനുഗ്രഹമായിരുന്നു. എത്ര അനുകരണീയമായ സ്വഭാവം! അവരും സകല സഹോദരന്മാരും വന്ദനം ചൊല്ലുന്നു.

വിശുദ്ധ ചുംബനം ക്രിസ്തീയ സാഹോദര്യത്തിന്റെ ചിഹ്നം ആകുന്നു. അന്നു പുരുഷന്മാർ പുരുഷന്മാരെയും സ്ത്രീകൾ സ്ത്രീകളെയും ചുംബിച്ചിരുന്നു. പിൽക്കാലത്ത് ആ സമ്പ്രദായം അപ്രത്യക്ഷമായി.

പൗലൊസ് ഈ ലേഖനത്തിലെ അവസാന വരികൾ സ്വന്ത കൈ കൊണ്ട് എഴുതി വന്ദനം അറിയിക്കുന്നു. ക്രിസ്തുവിനെ സ്നേഹിക്കാത്തവരും ഭക്തി കാണിക്കാത്തവരും ശാപഗ്രസ്തരാണ്. കർത്താവു വേഗം വരുന്നു – "മാറാനാഥ". അരാമ്യഭാഷയിലുള്ള പദമാണ് ഇത്. ക്രിസ്തുവിനെ സ്നേഹിക്കുന്നവർ അവന്റെ വരവിനെ പ്രതീക്ഷിക്കുന്നു. കൊരിന്ത്യരുടെ ആത്മിക പിതാവായ പൗലൊസ് അവരോടുള്ള തന്റെ അകമഴിഞ്ഞ സ്നേഹം അറിയിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിച്ചിരിക്കുന്നു.

***